# ചിതൽ വരും കാലം

ദേശമംഗലം രാമകൃഷ്ണൻ



# ചിതൽവരുംകാലം

ദേശമംഗലം രാമകൃഷ്ണൻ

## കവിതകൾ

ഇത് ദുർഗ്ഗാസ്തുതിയല്ല
ഒന്നിച്ചു സഞ്ചരിച്ചവർ
എൻ നദി മറഞ്ഞുപോയ്
ഒരു റിപ്പബ്ലിക്കിന്റെ ഓർമ്മയ്ക്ക്
1. അവസാനത്തെ പുതപ്പ്
2. ജാലകം
3. ഇന്നെന്താണു പ്രാർത്ഥന
ചിതൽവരും കാലം
ഒരു കൂടിക്കാഴ്ച
ഭൂമികുലുക്കം
ചായക്കടക്കാരന്റെ കാലങ്ങൾ
കലി > കവിത
മണങ്ങൾ
അന്നത്തെ ഇടവഴി
അറബിയുടെ ആടുകൾ
തുക്കാറാമിന്റെ കവിത
ഒരു മരം കാവല്ല
ഗുഹ
വേനൽക്കൊറ്റികൾ
നിശാനിയമം
ഇന്നലെ വന്നവർ
എന്റെ മണ്ണ്
ആരോഹണം
കാണാത്ത വഴികൾ
തഴമ്പ്
കവിയുണര് പൂവുണര്
ഉള്ളി
അവന്റെ വിചാരങ്ങൾ
കുറിപ്പുകൾ
മറുപുറം
പരാധീനം

അഞ്ച്ഹരി
കാഴ്ച
ദൈവം ചോദിച്ചു
നാരകക്കായ്കൾ
ഞാറ്റടി
പാതകൾ
ഓം
മഴയുടെ കുട്ടികൾ
ആരുടെ തീ
അഭയമല്ല
*പഠനം*
അകത്തേക്കു നീളുന്ന വീട്: ആസാദ്
*അഭിമുഖം*
കവിത തലതിരിഞ്ഞ സ്വപ്നം: ഷാജൻ സ്കറിയ

# ഇത് ദുർഗ്ഗാസ്തുതിയല്ല

അമ്പലം മറന്നല്ല ദുർഗ്ഗയെ വെടിഞ്ഞല്ല
അമ്പലനടയ്ക്കലൂടിന്നു ഞാൻ നടക്കുന്നു
അമ്പലത്തൊടിയിൽ ഞാനൊളിച്ചു കളിച്ചനാൾ
പൊന്തയിൽ പൂ തേടുന്ന ദുർഗ്ഗതന്നെനിക്കുമ്മ
ഒറ്റയ്ക്കു നടക്കുമ്പോൾ പാതിരയുറക്കത്തിൽ
തെറ്റിവീഴുമ്പോൾ വന്നു കൈതന്നാളെനിക്കമ്മ
നാലഞ്ചു കവിതയും മൗനവും രോഷം കൊണ്ടും
നീയെന്തുനേടും കുഞ്ഞേയെന്നമ്മ ചോദിക്കുന്നു
ഞാനതിൽ തൃപ്തൻ നിന്റെ മുദ്രയാണല്ലോ, കയ്പൻ-
നാളുകൾ മോന്തിത്തീർക്കാൻ കരുത്തുതരുന്നമ്മേ.

നിനക്കു നൈവേദ്യമോ പൂജയ്ക്കു മലർകളോ
തരുവാനിവിടെ ഞാൻ വന്നിട്ടില്ലിന്നോളവും
എന്തൊരു തിരക്കാണ്, പ്രാർത്ഥന വഴിപാട്
ചെണ്ടകൊട്ടലുമാർപ്പുവിളിയുമുരുൾച്ചയും
ഉച്ചഭാഷിണിതല്ലിപ്പെരുക്കും മുഖസ്തുതി,
ഇച്ഛകൾ നിറവേറ്റും നേതൃദുർഗ്ഗങ്ങൾ ദുർഗ്ഗേ.

വൃക്ഷമായിരുന്നു നിൻകൂടതു മുറിക്കുമ്പോൾ
പക്ഷികളോടൊത്തു നീ കരഞ്ഞതോർക്കുന്നു ഞാൻ
അദ്രിയാമച്ഛന്റെ മേൽ വെൺമഴു പതിച്ചപ്പോൾ
അഗ്നിയായലറി നീ നിന്നൊരാനില്പോർക്കുന്നു
നദിയാമമ്മയ്ക്കുമേൽ ചോരയും കാലിത്തോലും
കുമിയെ, ശ്വാസം മുട്ടി നീ നിന്ന നില്പോർക്കുന്നേൻ.
നിൻകുടിയൊഴിപ്പിച്ചുവെങ്കിലും  വിശ്വത്തിൻ
കൻമതിൽക്കെട്ടിന്നുള്ളിൽ ഞങ്ങൾക്കു വിധേയ, നീ
ഭ്രഷ്ട, നീ-പ്രതിഷ്ഠയാൽ തീരുമോ പ്രതികാരം
പൊട്ടണമുള്ളിൽക്കൊണ്ട തീക്കരു എന്നെങ്കിലും
ഇഷ്ടരെന്നല്ലോ ചുറ്റുമുള്ളോരെ നിനച്ചു നീ
കഷ്ടമാണതിനാൽ നിൻ വരുന്ന നാളോരോന്നും.
ഇസ്തിരിമിനുസത്തിൽ തട്ടകമോഹങ്ങളിൽ
ഇത്തിരി നിന്നെസ്തുതിച്ചലഞ്ഞതിവർതന്നെ

മറച്ചുനിൽക്കുന്നൂ നിൻ മുഖശ്രീയിവരെല്ലാം
നിറഞ്ഞ കണ്ണേ കാണൂ നിന്ദിതസന്താപങ്ങൾ.

ദുർഗ്ഗങ്ങൾ തകർക്കുവാൻ ദുർഗ്ഗേ നിൻ സങ്കല്പത്തെ
തൊട്ടിലാട്ടിയ കണ്ണീർക്കൈയുകളിവരല്ല
നോക്കുക താഴത്തേയ്ക്കാ പാതാളഗർത്തത്തോളം
നീക്കുപോക്കില്ലാത്തൊരാ വിശ്വാസദീനൻമാരെ
ഭുജിച്ചതിഷ്ടംപോലെയവർതൻ മാംസം ദുർഗ്ഗേ
കുടിച്ചിതിഷ്ടംപോലെയവർതൻ രക്തം ദുർഗ്ഗേ
തെച്ചിമാലകൾനിനക്കവർതൻ രസനകൾ
ഉച്ചിയിൽ നിനക്കർക്കനവർതന്നിച്ഛാശക്തി.

അമ്പലത്തൊടിയിലെ
പൊന്തയിൽ പൂപോലൊരു
നൊമ്പരം തുടിക്കുന്നൂ:

ഒരിക്കൽ നിന്നിൽ നിന്നുമകറ്റിയെന്നെ, കന-
ലണയാച്ചാരത്തിലൂടങ്ങനെ നടക്കയാൽ
നിന്റെ നാൾവഴിത്താളിലെന്റെ പേർ ചേർക്കില്ലെന്ന
സങ്കടമിടിവാളുപോലെയെൻ നെഞ്ചേൽക്കുന്നൂ
ഒറ്റയ്ക്കു കിനാവുമായ് കത്തുന്ന ചോദ്യങ്ങളായ്
എന്നെ ഞാൻ മുറിച്ചിടുന്നമ്മേ നിൻ വഴികളിൽ
ഒപ്പമായ് നടപ്പോരെ മറയ്ക്കാനാണിസ്സൂര്യ-
നെങ്കിലെൻ മിഴികുത്തിപ്പൊട്ടിക്കു മഹാചണ്ഡീ!
നാലഞ്ചുകവിതയും മൗനവും രോഷം കൊണ്ടും
ഞാനന്ധനായിത്തന്നെ തുലഞ്ഞാൽ തുലഞ്ഞോട്ടെ.

## ഒന്നിച്ചു സഞ്ചരിച്ചവർ

ചങ്ങാതീ നമ്മളൊരേ തീയിൽനിന്ന്
ഒരേ തീയതിയിൽ
ഒരേ നൗകയിൽ
ഒരേ വേഗത്തിൽ
സഞ്ചരിച്ചവർ
പക്ഷേ
എനിക്ക് അത്ഭുതപ്പെടാനുമാകാത്ത വിധത്തിൽ
ഇത്ര പെട്ടെന്ന് നീയെങ്ങനെ അക്കരെയെത്തി?

വിചാരത്തിന്റെ ചിറകിലാണ്
നീ ഇത്രയും വേഗം എത്തിയതെങ്കിൽ
നിന്റെ ഉടലും അക്കരെയെങ്ങനെ എത്തി?
നടുക്കടലിൽ ആടിയുലയുമ്പോൾ
എന്നെ തനിച്ചാക്കി നീയെങ്ങനെ പോയി
കടലിലൂടെ ഇറങ്ങി നടന്നുവോ
കാൽപെരുമാറ്റമേ കേട്ടില്ല
നീന്തിപ്പോയോ
തുടി കേട്ടില്ലല്ലോ
പറന്നുപോയോ
ചിറകടിയും കേട്ടില്ല

കീർത്തിമുദ്രയുള്ള നിന്റെ ഉയിരടൽ
എങ്ങനെയിത്ര ഭീരുവായി
എന്തിന് നിന്റെ നിഴൽമാത്രം
എനിക്കഭിമുഖമായി നീയിരുത്തിപ്പോയി?
കാവലായിരുന്നു സ്നേഹം
ഇറങ്ങിപ്പോയപ്പോൾ
നിന്റെ നിഴൽ എനിക്കിന്നു ഭീതിയായി
കീർത്തിമുദ്ര തേടാതെത്തന്നെ ഞാനും
എങ്ങനെയിത്ര ഭീരുവായി?

എന്റെ ഉയിർ വേണം, നിന്റെ ഓർമ്മയ്ക്ക്
എന്റെ ജഡം കടലിന്റെ വിസ്മൃതിക്ക്

## എൻ നദി മറഞ്ഞുപോയ്

കൊത്തേറ്റു മുറിഞ്ഞതാണെൻ മുഖം, മുനിഞ്ഞതെൻ
കണ്ണുകൾ, ഉടഞ്ഞതെൻ കുടങ്ങൾ - വവികാട്ടാൻ
പൊട്ടിച്ചൂട്ടുകൾ...

പട്ടുപോയ് കുരുത്തോലക്കാവുകൾ, കിളുന്താട്ടിൽ
കുട്ടികൾ നിഴലുമായ് കളിക്കും നടുരാവിൽ
ആരുടെയുടലെന്റെ വഴിയിൽ തടയുന്നൂ
ആരുടെ ജ്വരമെന്നെ പിഴിഞ്ഞു കുടിക്കുന്നൂ.

കുന്നിറങ്ങുകയായെൻ കാളവേലയും, പിന്നിൽ
വള്ളി പൊട്ടിയെൻ കൊടിക്കൂറ താഴുന്നൂ, സ്വന്തം
വീട്ടിലെ വിരുന്നു തീർന്നിറങ്ങി നടക്കുന്നൂ.
മുറിയും തായ്‌വേരിലെൻ കൊമ്പുകൾ കനക്കുന്നൂ
പിടയ്ക്കും നെഞ്ചത്തിലെൻ ചിറകു കുഴയുന്നൂ
കുന്നിറങ്ങുകയാണെൻ മുഷിഞ്ഞ കിനാവുകൾ
ഇന്നെന്നെക്കുളിപ്പിക്കാനമ്മ കാത്തിരിപ്പുണ്ടോ
കുഞ്ഞുമീനുറങ്ങുവാൻ താരാട്ടു പാടിക്കൊണ്ടെ-
ന്നമ്മയക്കടവത്തിന്നെന്നെക്കാത്തിരിപ്പുണ്ടോ.

പറയുന്നമ്മ: നോറ്റം
രാവുകൾക്കർത്ഥം നേടാൻ
മകനേ നീയാകണം.
ഊട്ടിയ നിവേദ്യത്തിൻ
ധാന്യവും നീയകണം
ദുർഗ്ഗമപഥം താണ്ടാൻ
മന്ത്രവും നീയാകണം
ആളായി നിവരുവാ-
നശ്വത്ഥം നീയാവണം.

മറക്കാതിരിക്കുകീ
നീരല നിലാക്കളും
ചെകിളപ്പൂവിൽ ചൂണ്ടൽ
വീഴുമക്കാലത്തോളം

നിറുകമുകർന്നമ്മ നേർന്നതു മറന്നൂ ഞാൻ
പല നാടുകൾ താണ്ടി പലതായ് തെറിച്ചൂ ഞാൻ
പലതായ് ചിതറിയൊരെന്നെയുമൊരുക്കൂട്ടി
ഇവിടത്തന്നെ വന്നുചേരുന്നിതൊടുവിൽ ഞാൻ
കറുത്തു കരിവാളിച്ചൊറ്റയായലഞ്ഞൂ ഞാൻ
മടമ്പിൽ കാലം ദൂരം കടിച്ചു പുളയ്ക്കുന്നൂ.
ചെമ്പൊളി നീരോളങ്ങൾ താഴ്ന്നുപോയ്, കുട്ടിക്കാല-
ത്തുമ്പികൾ പിരിഞ്ഞുപോയ്.

പറയുന്നമ്മ:
ഇന്നു നിനക്കു കുളിരല്ല
ഞാനിന്നു ജലമല്ല
ഞാൻ വെറും മണൽപ്പാത.
എനിക്കു തിന്നാൻ ചന്ത-
ക്കുപ്പകൾ, തെറിപ്പുക-
ലോറികൾ, മദിക്കുന്ന
വാറ്റുചാരായക്കുറ്റാ-
ക്കുറ്റിരുട്ടുക,ളെന്നിൽ
പൂഴ്ത്തിടും ചാപിള്ളകൾ.

ഒരു വെള്ളരിപ്പൂവൽ
പൊട്ടിച്ചു തിന്നാനിന്നു
വെറുതെ കൊതിച്ചോളൂ
വെളുത്തവാവിൽ മുങ്ങി-
ക്കിടക്കാൻ കൊതിച്ചോളൂ.
തീർന്നുപോയ് ജലഭീതി
തീർന്നുപോയ് നതോന്നത
തീരുമിത്തീരം തന്നെ.
കളിക്കാനൊരു പിടി
മണൽ നിൻ പോക്കറ്റിലി-
ട്ടിറങ്ങിപ്പൊയ്ക്കൊള്ളുക.

പറഞ്ഞു നിർത്തുന്നമ്മ, നാക്കിലോ തീയാളുന്നൂ
അരികെ ചാരം മൂടി നിൽക്കുന്നെന്നെരിക്കുകൾ.

ചെമ്പകത്തണൽ പോയി
ചെമ്പകമരത്തിലെ തത്തയും പോയി
എൻ നദി മറഞ്ഞുപോയ്
എന്നമ്മ മറഞ്ഞുപോയ്

പൊട്ടിച്ചൂട്ടുകളേ
കുരുത്തോലവെട്ടങ്ങളേ
നിഴലായ് കൂട്ടം കൂടി-
ത്തുള്ളിടും കിളുന്താട്ടിൻ
കുഞ്ഞുങ്ങളേ

'പോകുന്നേ പോകുന്നേനോ
നാടോടി പോകുന്നേ- ഇനി
ചത്തില്ല പോയില്ലെങ്കില്
വരുന്ന കൊല്ലം...'

# ഒരു റിപ്പബ്ലിക്കിന്റെ ഓർമ്മയ്ക്ക്

## 1. അവസാനത്തെ പുതപ്പ്

ഇടിവെട്ടി വിള്ളുന്ന നെഞ്ചിൽ
കരിക്കട്ട പെയ്തു കൂടുമ്പോൾ
എന്റെയീ കൊഴുമുന
ചാലുകൾ വിത്തുകൾ
എല്ലാം ഇരുണ്ടുപോകുന്നു.

പർവതങ്ങളെ
മന്ദിരങ്ങളെ ശൂന്യദൂരങ്ങളെ
സാഗരങ്ങളെ
കട്ടിയായി കറുത്തൊരു തുകൽ
ദൃഷ്ടികളെ മറച്ചു നിൽക്കുന്നു.

തൊട്ടടുത്തുള്ള
വീടുകൾക്കെന്തു പറ്റി?
ദൈവനാമത്തിൽ
പണിത ഭവനത്തിലെ
ആയിരം മുറികളിൽ
വിശ്രമിക്കുന്നവർക്കെന്തു പറ്റി?
മൂന്നു നേരം മുടങ്ങാതെ
ശബ്ദപാണിയാ-
ലെത്തിപ്പിടിച്ചുലകത്തിന്റെ
ഏതൊരു കോണിലും സൗഹൃദം
പോറ്റിയിരുന്നവർക്കെന്തുപറ്റി?
ദിവാസ്വപ്നവും നീലസംഗീതവുംകൊണ്ടു
ചാലിച്ച കണ്ണുകൾക്കെന്തുപറ്റി?
പട്ടണത്തെരുവിൽ
കൊടിക്കൂറ തുരുതുരെ
കീറിയെറിയും വിദൂഷകനിപ്പോൾ
ആടുന്ന നാടകമെന്തിനെപ്പറ്റി?
പൊട്ടിവീഴുന്നിതാ, നോക്കൂ
തൊട്ടടുത്തുള്ള മച്ചുകളെല്ലാം

സഹോദരശാപങ്ങൾ തുപ്പുന്ന
തീയിൽ ദഹിച്ചു പോകുന്നിതാ
അകലത്തെ ഹർമ്യങ്ങൾ
ധർമ്മഫലകങ്ങൾ
ചത്വരത്തിലെ വെള്ളപ്പിറാവുകൾ.
ചുരുങ്ങിയത്
നാമെന്തു ചെയ്യണം-
സംശയാലുക്കളെങ്കിലുമാകേണ്ടതില്ലയോ?

എന്റെ വൃക്ഷങ്ങൾ കട പുഴങ്ങുമോ?
എന്റെ ഗൃഹങ്ങൾ കരിഞ്ഞു തീരുമോ?
എനിക്കു വേണ്ടാ ചാമ്പലും കാവിയും
എനിക്കു വേണ്ടാ കഴുകന്റെ
ചിറകിൻകീഴി-
ലിരുന്നുള്ള പാട്ടുകൾ.

കുരിശിൽനിന്നിറങ്ങി-
ക്കിടത്താത്ത മക്കളിൽനിന്ന്,
ഒരു തുള്ളി രക്തം പൊടിയുന്ന മഞ്ഞി-
ലുറയുന്ന ചിറകുകളിൽനിന്ന്
ഉച്ചം മുഴങ്ങുവാനിച്ഛിച്ച വാക്കുകൾ
പറ്റെ തിരസ്കൃതമാകിയ
വാക്കുക, ളെന്തിനെപ്പറ്റി?

ആയതിന്നർത്ഥങ്ങൾ
തേടുന്നതാരേ,
അവസാനനാളിൻ
പുതപ്പു തേടാത്തവർ-
ശേഷക്രിയയുടെ
തീരത്തു സ്വന്തം
സ്മാരകം തീർത്തു
സുഷുപ്തി കൊള്ളാത്തവർ.

**2. ജാലതം**

യാത്രികാ നോക്കൂ: വിട്ടു-
പോയൊരു കിനാവിന്റെ ജാലകം...
ഏതോ നൂൽകളിൽ കെട്ടി-
യാടുന്ന പുരാവൃത്തം.....

അന്നീ ജാലകം
എനിക്കൊരു സാന്ത്വനം.
ഇതിൽ
ഭൂലോകത്തിൻ നർത്തനം
ഇന്ദ്രകാർമ്മുകത്തുമ്പ-
ത്തൂഞ്ഞാൽപ്പാട്ടുകൾ.
എന്റെ യൗവനം പഴ-
മ്പായയിലെഴുന്നേൽക്കെ
കണിയായ്
ദൂരത്തൊരു-
ദ്ദീപ്തമാം സ്തൂപം.
സ്തൂപത്തിന്നറ്റത്തൊരു
ഹരിതമുടി ചൂടി
വാർകൂന്തലഴിച്ചിട്ട മായാകന്യക...
-മോഹജാലകം
മഹാ ചക്രവാളം.

അറിഞ്ഞേനിതിലൂടെ
പാറിയെത്തിയോരാദ്യ-
ക്കിളിപ്പാട്ടുകൾ
ആദ്യപുഷ്പങ്ങൾ
ആദിത്യഹൃദയത്തിൻ
ശാന്തഗൗരവം
ഘോരതാരുണ്യപിപാസകൾ.

## II

ഈ ജാലകം
എനിക്കിന്നു വേർ-
പിരിയും കിനാവിന്റെ

അടയുന്ന നേത്രമാകുന്നു.

ഒടുവിലാരാച്ചാരായെത്തിയ പുലർച്ചയെ
സ്തുതിച്ചു പുരാണങ്ങൾ വായിക്കാനുണരുമ്പോൾ
നുരച്ചു പതയുന്ന നാവുമായൊരു തുള്ളി
കുടിക്കാനരുതാത്ത ദാഹമായ് ലോകം നിൽക്കെ
ചങ്ങല മുറുകിയ കാൽകളിൽ കെട്ടിപ്പിടി-
ച്ചുമ്മവെയ്ക്കുന്നൂ നിലാവമ്മയായ്, തണുക്കാത്ത
വയറിൽ സിരകളിൽ ദുരിതകാലത്തിന്റെ
ചുഴലിലയ്ക്കുന്നൂ...

യാത്രികാ നോക്കൂ
 വിട്ടുപോയൊരു കിനാവിന്റെ
 ജാലകം:
ഉതിരും കരിയില കുന്നുകൂടുമീ ജന-
ലരികിൽ മുഖം ചേർത്തു നിൽക്കെ,
ഈറനായ് ജീർണ്ണിച്ചൊരെൻ ജീവനെ പഴമ്പായിൽ
ഞാനെഴുന്നേൽപിച്ചു നോക്കെ,
ഇരുളുന്നു ഗർത്തങ്ങൾ.... കുന്നിന്റെ നെറുകയിൽ
ഒരു പൊട്ടിച്ചൂട്ടിൻ വെളിച്ചമല്ലേ?

## III

ഇന്നിജ്ജാലകത്തിനു മുമ്പിലൂടവസാന-
മിത്രവുമൊലിച്ചുപോകുന്നു.
ഊഷ്മളവാഗ്ദാനങ്ങൾ
ഹസ്തദാനങ്ങൾ, ബഹി-
രാകാശപ്രണയങ്ങ-
ളൊക്കെയുമൊലിച്ചുപോകുന്നു.

ഒരു പമ്പരം
കൂർത്ത കടകോൽ-
മുനയാഴ്ത്തിയെൻ കണ്ണിൽ
ദ്രുതമായ് തിരിയുന്നൂ...
ഏതോ കൈച്ചരടുകൾ

തടുത്തു നനയുന്നൂ;
മഥനം തീർന്നു
സ്വപ്നഹൃദയം പിഴിഞ്ഞതിൻ
ചാറു മോന്തിടുന്നോരേ,
മധുരസ്മൃതിയിനി
വല്ലതും ശേഷിക്കുമോ?
മറഞ്ഞൂ
കൺമുമ്പിൽനിന്നൊരു ധീരസാന്ത്വനം.
മിടിപ്പു താഴുമെൻ മയക്കത്തിൽ
നാഴിക ദൂരത്തായി വിടർന്നു തടുത്തൊരു
സുമനസ്സുകൾ പോയ്മറയുന്നു.
കൺനിറച്ചതിമൂകം
രക്തം വാർന്ന കാലുമായ്
ശിരസ്സിൽ കൈയും കൂപ്പി
പ്രിയദൈവങ്ങൾ വന്നു, പോയ്മറയുന്നു.

വചനം ഛേദിച്ചവർ
ഷണ്ഡനർത്തകർ, ദുര
വഴിയുമാമീൻമാരും
സ്വസ്തിയായിരിക്കട്ടെ.

നിറഞ്ഞൂ
വെട്ടുകിളിക്കൂട്ടങ്ങൾ പാടങ്ങളിൽ,
ഹരിതകിരീടങ്ങളറ്റുപോയ്,
വേരറ്റ തടികളിൽ കൂട്ടമേളമായ് മര-
ങ്കൊത്തികൾ....

ജാലകക്കാഴ്ചയ്ക്കുള്ളിൽ
കബന്ധഗോത്രം മാത്രം-
ആരമ്മേയവർക്കച്ഛൻ?

അടയ്ക്കൂ ജാലകം:
പിന്നിൽ കലികൊള്ളുന്നെന്നമ്മ-
കടിഞ്ഞൂലുണ്ണികൾ
അത്യാചാരങ്ങൾ കണ്ടും കേട്ടും

പകയ്ക്കാതിരിക്കുവാൻ
വെടിയൂ ദുർഭൂതകാലങ്ങളെ.

# ഇന്നെന്താണു പ്രാർത്ഥന

(മിഖയ്‌ലോവ്സ്കായ എലീനയ്ക്ക്)

ഇതു നിന്നെക്കുറിച്ചെന്റെ പാഴ്ച്ചൊല്ലുമാത്രം
ഇരയെപ്പുണരുന്നൊരനുകമ്പമാത്രം
വിളറിയൊരിലപോൽ കുറച്ചുനാൾ
കരയിൽ പിടയ്ക്കുന്ന മീനായ് ചിലപ്പോൾ
ചുടു മഞ്ഞുതുള്ളിയായ് പുലരിയിൽ
പിളരുന്ന ചിപ്പിയായന്തിയിൽ
ഇവിടെ നീയുണ്ടായിരുന്നു.
ഇമയറ്റ മിഴികലിൽ നിറയുന്നു ധൂളി, നിൻ
പിറകേ ഇരുട്ടേറ്റി ഞാനും നടന്നൂ.

ഇപ്പൊഴും നീയെന്റെ മുമ്പിലുണ്ടല്ലോ
എപ്പൊഴാണെന്നെപ്പിരിയുവാൻ വന്നു നീ
'അമ്മാ' തൊ'*ട്ടാഴക്കട'ലോളമെത്തി
അന്നത്തെയോർത്തു കഴിഞ്ഞു പിരിഞ്ഞു നീ
പിന്നെ വിദൂരത്തെ മക്കളെ വീടിനെ
മുറ്റത്തു മുല്ല പടരും മരത്തിനെ
കൂട്ടിലേയ്ക്കമ്പു തൊടുക്കും നിഷാദരെ-
യോർത്തു നീ കെന്തിക്കരഞ്ഞൂ.
പിന്നെയിടയ്ക്കിടെ വന്നൂ, പറന്നുപോയ്
ചുണ്ടുകൾ പൂട്ടി വരണ്ട
ചിരിയുമായ്
കൊത്തുവാനില്ലൊരു ധാന്യമണിയുമെൻ
മുറ്റത്തിരുന്നു വെറുതെ വിളിച്ചു ഞാൻ.
എത്ര ദൂരം നമുക്കെത്ര ഭേദങ്ങളാ-
ണൊറ്റക്കൊടിത്തുണിക്കീറിൽ പിറക്കിലും
നിന്റെ കടലെങ്ങു നിന്റെ പുഴയെങ്ങു
നിന്റെ ഹിമസ്വപ്നമന്ദാരഭൂമികൾ.
നിന്റെ മറുകു കഴുത്തിലെന്നല്ലാതെ
ഒന്നുമെനിക്കറിയില്ല.

എങ്കിലും നിന്നെ വെറുക്കുന്നു നീയെന്നു

ചൊല്ലുവാൻ മാത്രമോ
ചെല്ലുന്നിടത്തൊക്കെ വെപ്പാട്ടിയാകണ
മെന്നു കരുണമായ് ചൊല്ലുവാൻ മാത്രമോ
എല്ലാ വിശപ്പിനും മീതേ പറക്കുന്ന
ചെമ്പരുന്താണു നീയെന്നോതുവാനോ
എങ്കിലുമിന്നേവരെ തന്റെ നാടിന്റെ
പൊൻചരടല്ല നീയെന്നോതുവാനോ
എന്തിനായിത്ര കൊടും തണുപ്പേറ്റിയി-
ച്ചെന്തീ മെതിച്ചെന്റെ മുമ്പിലണഞ്ഞു നീ
എത്രനാളെത്രനാളീ ധർമ്മസങ്കട-
ഗർത്തത്തിലൂടെയലഞ്ഞുനടക്കണം
നിന്നെക്കയറ്റുവാനാവില്ലെനിക്കെന്റെ
തുള്ളിവെളിച്ചവും വീണുടയുന്നിതാ.

ഞാൻ നടക്കുന്നൂ ചിലപ്പോൾ ചിലരോടു
ബോധരഹിതമായോരോന്നു ചൊല്ലിയും
ഓരോ കരടും കനലും മണികളും
കാലാൽ തെറിപ്പിച്ചു നീണ്ടൊരിപ്പാതയിൽ.
ഇന്നലെ കാറ്റുകൾ തല്ലിത്തകർത്തതാ-
ണെന്റെ മരങ്ങളെ പൂക്കളെ കിളികളെ
എത്ര സൂക്ഷിച്ചു നടക്കിലുമെന്റെ കാൽ-
ച്ചോട്ടിൽ പിടയ്ക്കയാണിത്തിരിപ്പാറ്റകൾ.
അന്യഗ്രഹങ്ങളിലെത്രയലഞ്ഞൂ ഞാൻ
ഒന്നെന്റെ വീട്ടുമുറ്റത്തു കാൽ കുത്തുവാൻ
എത്ര നാളായിത്തുറന്നു കിടക്കുന്നു
എങ്ങതിൻ താക്കോൽ തുരുമ്പു തിന്നുന്നുവോ.

ഞാനന്നടയ്ക്കാൻ മറന്നതാകാം കിളി-
വാതിലും, വാതിലും പുസ്തകക്കൂടുകൾ
യാത്രയാകുമ്പോൾ പിറകേ നിനവിന്റെ
ചൂട്ടുമെരിച്ചു പോകുന്നതുമല്ലയോ.
വന്നിരിക്കി, ല്ലെൻ പഴയ ചങ്ങാതിമാർ
ഇന്നവർക്കേറെ പ്രിയം മറ്റു വീടുകൾ.
ആകെയടച്ചു ഞാൻ വെച്ചുള്ളതു നിന്റെ-

യോർമ്മകൾ, ചതുരക്കളങ്ങളിൽ നീ കുറി-
ച്ചെന്നെയേല്പിച്ചൊരക്കൊച്ചു കവിതകൾ,
നിൻ നാട്ടിലേയ്ക്കുള്ള മേൽവിലാസം കുറി-
'ച്ചെന്റെ പ്രിയപ്പെട്ട തോൽവി'ക്കു പാടുവാ-
നൊന്നുമെഴുതാതെ വെച്ചൊരു കത്തുകൾ.

ചില്ലൊളിനീരു വഴിയുന്ന സംഭരണി-
യെന്നു ചങ്ങാതി വാഴ്ത്തുന്നു നിൻ കവി.
താമരയല്ലിത്തണുവിലരളികൾ
ചായും തടാകമൊന്നോർത്തു നോക്കുന്നു ഞാൻ.
എന്തിനായിത്രയകലങ്ങൾ താണ്ടിയെൻ
ചങ്കിലുടക്കിക്കിടക്കുവാൻ വന്നു നീ
ഇന്നു നിനക്കു സുഖമോ കൊതിച്ചപോൽ
വന്നെത്തിയോ, നിന്റെ പൂക്കാലമിക്കുറി?
വേലികൾ കെട്ടിത്തിരിഞ്ഞുവോ ഇത്ര നാൾ
വേലക്കളിയ്ക്കൊത്തുകൂടിയ വീടുകൾ
കണ്ണായിനിന്ന വെളിച്ചങ്ങളൊക്കെയും
തല്ലിത്തകർത്തു മദിച്ചു നിൽക്കുന്നുവോ
പിന്നെയും ഭ്രാന്താലയത്തിലേയ്ക്കെന്തിനു
ചെന്നു നീ ചുണ്ടു പിളർത്തുന്ന മൗനമായ്.
ഇന്നലെയാണു ചരിത്രം ചിറകുവെ-
ച്ചെന്റെയാകാശത്തിലൂടെ പറന്നത്
ഇന്നലെയാണു കണ്ണീരിൻ ലഹരിയിൽ
പന്ത്രണ്ടു പേരീ വഴി വെട്ടി വന്നത്
[1]എല്ലാർക്കുമപ്പവും വീടും കവിതയും
നേർന്നു മഹാബുദ്ധനീവഴി വന്നത്
ആൺമയും പെൺമയും കൂടിപ്പുലരുന്ന
കാണുവാനമ്മയിതുവഴി വന്നത്.

മേലേ സ്ഫടികമായ് താഴെ[2] ജഡമായി
നായകരെത്ര മറഞ്ഞൂ ചുരങ്ങളിൽ.
അക്കരെയാണു തൻ പച്ചയെന്നുഴറുന്ന
മക്കൾ വലിച്ചുകീറുന്നു നിൻ ജാതകം
ഇന്നലെ ചിന്തിയ ചോര പോയ് തുലയട്ടെ,

ഇന്നലെ മണ്ണിൽ തെറിച്ചൊരക്കണ്ണുകൾ
രാവണൻകോട്ടയിലാരാണിരിക്കുന്നു
രാവും പകലും നിലയ്ക്കാത്ത ഗർജ്ജനം
ഇല്ലിവിടെ വല്ലായ്മ,യെല്ലാമുദാരമാ-
ണെല്ലിൽ ഹൃദയം കൊരുത്തിട്ടു പാടുക
തീർന്നില്ല ദാഹം ബലിക്കല്ലിനിപ്പൊഴും
ആരാണിനിയും കഴുത്തു കുനിക്കുവാൻ.

ഇന്നു നിനക്കു സുഖമോ, പഴയൊര-
ക്കളി ചിരികളില്ലേ കിടാങ്ങളും വീടും.
ചെമ്പൻ ബദാമില ചുറ്റും കൊഴിഞ്ഞൊരു
പള്ളിമുറ്റത്തു നീ വന്നു നിൽക്കുന്നുവോ
**പുത്തൻ യുഗമെന്റെ മുന്നിലണലിയായ്
ഉച്ഛ്വസിക്കുന്നൂ – ഇന്നെന്താണു പ്രാർത്ഥന?

---

* മലയാളപാഠങ്ങൾ

1. 'പന്ത്രണ്ടുപേർ': അലക്സാന്ദ്രെബ്ലോക്കിന്റെ കവിത.
2. 'ലെനിന്റെ മരണം' : വ്ളഡിമിർ മയക്കോഫ്സ്കി.

** 'എന്റെ യുഗം' : ഒസിപ് മൻദേൽസ്താം.

# ചിതൽ വരും കാലം

ഉറങ്ങാതിരിക്കുന്നതെങ്ങനെ, ഞാനൊ-
ന്നുറങ്ങുമ്പൊഴേയ്ക്കും ചിതൽ വന്നു കേറി
ചിരിക്കാതിരിക്കുന്നതെങ്ങനെ, ഞാനൊ-
ന്നുറക്കെച്ചിരിച്ചാൽ ചിതൽ വന്നു കേറി-
ക്കുരയ്ക്കും കുലയ്ക്കാത്ത വില്ലിന്റെ ഞാണിൽ
കടിക്കും... എനിക്കൊന്നു കാവൽ നിൽക്കൂ.
വെറുതെ ചിരിക്കും പുരുഷനെത്തേറാതെ
വെറുതെ കരയുന്ന പെണ്ണിനെത്തേറാതെ
വിളയിലെ കിളികളെ കൂട്ടായെടുക്കാതെ
തനിവഴിയായി നടക്കാൻ തുണയ്ക്കൂ
തലയറ്റുപോകാൻ ശപിക്കാതിരിക്കൂ.

പല പരിചു പോരാടി പരവശത നേടി
ഒരു പോല കൂട്ടാൻ കിടന്നിടും മുമ്പേ
പറയുന്നു, നിന്നെയൊഴിച്ചു മറ്റാരെയും
കനവാർന്നു കണ്ടു ചിരിച്ചതല്ല, വെറുതെ
തലയറ്റുപോകാൻ ശപിക്കാതിരിക്കൂ.
ഒരു യുദ്ധമിനിയും വരുന്നതിൻ മുമ്പേ
ഒരു തവണകൂടിയുറങ്ങണമുയിരിന്റെ
അടരുകളിളകാതെ കാക്കണം, വിൽഞാണു
ചിതൽ കരളാതെ നീ കാക്കണം മായേ.
വിൽമുനയിലാണെന്നുറക്കം, കരടറ്റു
കറയറ്റു സൂചിത്തലപ്പായുണരുവാൻ
കനവുകൾ വിചാരങ്ങൾ കടലായിരമ്പുമെൻ
തല നീയൊളിപ്പിച്ചുവെയ്ക്കൂ, പ്രിയത്തിന്റെ
ചിതലുകൾ വന്നു കേറുമ്പോൾ ചതിക്കാത്ത
മിഴിയോടെ കാവലിരിക്കൂ.

ചിതലുകൾക്കാവില്ല പാവം മനുഷ്യന്റെ
തളരും ഞരമ്പിൽ കടിച്ചുവലിക്കുവാൻ
ചിതലുകൾക്കറിയാതിരിക്കുമോ പ്രണയവും
പുണരലും പൈങ്കിളിത്തൊട്ടിൽ മയക്കവും

ചിതലുകൾക്കറിയാതിരിക്കുമോ യുദ്ധ-
ക്കെടുനീരുറവുകൾ, അവസാനയാത്രകൾ.
ചിതലുകൾക്കാവില്ല പാവം മനുഷ്യന്റെ
കഥ നീണ്ടു പോം രസച്ചരടറുത്തീടുവാൻ.
കാലങ്ങൾ തച്ചുതകർക്കുന്ന മാരിയിൽ
കാവുകളൂറ്റിക്കുടിക്കുന്ന വെയ്‌ലിൽ
കാറ്റായലഞ്ഞവനച്ഛൻ പറയുന്ന
പാഴ്ക്കഥയിലഞ്ഞൂറു തോണികൾ നീങ്ങവേ.
അഞ്ഞൂറിലേതിലാണുണ്ണിക്കിടാവിന്റെ
കൊഞ്ചൽ കേൾക്കുന്നു? കഥയങ്ങനെ നീണ്ടു
പോകുന്നു, തോണി തുളയ്ക്കുവാനാകാതെ
മൂലക്കിരുന്നു പരുങ്ങുന്നു ചിതലുകൾ.
കാലം സ്ഥലം ജലം കാതിലിരമ്പുന്ന
പ്രാചീനകർമ്മസ്മൃതികൾ ചിതലുകൾ-
ക്കാവില്ല കാൽവിരലീമ്പിക്കിടക്കുന്ന
താതന്റെയാലിലത്തല്പം കരളുവാൻ.
ചിതലുകൾക്കാവുമോ  മക്കളെത്തായയെ
ഹൃദയത്തെ വേരിനെ വേർപിരിച്ചിടുവാൻ.

എങ്കിലും ചിതലിനുവേണ്ടി പിറന്നു നാം
ചിതയായി മാറുന്നതുചിതമല്ലോർക്കുക
പലകാലമെഴുതിപ്പിടിപ്പിച്ച നുണകളായ്
കനംതൂങ്ങി നിൽക്കുന്ന ഗ്രന്ഥപ്പുരകൾ
പലപാപനൂലുകൾ നെയ്തിട്ട വസനങ്ങൾ
അലകടൽ താണ്ടിവെന്നെത്തിയ കോപ്പുകൾ
പ്രണയകാലത്തിന്റെ ഭ്രാന്താലയങ്ങളിൽ
മധുവിധുപ്പൂക്കൾ കൊഴിഞ്ഞ കിടക്കകൾ
നിരപരാധൻമാരെക്കൊന്ന ചെങ്കോലുകൾ
നിറപറയായിച്ചൊരിഞ്ഞ കേദാരങ്ങൾ
ചിതലുകൾക്കിത്രയുമല്ല, പ്രപഞ്ചമേ-
ചിതലുകേറുന്ന പത്തായമാണെടോ.

ചിതലുകൾക്കറിയുമോ അവർ ചെയ്തുകൂട്ടുന്ന
ഹനനങ്ങ,ളേതോ കരത്തിന്റെ പീഡനം

ഇനിവരുവതേതോ മഹായാഗമത്രെ
അതിൽനിന്നവർക്കായ് ഹവിസ്സു നൽകാമെന്ന-
തൊരുവന്റെ പ്രീണനം, വഞ്ചിതാത്മാവുകൾ
പടികൂട്ടിയെന്റെ നേർക്കാഞ്ഞടുക്കുന്നൂ

ഒരു യുദ്ധമിനിയും വരുന്നൂ, ജയിക്കുവാ-
നൊരുവനും ശേഷിച്ചിരിക്കാത്ത ഭൂമിയിൽ
ഒരുതവണകൂടിയുറങ്ങിയുണരവേ
ചിതലുകൾ ചിത്രശലഭങ്ങളാവണേ.

## ഒരു കൂടിക്കാഴ്ച

(വൈലോപ്പിള്ളിക്ക്)

ഓലക്കിണ്ണത്തിൽ മഞ്ഞൾക്കുരുതിയിൽ
കാഴ്ചക്കാർ കണ്ണുപൊലിക്കുന്നു
കോമരത്തിൻ നിറുകയിൽനിന്നുരി-
ച്ചോരവെള്ളമൊലിച്ചിറങ്ങുന്നു

നാട്ടിലേയ്ക്കു മടങ്ങാത്ത വർഷ-
ക്കാറ്റു ചോദിച്ചലയുന്നതെന്തേ?
ആളൊഴിഞ്ഞൊരു പായകൾ നീളെ
ആന വീഴ്ത്തിയ പിണ്ടങ്ങളേറെ
ചിന്തു പാടിച്ചെരിഞ്ഞ മൂപ്പന്റെ
പന്തമാളുവാൻ ശേഷിപ്പതാരോ.

ചാഴിയൂറ്റുന്നു പാടം, വരമ്പത്തു
ചോഴികെട്ടിക്കളിക്കുന്നതാരോ
ചേട്ട തുള്ളുന്ന രാവിൽ വിലങ്ങൻ -
കോട്ടക്കുന്നിലിരിക്കുവതാരോ

എല്ലുതിർന്നു കിടക്കുമിക്കുന്നിൽ-
നിന്നു താഴത്തെക്കാഴ്ചകൾ കണ്ടോ
ഒറ്റത്തോർത്തുമുടുത്തിവിടത്തിൽ
ഒറ്റയ്ക്കിരിക്കുവതാരയ്യാ!
വേട്ടതൊക്കെയും കൊണ്ടുപോകുന്നൊരു
വേട്ടക്കാരന്റെ കൈയറുത്ത്
ഒറ്റശ്ശീലിന്റെ വീരാളിപ്പട്ടിനാൽ
കൊട്ടക കെട്ടിയിരിക്കുവതാരോ

ഒറ്റപ്പൂവിൽ നിറഞ്ഞു നിവർന്നോൻ
ഒറ്റത്താരം ശിരസ്സിലണിഞ്ഞോൻ
കെട്ട മണ്ണിനെയൂതിത്തിളക്കി
പുത്തൻ കലത്തിലരിതിളപ്പിച്ചോൻ
വിത്തുകൾ കാത്തൊരു പത്തായം, അവൻ

വിത്തായി കതിരായി കന്നിതൻ പച്ച-
ത്തത്തയായ് പാടി നടന്നാനേ.

ഇന്നും വിലങ്ങന്റെ പള്ളയിൽനിന്നൊരു
പെൺകൊടിയാമനമോർക്കുമ്പോൾ
താഴ്ത്തിക്കൊയ്യാതെ നിർത്തിയ തണ്ടിൻ
ചങ്കിൽ ചവിട്ടി നീർ ചീറ്റുമ്പോൾ
ഒരു കീറത്തുണികൊണ്ടു മൂടിയ നെഞ്ചിൽ
ചിതകൊളുത്തുന്നതേ ഈണങ്ങൾ.
നാടുകാണാൻ വരും മാവേലിയ്ക്കൊപ്പമാ
ഗായകനാരെത്തേടുന്നൂ;
അരിയില്ലാഞ്ഞാരൊക്കെച്ചത്തുപോയി
അരികളാലെത്രപേർ മൺമറഞ്ഞൂ.
കുടി മൂത്തു ചങ്കു പഴുത്തു കൊഴിഞ്ഞവർ
കുടിയില്ലാതലയുവോരെത്രയെത്ര
ശേഷിക്കുവോരുടെ കുടിലിന്റെ വാതിലിൽ
ചോരക്കൈപ്പത്തികൾ കാണുന്നു.
'നി,ന്നഭിവാദനമോർമ്മയിൽ മൂളുന്ന
ഞങ്ങൾ ശവങ്ങൾ' - ചൊല്ലുന്നിതാരോ.

കെട്ടു വീണ്ടും കുരുങ്ങുന്നു, തുള്ളി
വെട്ടമില്ല, ഇരുട്ടിൽ തങ്ങളെ-
ത്തമ്മിൽ വെട്ടുന്നൊരൊച്ച കേൾക്കുന്നു.
ഒറ്റപ്പെട്ടൊരു കുട്ടിക്കരച്ചിൽ
ഉപ്പുകാറ്റത്തു പെയ്തലിയുന്നു
ആര പെറ്റൂ, സാവിത്രയോ? നൂറ്റഞ്ചു
മക്കളും പാർക്കുന്നൊരില്ലമെങ്ങാവോ.

കുറുമാലിപ്പുഴ നിന്നു മുരളുമ്പോ, ഉന്തിയിൽ
ചെറുവാല്യക്കാരൊരേ
കൊടിയും പിടിച്ചതിൻ
കരയിലൂടുയരുന്ന മുഷ്ടിയുമായ്
കാളിച്ചിലമ്പും കിലുക്കി വരുമ്പോൾ
അവരുടെ കൂട്ടത്തിൽ

കണ്ടാനൊരുത്തനെ,
അവനെത്തിരിച്ചറിയാത്തതെന്തേ?
അവനല്ലേ കൺകെട്ടി, യകലത്തെഗ്ഗുഹയിലേ-
യ്ക്കവരെത്തളയ്ക്കുന്നൂ
മുന്നോട്ടു പായുന്നൊ-
രുണ്ണിക്കാലൊക്കെയൊടിക്കുന്നൂ.

## II

ഊമൻ മൂളിയുറുഞ്ചിയ തേങ്ങാ-
ത്തലകൾ തീരത്തുരുളുമ്പോൾ
അടക്കി വാഴ്ത്തിയൊരാറടി മണ്ണിൻ
പുറത്തിരിപ്പവനാരയ്യാ!
'നൽനടപ്പോതാനോ വീണ്ടും നീ...'
എന്നോ തൊഴിലാളർ ചോദിപ്പൂ?
*തലകൊണ്ടിടിച്ചു കയറുവോർ, നെഞ്ചത്തു
കൈവെച്ചു നോക്കി-മിടിക്കുന്നു!
തേളു കുത്തിയ ചുണ്ടിൽ പരിഭവ-
നീലം മായ്ക്കുന്ന പുഞ്ചിരി മാത്രം.

വളർനെല്ലിയായവൻ പൊങ്ങുന്നൂ, അതിൽ
ഒരു കാക്കശ്ശീലവൻ കുറുകുമ്പോൾ
ഇതുവരെയെത്താത്ത പുലരികളൊന്നായ്
ഒരു തുരുത്തിങ്കലുദിക്കുന്നൂ.

നീളെ കളകൾ പെരുകുന്നു, കൈക്കോട്ടിൻ
ജീവനായ് നിന്നവൻ നേർക്കുന്നൂ
വേർപ്പു പൊടിഞ്ഞ മുഖത്തു ചുംബിച്ചവൻ
കാപ്പു പണിയിച്ചു നിൽക്കുന്നു

ഒരു പിടി ഞാഞ്ഞൂലും ഞാറുമായ് മാമ്പൂ
ക്കുല പൊട്ടിവരും കരളുമായി
പല ചേരിക്കാരുടെ മാടിവിളിക്കലി-
ന്നിടയിലവൻ നിന്നു ചോദിപ്പൂ
പുഞ്ചനിലങ്ങളിലവനുടെ പഞ്ച-

ഭൂതങ്ങൾ വേരാഴ്ത്തിചോദിപ്പൂ:
മല തുരക്കാനിന്നാരുണ്ട്
മല തുരന്നാലതിന്നപ്പുറമിപ്പുറം
കാവലു നിൽക്കാനാരുണ്ട്
കടലു കടയുവാനാരുണ്ട്,
അമൃതെങ്കിലെങ്ങനെ പങ്കുവെയ്ക്കും
വിഷമെങ്കിലാരു കുടിച്ചു തീർക്കും?

## ഭൂമികുലുക്കം

പെട്ടെന്നൊരു ദിവസം
എന്റെ പുഴയോരം ഇളകിത്തുടങ്ങി
പരന്നൊഴുകിയിരുന്നത്
ഓരത്തേയ്ക്കു തിരിഞ്ഞു
ഇന്ന് വെറിപിടിച്ച കൂറ്റൻ കാളയായി
ഇടിച്ചുകൊണ്ടിരിക്കുന്നു.

ആദ്യം ചെറിയ കുലുക്കങ്ങൾ ഞെട്ടലുകൾ
ആരും അത്ര ഗൗനിക്കാറില്ല
കുറിയിടാൻ ചെന്നമ്മ
ഭസ്മക്കുട്ടയുമായി തെറിച്ചുവീണു
തിണ്ടിലിരുന്ന കുട്ടി മറിഞ്ഞുവീണു
കിണറ്റിലെ ഇത്തിരിവെള്ളം
ഒന്നു പൊന്തിത്താണു
വലിയൊരു മുഴക്കത്തോടെ.

കുന്നുകൾ ഇരിപ്പിടം മാറ്റിയിടുകയാണ്
തീകുണ്ഡത്തിനിടയിൽ നെഞ്ചിൻകൂട് പൊട്ടുകയാണ്
കാലടി പിടിച്ചുവലിക്കുന്ന ശബ്ദപാതാളം
കണ്ണുകളുടയ്ക്കുന്ന മിന്നൽവേഗം
എല്ലാം ദാ, എന്നു പറയുമ്പോഴേയ്ക്കും

വസുന്ധരയുടെ കോപം തറച്ചുകേറിയത്
ഇക്കുറി എന്റെ ഗ്രാമത്തിലാണ്
ഓർക്കാതിരിക്കെ
ആ തുറുകണ്ണുകളേറ്റ്
ആ മുടിക്കയർ ചുറ്റിവരിഞ്ഞ്
ഞങ്ങൾ മറിഞ്ഞുവീഴുന്നു
ആർക്കും കരച്ചിൽവേണ്ട
അവസാനത്തേയ്ക്കുള്ള നിലവിളി
അവൾതന്നെ സംഭരിച്ചുവെച്ചിട്ടുണ്ട്.

പുഴമണൽ തിന്നു വീർക്കുന്ന കോൺക്രീറ്റുമായി

ശ്വാസകോശങ്ങളിൽ കെട്ടിപ്പൊക്കിയ പുകക്കുഴലുമായി
അസുരന്മാരുടെ ഭാരവുമായി
ഉപ്പിലിട്ടുവെച്ച ഉണ്ണികളുടെ സങ്കടവുമായി
ചിലർ ഈശ്വരനെ വിളിച്ച് വിളിച്ച്-
വീടു വിട്ടിറങ്ങുന്നവർ
പാത പൊത്തിക്കിടക്കുന്നവർ
ഓരോ തകർച്ചയിലും വാക്കറ്റുനിൽക്കുന്നവർ-
ശാസ്ത്രജ്ഞന്റെ പളുങ്കുപാത്രത്തിൽ
വിപത്തിന്റെ സൂചനയ്ക്കായി
ഞങ്ങൾ ഉറ്റുനോക്കുന്നു.

എത്ര വേഗത്തിലാണ് എന്റെ ഗ്രാമം
ശൂന്യതയിലേക്ക് നടന്നടുക്കുന്നത്.
കുലുങ്ങുന്ന മണ്ണിന് ആർക്കും വിലപറയാനില്ല
കുലുങ്ങുന്ന പെണ്ണിനെ ചോദിച്ചാലും കടന്നുവരില്ല.

എങ്കിലും, കഴിഞ്ഞുപോയ പ്രകമ്പനങ്ങളെക്കാൾ
വലുതാവില്ല ഇനിയുള്ളത്
ഈ വിചാരം
മുറിവിന് പച്ചിലപോലെ
മറവിക്ക് കൈലേസ്സുപോലെ.

## ചായക്കടക്കാരന്റെ കാലങ്ങൾ

ഏതു കാലമാണ് വേണ്ടത്
ഏതു നേരത്തും ചോദിച്ചോളു
എപ്പോഴെങ്കിലും
കാലത്തിനു വെളിയിലായി എന്നു തോന്നിയാൽ
അതൊരു രോഗമായിത്തീരും മുമ്പേ
അവനെ സമീപിക്കുക.
ഒഴിവുള്ള ഏതെങ്കിലുമൊരു കാലത്തിൽ
അവൻ നിങ്ങളെ പിടിച്ചിടും.

ദാഹം തീർക്കാനാണ്
നിങ്ങൾ ഇവിടെ വരുന്നത്
തണുത്ത നെറ്റിയിലൂടെ കവിളിലൂടെ
ചുടുകോപ്പ ഓടിച്ചുകൊണ്ട്
ഏതോ ചുഴിയിൽ കണ്ണുകുത്തി
ഒറ്റയിരിപ്പ്
ഇടയ്ക്കിടെ ഒന്നു മൊത്തുക
പിന്നെ ഒഴിഞ്ഞ ഗ്ലാസിനു മുമ്പിൽ
ഈച്ചയെപ്പോലെ
കൈ കൂപ്പിയിരിക്കുക
സമയം പോകുന്നതറിയില്ല

അവൻ ചായമാത്രമല്ല പകരുന്നത്
കലം കലമാൻ
നാരായവേര് നാരദവീണ
ചതുരം വട്ടം രൂപം വിരൂപം
ആയുസ്സിന്റെ എത്രയെത്ര അളവുകൾ
കുരുങ്ങിപ്പോകും ആ മൗനശബ്ദങ്ങളിൽ
ഏതു വസ്തുവിലും
അവൻ നാഴികവിനാഴിക ആവാഹിച്ചുതരും
നിങ്ങൾ കുടിക്കുന്ന കോപ്പയിൽ
ചൂട് താണുതാണു പോകയാണ്
അവസാനത്തെ തുള്ളിയും വലിച്ചുകുടിച്ചോളൂ

നിങ്ങളുടെ നെറ്റിയിലും ഒരു കിളിയുണ്ട്
സമയാസമയം അത് കൂടു തുറന്ന്
പുറത്തു വന്ന് നിലവിളിക്കുന്നുണ്ട്
സമയക്കുറവാൽ നിങ്ങളതറിയുന്നില്ല.
പെട്ടി നിറയെ
ദേശവിദേശങ്ങളിൽനിന്ന് പാഞ്ഞുവരുന്ന
കൊലക്കത്തികൾക്കിടയിൽ
ആർക്കും സമയം കിട്ടുന്നില്ല
എന്നാൽ നോക്കൂ
വെറുമൊരു ചായക്കടക്കാരന്റെ മോഹം.
ചായ മോന്തിപ്പോരും മുമ്പേ
ഈ മോഹത്തിലും ഒന്ന് തങ്ങണം
ഏതു കാലമാണ് വേണ്ടത്
ഇന്നലെകളിൽ ഏത് ഇന്നലെ
ഇന്നുകളിൽ ഏത് ഇന്ന്
നാളെകലിൽ ഏത് നാളെ.

മുളയാണ് കാലം മുറംകുത്തിക്ക്
ഒരു വ്യാഴവട്ടം
പന്ത്രണ്ടു നാഴികപോലെ കൊഴിഞ്ഞുപോകുന്നു
മണ്ണാണ് കാലം കുശവന്
കൈയിടിയുന്നു ചക്രം നിലയ്ക്കുന്നു
ചിത്രശലഭമായിരുന്നു
കവിയുടെ കാലം
കുട്ടിയല്ലാതായപ്പോൾ
ദൈവം അവനിൽനിന്ന് മറഞ്ഞുപോയി

എന്നാൽ നോക്കൂ
വെറുമൊരു ചായക്കടക്കാരന്റെ മോഹഭംഗം
തടിച്ചൊരു ഗ്രന്ഥത്തിനുള്ളിലാണ്
ഇക്കുറി അവൻ ബാറ്ററി പിടിപ്പിച്ചത്
മൂന്നു സൂചികൾ വെച്ചു കൊടുത്തത്
ഒന്നിനും ഒരു തകരാറുമില്ലായിരുന്നു
പക്ഷേ അനക്കമില്ല

തന്റെ കാലപരീക്ഷണത്തിനിടയിൽ
ഇത്രയും നിരാശ
അവന് ഒരിക്കലും ഉണ്ടായിട്ടില്ല.

## കലി > കവിത

യഥാർത്ഥവിസ്മയം ഒരിക്കൽ മാത്രം
കവിതയുടെ പ്രചോദനം വല്ലപ്പോഴും
പിന്നെയുണ്ടാക്കിവെയ്ക്കലാണ്
കളിമണ്ണിന്റെ ഇച്ഛകളാണ്.
ഇന്നലെത്തെ സ്വപ്നത്തിന്റെ ഒരു കീറ്
ഒരു നൂലിഴ
വിരലീമ്പുന്ന പാതിമയക്കം
ഇന്നത്തേയ്ക്കും ശേഷിച്ചിട്ടുണ്ടാവാം.

യഥാർത്ഥവിജയം ഒരിക്കൽമാത്രം
അതെന്നാണ്?
പരാജിതനായ രാജാവിന്റെ മുൻപിൽ
ആ പഴയ ചിലന്തിയുണ്ടായിരുന്നു
അയാൾക്ക് മുഷിവ് തോന്നിയില്ല.

അയാൾ നേടിയ മുറിവുകളെ
അഭിവാദ്യം ചെയ്യാതിരുന്നാൽ
എത്ര മോശം.
വഴിക്കുവെച്ച് യാദൃച്ഛികമായി
അയാളെ കണ്ടു
വരണ്ട മണ്ണിലൂടെ
തൈകൾ കിളികൾ
താരാട്ടുകൾ നിറഞ്ഞ മനസ്സുമായി
അയാൾ നടന്നു
സമ്മതിദായകർ കേൾക്കാതെപോയ
ഒരു നിഷ്കളങ്കനിലവിളി അയാളിൽ കേട്ടു
ചേറിൽ പൂഴ്ന്നുപോയ
പഴയ കൃഷിക്കാരന്റെ കലപ്പ അയാളിൽ കണ്ടു
ഞാറ്റുവേലകളുടെ വിത്തുകളുടെ പാട്ട്
അയാളിലുണർന്നു
ആയിരുന്നതിൽനിന്ന് ആകേണ്ടതിലേയ്ക്ക്
ആയിരം വട്ടം അയാൾ നടന്നുകഴിഞ്ഞിരുന്നു

പലപ്പോഴും പിറകിലേയ്ക്ക്.

സ്വയം ശൂന്യമാകുന്നതിന്റെ ലഹരിയിൽ
മറ്റാരെപ്പോലെയുമല്ലാതെ അയാൾ പറഞ്ഞു:
“വിജയം എല്ലായ്പോഴുമില്ല
പരാജയപ്പെടാം വിതയ്ക്കാതിരിക്കരുത്
നിരാശപ്പെടാം പ്രണയിക്കാതിരിക്കരുത്
ആടിയുലയുന്ന കൊടുമുടിയിലേക്ക്
താഴെ വീണു ചിതറുമെന്നു കരുതിത്തന്നെ
കയറണം.
തന്നിലല്ല ധീരത, തുഞ്ചത്താണ്
അവിടെ വിറച്ചിരിക്കുന്ന മുയൽക്കുഞ്ഞാണ്-
അവനു മുരുക്കിലകളുമായി കടന്നുചെല്ലുക
പ്രാണനെ പിടിച്ചുവലിക്കുന്ന
പർവതമാണിത്
കയറാതിരിക്കാനാവില്ല.

യഥാർത്ഥകവിതയും ഒരിക്കൽ
അല്ലെങ്കിൽ മറ്റൊരിക്കൽ
കവിത ഒറ്റവഴിയല്ല ഒറ്റപ്പുറമല്ല
പച്ചിലകളിലേയ്ക്ക് നോക്കി നടക്കണം
നിനക്കു നോക്കേണ്ടാ
സമ്മതിദായകരെ
നിനക്കു നോക്കേണ്ടാ
മലർത്തിച്ചുട്ട അടയാളങ്ങളെ.

തട്ടകത്തിലെ മൂത്ത കോമരം പറഞ്ഞു-
മകനേ എന്റെ നാളുകൾ കൊഴിഞ്ഞു
ഇനി നീയാണ് വെളിച്ചം വെളിച്ചപ്പാട്
ഈ അരമണി വാള് ചിലമ്പ്
ഒരുപിടി നേദ്യച്ചോറ്
എല്ലാം നിന്നെപ്പോറ്റേണ്ടത്.
കലികേറാതെ എങ്ങനെ കോമരമാകും
മകൻ ചോദിച്ചു

അച്ഛൻ വെളിച്ചപ്പാട് പറഞ്ഞു-
ഈ ചുക്കിച്ചുളിഞ്ഞ കാലംവരെയും
എനിക്ക് കലികേറിയത് ഒരു കുറി
അപ്പോൾ ഞാനായിരുന്നില്ല
പിന്നീടെല്ലാം ഞാൻതന്നെ വേണ്ടുവോളം
വാൾത്തലയ്ക്കൽ പണം കൈയിലരിമണി
ചുണ്ടിൽ മന്ത്രം - എല്ലാം കല്പിച്ചു കൂട്ടിയത്.

യഥാർത്ഥകലി വന്നത് അന്നൊരിക്കൽ.
പിന്നീടൊരിക്കൽ
തിടമ്പെഴുന്നള്ളിച്ച പുരുഷാരത്തിനിടയിൽ
നിന്റെ അമ്മയുടെ ചന്തിക്ക്
ആരോ പിടിക്കുന്നതു കണ്ടപ്പോഴും."

ഒരു പച്ചിലക്കൂടായിരുന്നു
പരാജിതന്റെ ഹൃദയം.
കഥ പറഞ്ഞുതീർത്ത് അയാൾ
ഉടുപ്പുകളൂരിയെറിഞ്ഞ്
പുഴയിലേയ്ക്കെടുത്തുചാടി
ആഴത്തിന്റെ തണുവിൽനിന്ന്
അയാൾ ഉരഞ്ഞുതുള്ളി
ഇനി ആരുടെ പാത്രത്തിലും
തന്റെ നറുക്കുണ്ടാവാതിരിക്കാൻ
അയാൾ പ്രാർത്ഥിച്ചു
ഇനി നേരേ നടയിലേയ്ക്ക്-
അവിടെ വിഗ്രഹമുണ്ടായിരുന്നില്ല
ശൂന്യതയിൽ
അയാൾ വിളിച്ചു പറഞ്ഞു
കലി ഒരിക്കൽ മാത്രം
യഥാർത്ഥകവിത വല്ലപ്പോഴും.

## മണങ്ങൾ

മലച്ചപാതയിൽ കയർ പിരിക്കുമ്പോൾ
ഇരവിലോരോന്നു കലമ്പുന്നൂ - കാൽകൾ
പിറകിലേയ്ക്കല്ലോ.
അടുത്ത വീട്ടിൽ ഞാനുറങ്ങുമ്പോൾ പേടി-
ക്കയറുകളെന്നെ വരിഞ്ഞുകെട്ടുന്നു.

പിറകിലേക്കിന്നു നടന്നു നോക്കുമ്പോൾ
അതേ തെരുവതേ കരങ്ങളുമതേ-
യിരവുമെന്നു ഞാൻ നിനയ്ക്കുന്നെങ്കിലും
ഒരാളുമില്ലെന്റെ പരിചയക്കാരായ്.

പുലർച്ചയ്ക്കെന്തൊരു പുകിലാണീ ദിക്കിൽ
ഉറക്കപ്പിച്ചിലിത്തണുപ്പിലാളുകൾ
ഒരു തുടം ചായ ചുടുചുടുക്കനെ
കുടിക്കുവാൻ തിണ്ടിൽ തിരക്കിക്കൂടുന്നൂ.
ഉടുമുണ്ടിൻ കോറമണം, വിയർപ്പിലെ
ചകിരിനാറ്റങ്ങൾ, ഉറക്കപ്പാതിയി-
ലൊഴുകിടു മേത്തായ് തുടച്ചതിൻ മണം
വെരുകിനെച്ചേർത്തു വടിച്ചതിൻ ഗന്ധം.
ഇവകൾക്കു മീതെ പടരും തേയില-
പ്പടുമണങ്ങളിൽ തമിഴ്മലയാള-
മൊഴി തുടിച്ചാണെൻ പുലരികൾ ചോത്തൂ.
അലരികൾ ചോത്തൂ, മുറുക്കിയ വായ്കൾ
തുടുപ്പിച്ചൂ പാത, പുലർന്നതു പൂവൻ
വിളിച്ചിട്ടല്ലല്ലോ-
ഒടുക്കത്തെയാമത്തുരടു പൊട്ടിച്ചു
മുറുമുറുപ്പോടെ പുറത്തു ചാടുന്ന
[1]കറുമ്പൻമാരുടെയിരമ്പൽകൊണ്ടല്ലോ
അവതാരത്തിന്റെയവശിഷ്ടത്വര
പെരുകുവാനവർക്കധികമുണ്ടല്ലോ
നമുക്കു വേണ്ടാത്തതവരു തിന്നുന്നു
അവരെത്തിന്നുവാൻ വളർത്തുന്നൂ നമ്മൾ.

വളർത്തുകയല്ല വളരുകയത്രെ
വിളിപ്പുറത്തവർ വരുകയില്ലല്ലോ.

ചുടുചായമൊത്തിയമാന്തമായ് നിൽക്കെ
കടന്നുപോയ് നാട്ടയ്ക്കടിയിലൂടുന്തി-
ത്തെറിച്ചൊരു കൂട്ടർ.
കടുപ്പത്തിൽ മണം ചൊടി കയറ്റുമ്പോൾ
പൊടുന്നനെയതിൻ രുചിമറച്ചൊരു
കടുത്ത നാറ്റമെൻ മുഖം മുഷിക്കുന്നൂ
വഴി മണക്കുന്നൂ മരം മണക്കുന്നൂ
മണക്കുന്നൂ വെട്ടം - പല ഇരുട്ടുകൾ
അരികിലേയ്ക്കെത്തി മണത്തു നോക്കുന്നൂ.
പിറകിലേക്കിന്നു നടക്കുന്നേൻ, പണ്ടു
പഠിക്കാൻ പാർത്ത വീടടുത്തു കാണുന്നൂ
പ്രിയമുള്ളോർ ശേഷിച്ചിരിപ്പുണ്ടോ, എന്നെ
തിരിച്ചറിയുമോ.
നനഞ്ഞ വൈക്കോലിൻമണത്തിലാണന്നെൻ
വിരുന്നു കൂണുകൽ മുളച്ചുനിന്നത്
പരൽമീനിൻകൂടെ കളിച്ചാണന്നെന്റെ
പുതിയ കുപ്പായം ചളി പുരണ്ടത്
ഇവിടത്തെയമ്മ വിതച്ച വിത്താണെൻ
ദരിദ്രജീവനു കതിരു തന്നത്
ഇവിടത്തെയോപ്പോൾ ചൊരിഞ്ഞ കണ്ണീരാ-
ണൊരു മുനിയുടെ കവിതയായത്
ഇവിടത്തെ തെച്ചിക്കിടാങ്ങളാണെന്റെ
വളപ്പിലക്ഷരക്കിളികളായത്.

പിറകിലേക്കിന്നു നടന്നു നോക്കുമ്പോൾ
ചിരിക്കരച്ചിലിൽ തെരുവലയ്ക്കുമ്പോൾ
മുഖങ്ങളിൽ മുട്ടിയുഴന്നു നിൽക്കുമ്പോൾ
ചെതുമ്പൽ മൂടിയൊരുടലുണ്ടെൻ മുന്നിൽ
ഇളകിയെത്തുന്നൂ
അയാളുടെ കൊമ്പൻ തുരടുമീശയെൻ
ഭയത്തിൽ കുത്തുന്നൂ

പരിചയമൊട്ടു നടിച്ചയാളെന്നെ
വിളിക്കുന്നുണ്ടല്ലോ.
കടുത്ത പാതിരയ്ക്കയാൾ കുരുപ്പുകൾ
കുഴിച്ചിടാൻ വന്നതെനിക്കുണ്ടോർമ്മയിൽ
മലപ്പണ്ടാരമെൻ പുറത്തു തട്ടിയാ
മരിപ്പുകളോതി ചിരിച്ചു തള്ളുന്നൂ.

തെരുവിലൂടുച്ചവെയിലൊഴുകുന്നൂ
കയർ പിരിക്കുവോരുടഞ്ഞു നീങ്ങുന്നൂ
മടിത്തടമായ വളർത്തുവീടിന്റെ
പടിക്കലൂടെ ഞാൻ കടന്നുപോകുന്നൂ.
കരിമ്പിത്തള്ളതൻ അകിട്ടിലായിരം
[2]കിളിന്തുകളാർത്തിപിടിച്ചു തൂങ്ങുന്നൂ
അകലെപ്പണ്ടു ഞാനിതുപോലെൻ ചുണ്ടു
നനച്ചതോർക്കുന്നേൻ.
        പുഴയിലോപ്പോളെൻ
        വരവു കാക്കുന്നു
        ഒരു താരാട്ടെന്റെ
        വരവു കാക്കുന്നു
വെറുതെയെൻ പോക്കും വരവുമാർത്തിയും
ഇടയ്ക്കിടെയോർത്തു കിതയ്ക്കലേ ഗതി.

കരളിൽ ബാക്കി: ഇക്കരിഞ്ഞ രക്തത്തിൻ
മണം, അഴുകിയ ചകിരിത്തൊണ്ടിന്റെ
കുരുതിക്കാറ്റുകൾ,
മുഖം മണ്ണിൽ കുത്തി ചുരമാന്തും കൊതി,
ചുകന്ന വീരാളിപ്പുതപ്പിൽ വിങ്ങുന്ന
വസൂരിമാലകൾ,
ജമന്തി ചൂടിയന്നിറങ്ങിപ്പോയവൾ
വഴികളിൽ ചേർത്ത കറുത്ത ഗന്ധങ്ങൾ.

ഒടുവിലന്തിയിൽ തിരിച്ചു പോകുമ്പോൾ
ഇടമഴ പെയ്ത നറുമണമോപ്പോൾ
        -നിറഞ്ഞു വിങ്ങുന്നു: ‘ഇനിയോർക്കുമോ’

ഒടുവിലസ്ഥിച്ചു തിരിഞ്ഞുനോക്കുമ്പോൾ
മഴനിലാവമ്മ നിറഞ്ഞു വിങ്ങുന്നു:
'ഇനിയുമെന്തിനായ്

---

1,2 ചിറ്റൂർ മേട്ടുപ്പാളയത്തെ പന്നികൾ.

## അന്നത്തെ ഇടവഴി

ഒരിടവഴിയുണ്ടായിരുന്നു വീടിന്റെ മുമ്പിൽ
പ്രിയമിത്രംപോലെ
നാലുദിക്കിലേക്കും കൈ നീട്ടി
പകലിൽ വായതോരാതെ സംസാരിച്ചു
ഇരവിൽ ഉറക്കത്തിൽ കേൾക്കാം
അതെന്തോ രഹസ്യം പറഞ്ഞുകൊണ്ടിരുന്നു
നെല്ലും പച്ചക്കറിയുമേറ്റിപ്പോകുന്ന
ദൂരദേശക്കാർക്ക്
വിശറിയായി
തണ്ണീർപന്തലായി
        -അത് ദയാനന്ദനായി ജീവിച്ചു

മഞ്ചലേറ്റിയവർക്കും
മഞ്ചലിലെ തിരുമേനിക്കും
ഒളിച്ചോടിയ പെണ്ണിനും
ഒളിവിൽ നടന്ന സഖാവിനും
കിളിയെത്തേടി നടന്ന കുറവന്നും
        -അത് അഭയംകരനായി

വൈദ്യന്റെ കാൽക്കൽ വള്ളിയായി
വെള്ളാട്ടുകോലത്തിന്റെ കണ്ണിൽ
കൂവളത്തിലയായി
ശീവോതിയുടെ മുടിയിൽ നിലപ്പനായി
പുള്ളുവന്റെ കുടത്തിൽ നാഗമായി
        -അത് സംക്രാന്തി കെട്ടിക്കളിച്ചു

അമ്പലമണിനാദങ്ങളായി
വാങ്കുവിളികളായി
തിരുവാതിരത്തുടിപ്പാട്ടുകളായി
പകൽപൂരങ്ങളായി
പുലർച്ചെ ചന്ദനഗന്ധമായി
വെളുവെളുക്കെ ഇടയ്ക്കയുടെ ലയമായി
ഗന്ധർവന്റെ പാദമുദ്രകളായി

നീരാടിവരുന്നവളുടെ മുടിച്ചാർത്തായി
-അത് സൗന്ദര്യലഹരിയായി.

"കുട്ടിസ്സൂര്യനുദിച്ചത്
പൊലിഞ്ഞുപോയത്
കളിവീടു കെട്ടിയത്
കെട്ടിപ്പിടിച്ചു കിടന്നത്
മച്ചിങ്ങയിലീർക്കിൽത്താളം കൊട്ടിയത്
ഓലപ്പമ്പരമൊന്നു തിരിഞ്ഞുമറിഞ്ഞത്
ഓരോ പൂവിനും അറിയാപ്പേരുകളിട്ടുവിളിച്ചത്
ഓരോ തുമ്പിയുമോരോ
കല്പന കല്ലായ് കാലിൽതൂക്കി നടന്നത്
കുഴിയാനപ്പുറമേറി മറിഞ്ഞത്
ഒടുവിലൊരാന ചവിട്ടിമെതിച്ചത്
ഒടുവിലൊരച്ഛനുമമ്മയുമൊഴികെ
എല്ലാരും പോയ് മച്ചിലൊളിച്ചത്
ഇടവപ്പാതിയിലപ്പോഴും പെരു-
വഴിയിലൊരച്ഛനുമമ്മയുമങ്ങനെ
കോച്ചി വിറച്ചത്
മച്ചിലിരുന്നുണ്ണികളവരെ
കല്ലാവുന്നതു കണ്ടത്
ഇടവഴിയോർത്തുഴറുന്നോന്റെ
ഇടനെഞ്ചു തകർക്കുന്നു."

ഇടവഴിയിലൂടെ
തേര് കുതി കാലാൾ
-വെളുത്തകൊടികൾ,
അന്തിക്ക് നേർച്ച പരിചമുട്ടുംകളി
-പച്ചക്കൊടികൾ
കുഞ്ഞിത്തങ്ങളും ശങ്കുണ്ണിവൈദ്യനും പാക്കനാരും
പൂശാലിയും പൂതക്കോപ്പുകാരനും
ഇടവഴിയുടെ പിതാമഹന്മാരായി.
ഇരുട്ടിനെ കീറിക്കടന്നു പോകുന്ന
വെളുവെളുത്ത ചിറകുകൾ

കുഞ്ഞിത്തങ്ങൾക്കുണ്ടായിരുന്നു
പാക്കനാരുടെ പിറകേ
എല്ലായ്പോഴും ആളെക്കൊല്ലിയായിരുന്നു.
വാതംകൊല്ലി നീലക്കൊടുവേലി
ശതാവരി-ശങ്കുണ്ണിയുടെ കൂടെ
വെളുത്ത കുട ഈന്തക്കുളിര്
-മൊല്ലാക്കയുടെ കൂടെ
എന്നെപ്പറപ്പിക്കൂ എന്നു പറയുന്ന
ചുട്ട കോഴി
-പൂശാലിയുടെ കൂടെ.
നട്ടപ്പാതിരയുടെ കൂടെ
പൂതന്മാർ.

എന്റെ ഇടവഴി
ഇതൊക്കെയായിരുന്നു.

ഇന്ന് ഇത്
ഞരമ്പുകളെ വെട്ടിക്കീറിയ കനാൽ.
കോർത്തുനിന്ന കൈകൾ അറ്റുപോയി.
പടിപ്പുരകൾ ഇത് തിന്നുതീർത്തു
കളിപ്പാട്ടങ്ങൾ ഇത് കവർന്നെടുത്തു
കാലാളുകൾ നോക്കി നിൽക്കുന്നു-
ദാ, ഇതിൽ പൂണ്ടുപോയി നമ്മുടെ തേരുകൾ.
ഒരു തുള്ളി വെള്ളത്തിനായി
കൊമ്പുകുത്തിനോക്കുന്നൂ ആനകൾ
കര കരകളായി
വീട് വീടുകളായി
ഒരു നിലവിളിയും അക്കരെയ്ക്കെത്തുന്നില്ല
അപായകരമായി വക്കിലൂടെ
നടക്കുന്നവന്
ഇപ്പോൾ കുത്തനെ
അലിവില്ലാത്ത വരൾച്ചമാത്രം
ശൂന്യതയിലൊരു മുങ്ങിമരണം.

"വയലുകളകലെ കാക്കുകയാ-

ണെന്നിടവഴിയൊഴുകിവരുന്നത്
പൊന്മകളകലെ കാക്കുകയാ-
ണിപ്പദ്ധതിയൊഴുകി വരുന്നത്.
നീലക്കൊടുവേലികൾ തേടി-
പ്പോകുന്നോരല്ല
വെളുത്ത കുതിരയെ നോക്കി-
പ്പോകുന്നോരല്ല
നടുരാവിൽ പൂരം തേടി-
പ്പോകുന്നോരല്ല
എന്റെ ഇടവഴി തട്ടിയുലച്ചത്
ഇടനെഞ്ചിൽ കനൽ വീഴ്ത്തിയത്.

ഇടവഴിയിന്നൊരു
പടുഗർത്തം
ആളെക്കൊല്ലികൾ തക്കംപാർത്തു പതുങ്ങുന്നൂ-
ചീളുവരമ്പത്തൂടെ
ഇപ്പോൾ കുത്തിയ മുറിവും പേറി
ആരോ പോന്നുവരുന്നുണ്ടല്ലോ"

കുട്ടി ഞാനോടിത്തീർക്കാൻ
ബാക്കി വെച്ചൊരു ലോകം
കെട്ടുപോകുന്നെൻ മുന്നിൽ

## അറബിയുടെ ആടുകൾ

തുള്ളിച്ചാടല് മതിയാക്കാം
കുഞ്ഞാടുകളെ താരാട്ടാം
അമ്മമാരെ അകിടുകൾ വീർക്കാൻ
വേണ്ടതു നല്ലൊരുറക്കം.

ഇരുട്ടുകട്ടപിടിക്കുന്നൂ, മേൽ-
ക്കൂര നമുക്കീയാകാശം
മറന്നുറങ്ങാൻ മണലാരണ്യ-
പ്പായ നമുക്കീ രാത്രികളിൽ.

ആളെക്കണ്ടിട്ടെത്ര നാളായ്
ആടുകളോടെൻ ചങ്ങാത്തം
അകലെ നിന്നൊരു നിഴൽകണ്ടാല-
തൊരാളെന്നോർത്തു കൊതിക്കുന്നു.

എന്റെ ചുറ്റും വന്നു കിടക്കുവി-
നമ്മമാരേ കുട്ടികളേ
ഇത്തിര പച്ചപ്പുല്ലിനുവേണ്ടി
എത്ര വെയ്‌ലു കുടിച്ചു നാം.

തൂങ്ങിത്തൂങ്ങി നടക്കാതെ പുലർ-
കാലത്താഞ്ഞുനടക്കേണം
വന്ന രാത്രികളാഘോഷിക്കുക
സ്വന്തം സ്വന്തമുറക്കത്താൽ.

പച്ചപ്പെവിടെ നാളേയ്ക്കുള്ളൊ-
രപ്പമെവിടെത്തേടേണം
തെക്കുതെക്കു നടന്നൂ ഇന്നലെ
കിട്ടിയതോ വിഷവള്ളി
ആർത്തി പൂണ്ടു കടിക്കാൻ ചെല്കെ
ആട്ടിയോടിച്ചതു നന്നായ്.
ചാട്ടവീശിവരുന്നോരറബിയെ
പാട്ടിലാക്കാൻ വശമില്ല

കൊണ്ടുവന്നൊരു തീറ്റികൾ തീർന്നൂ
തിന്നുവാനിനി മണൽമാത്രം.

ഉത്സവത്തിനറുക്കാനാണീ-
യുണ്ണിക്കുട്ടന്മാരെ
അധികാരക്കെടുനഗരത്തിൽനി-
ന്നതിന്റെയൊലികൾ കേൾക്കാം.

അടുത്തുവരുമാബലിനാളോർത്തു
കെടുന്നുറക്കം കുട്ടികളേ
അടുത്തുചേർത്തുപൊന്നാരിച്ചോ-
രരുമപ്പെട്ട കിളുന്തുകളെ.

പിറപ്പിൽതന്നെ പൊള്ളും മണലിൽ
പിടഞ്ഞുതീർന്നൂ ചിലരമ്മേ
എടുത്തു തോളത്തിട്ടേൻ ചിലരെ
എഴുന്നു നിൽക്കാനാവോളം.

അമ്മമാരേ നിങ്ങളിലൂടെ-
ന്നമ്മയിൽ ഞാനെത്തുന്നൂ
മുട്ടിമുട്ടിയകിട്ടിലുറിഞ്ചും
കുട്ടിയിലെന്നെക്കാണുന്നൂ.
ആരോടമ്മയക്കേറെ പ്രിയമെ-
ന്നോരോ വാക്കും കൊള്ളുമ്പോൾ
അമ്മനിന്നു തുളുമ്പീ, യമ്മ-
ട്ടമ്മമാരേ നിങ്ങൾക്കും.
എന്നുമുച്ചപ്പൊരിവെയിലത്ത്
മുന്നിൽ നില്പാണെന്നമ്മ
പോയ വഴികളിലൊക്കെയുമോരോ
കാവിൻതണലായെന്നമ്മ.
തമ്പിലേയ്ക്കൊരു നേരിയവെട്ടം
വന്നു വീഴുന്നുണ്ടിപ്പോൾ
തമ്മിലിങ്ങനെ കാണാമരികെ
വന്നു നില്പാണെന്നമ്മ.

ഉത്സവത്തിൻ നാളെത്താറായ്
ഉത്സാഹിക്കുവിനുണ്ണികളേ
ദണ്ണമില്ലാതുരുവപ്പെടുവിൻ
വെണ്ണപോലെന്നോതട്ടെ.
തിന്നുമ്പോഴെൻ പണിവിരുതോർത്തു
നല്ല വാക്കവനോതേണേ
മണലിൽനിന്നവനെന്നെ നഗര-
പ്പണിയിലേക്കു വിളിക്കണേ.

ഒന്നു മിണ്ടിപ്പറയാനാരും
ഇല്ലെന്നാണെൻ ദുഃഖം
കൂട്ടിനായിട്ടാളുണ്ടെങ്കിലൊ-
രാട്ടിൻകൂടും സ്വർഗ്ഗം.
തീരുകയായൊരു രാവുംകൂടി
തീപ്പകലാളുകയായി
എവിടെയൊരു പച്ചപ്പെന്നെൻ
മിഴി പാഞ്ഞു നടക്കുകയായി.

നൂറെണ്ണത്തെത്തന്നാണറബി
ആട്ടിവിട്ടൂ മരുഭൂവിൽ
ചിലതൊടുങ്ങീ രോഗത്താൽ
ചിലതൊടുങ്ങീ തീവെയ്‌ലാൽ
ആയിരത്തിൻ നിലവിളികൾ
ആർത്തലച്ചൂ മരുഭൂവിൽ.

തന്നതിന്റെയിരട്ടി, തിരിച്ചേ
കൊള്ളാൻ നില്ക്കുന്നധികാരി
പൊള്ളലേറ്റൊരായുസ്സാൽ
എണ്ണിയെണ്ണിക്കഴിയുന്നേൻ.
തന്ന തീറ്റികൾ തീർന്നൂ
തന്ന ജലവും തീർന്നൂ
ഇനിയും നീറ്റുറവകളെവിടെ,
ഇനിയും പുൽച്ചേരികളെവിടെ?

വേഗം വേഗം ആടുകളേ

തീപ്പെരമ്പാൽ പുളയാതെ,
ദൂരെദൂരെപ്പോകാത്തോടം
തേടിയിന്നു പുറപ്പാട്.
ഒരു പച്ചപ്പില്ലാദ്ദിക്കിൽ
ഒരു തുള്ളിയുമില്ലാദ്ദിക്കിൽ
ഒരു പക്ഷേ വീഴാം നാം
നാളത്തെയുത്സവരാവിൽ
ഞാനും ബലിയാടാവാം.

## തുക്കാറാമിന്റെ കവിത

തനിയേ നടക്കിലും
അറിയാതെ, മ-
റ്റൊരുവനുണ്ടെപ്പൊഴും കൂടെ.
അവനാണ് കാൽകൾ മുറിപ്പെടുത്തുന്നത്
ഇനിയുള്ള പാതകൾ നരകമാക്കുന്നത്.
അവനോടു നൊമ്പരപ്പായാരമോതി
പലദിക്കു മുട്ടിത്തിരിഞ്ഞി-
ട്ടിനിയൊന്നുമില്ലെന്നൊ-
രറിവായിരിക്കുന്നു തുക്കാ,
ഒടുവിൽ താനെത്തിയ-
താരുടെ ചോരക്കളത്തിൻ വരമ്പിൽ.

പരിഭവപരാതികൾ പറയുവാൻ
പലരുണ്ട് കാത്തുനിൽക്കുന്നു
അവരോട് പറയുന്നു തുക്കാ:
'ഉറക്കത്തിലാണെന്റെ ദൈവങ്ങൾ, നാം കൊന്നൊ-
രരുമക്കിടാങ്ങളോടൊപ്പം.'

പകയ്ക്കുന്നു, തന്റെ
മുഖമൊന്നു കാണാൻ കൊതിക്കുന്നു തുക്കാ.
കയറുന്നിറങ്ങുന്നു കണ്ണാടിയിലാളുകൾ
ഇതിലാർക്കുമില്ല മയക്കം.
ചിരിക്കുന്നു ചെരിയുന്നു ചായുന്നു നാം കൊന്നൊ-
രതിഥികളുത്സവം കാണാനൊരുങ്ങിനിവരുന്നു.
        ഇതു നിലക്കണ്ണാടി
        ഇതിനില്ല തൻ വ്രണം കാട്ടുവാൻ കണ്ണുകൾ.

വരയുവാനിനിയില്ല കോലങ്ങളച്ഛനായ്
എഴുതിയാൽതീരാത്തതമ്മതൻ സങ്കടം.
കടം തിന്നു തകരുന്ന വീടിന്റെയുമ്മറ-
ത്തൊരു കോലമാടുന്നു രാവിൽ,
നിലവിളിക്കുന്നു വിശപ്പാൽ.

വരിയുവാനെത്തുന്ന പൂണുനൂൽമേനികൾ
കവിതയുടെ കനലാലെരിച്ച്
നടയിൽ നീയൊറ്റപ്പെടുന്നു.
നിറയെ മനശ്ശല്യമല്ലോ
നിവരുമ്പോൾ കൂനുകയല്ലോ.
ഒടുവിൽ നി, ന്നോലകൾക്കൊപ്പം
നദിയിൽ നീ താഴുകയല്ലോ.

ഉരുവിട്ടു നീയാദ്യമന്ത്രം
ഉറയൂരിയാടുന്നു സൂര്യൻ
തെരുവിലാൾത്തിക്കിലേകാന്തസ്വരങ്ങളായ്
ഉയരുന്നു രണ്ടാം വിരുത്തം.
ഇതാ നിന്റെ മൂന്നാം കവിത
ഇതിലെന്റെ പൂക്കാലമോഹം, നാലാം-
കവിതയിൽ ജീവന്റെ നൃത്തം.

ഇതു നിന്റെയഞ്ചാംകളം - കവിത-വീട്
-ദുരിതം കുടിച്ചു ചിരിക്കുന്ന കാമിനി
ഇനി നിന്റെയാറാംകവിതയിലാറും
ഗുരുവും കിടാവും കരുണയും വാഴുക.

ഇതു നിന്റെ ഏഴാം കളം, പാണ്ഡുരംഗനി-
ങ്ങെഴുന്നള്ളിയോർമ്മയുടെ വയലുകൾ തേവി
ഇതാ നിന്റെ എട്ടാം കവിതയിലിരുപത്തി-
യെട്ടു യുഗങ്ങളെ കൊട്ടികയറ്റി നീ.

ഇതു നിന്റെയൊമ്പതാം വൃത്തം
-നിലയ്ക്കുന്നു ചക്രം
ചരണങ്ങളേ വിട.

ഇനി പത്തവതാരമൂർത്തികളേ
നിറയുക പത്താംകവിതയിൽ ഭദ്രമായ്.

തടയിട്ട വാക്കുകളോർത്ത്
തഴുതിട്ട വാതിലുകളോർത്ത്

ഇമ പൂട്ടി നില്ക്കുന്നു പ്രാണൻ
ജ്വലിക്കുന്നു കേശാദിപാദം-
        മറയുന്നു നീ തിരക്കോളിൽ.

ഇതു നമുക്കവസാനകാണൽ
ഇനിയുള്ളതില്ലാത്ത കഥകൾ.

## ഒരു മരം കാവല്ല

### അപേക്ഷ

ഏലസ്സുകൈത്തണ്ടയിലമ്മ കെട്ടിച്ചതെ-
ന്നായുസ്സിനായ് പെങ്ങൾ പ്രാർത്ഥിച്ചുനിന്നത്
ഏതിരുട്ടിന്റെയും മീതേ പുളയ്ക്കുന്ന
ചൂരൽവടിയച്ഛനേൽപിച്ചുതന്നത്
മായകളൊക്കെയൊഴിയാൻ മയൂരങ്ങ-
ളാടുന്ന പിഞ്ഛിക പൂശാലി തന്നത്....

എന്നെയേശാതെ
നടക്ക പൂതങ്ങളേ
വന്നതാണിന്നു
തിരയാനൊരുത്തിയെ.

### ഭംഗിവാക്ക്

അത്തിമരം കാണുന്നിടത്ത്
ഞാൻ നിന്നുപോകുന്നു
ഏതു കൊമ്പിലാണ് നിന്റെ ഹൃദയം
ഒളിച്ചുവെച്ചിരിക്കുന്നത്,
പുഴ കാണുന്നിടത്ത്
ഞാൻ നിന്നു പോകുന്നു
ഏതു മത്സ്യാവതാരത്തിലാണ്
നിന്റെ ജാതകം,
പൂ കാണുന്നിടത്ത് ഞാൻ നിന്നുപോകുന്നു
ഏതിതളിലാണ് നിന്റെ ചിത്രശലഭം വന്നിരിക്കുക.
വഴികൾ മാറുന്നിടത്തൊക്കെ
ഞാൻ നിന്നുനോക്കുന്നു
എവിടെയാണ് നിന്റെ പാദമുദ്രകൾ?
നീലമഷിയിലാണ് നീ തുടങ്ങിയത്
നാവോറുപാട്ടിലാണ് നീ തുടങ്ങിയത്
കുറിച്ചുതന്നത് കുറവന്റെ
തത്ത കൊത്തിക്കൊണ്ടുപോയി

പാടിത്തന്നത് പുള്ളുവന്റെ
നന്തുണി കൊണ്ടുപോയി
നിന്റെ ചിത്രങ്ങൾ കാറ്റു വലിച്ചെടുത്തു
എല്ലാം സൂക്ഷിച്ചിട്ടില്ലേ എന്റെ ഓർമ്മയ്ക്കായി
ഇല്ലെന്നെങ്ങനെ പറയും
ഇല്ലെന്നു നിക്കും അറിയാം
ഭംഗിവാക്കിന്റെ
ചരടാണിത്.

**വെറുതെ**

കണ്ടുമുട്ടുമ്പോൾ
ആരാരായിട്ടാണ് കരുതേണ്ടത്
നേരത്തേ വിധിച്ചുവെച്ചിരുന്നെങ്കിൽ
പകൽക്കിനാക്കളുടെ തീത്തൈലത്തിൽ
മുങ്ങേണ്ടിയിരുന്നില്ല.
വിരൽത്തുമ്പു പിടിച്ച്
ഗദാധരന്റെ കൊറ്റികളെ ചൂണ്ടിക്കാട്ടുന്ന
അശരണവത്സലനായി
പാനശാലയിൽ കാത്തിരിക്കുന്ന
പാതിരാപ്പാട്ടുകാരനായി
പറയാനുള്ളത് പദ്യമാക്കി
വള്ളിക്കുടിലിൽ കാക്കുന്നവനായി
ഇന്നേതായാലും
ഒരു ചുംബനമെങ്കിലുമെന്നു കരുതി
ഇരയെ കാത്തിരിക്കുന്ന അഭിശപ്തനായി
ചിലപ്പോൾ
എല്ലാം വെറുതെയെന്നു നടിക്കുന്ന താപസനായി,
കടന്നുവരൂ കടിക്കുന്ന നായ ഇവിടെ ഇല്ല
എന്നു കുറിച്ചിട്ട വീട്ടുകാരനായി
ആരാരായിട്ടാണ്
അടുത്തകലേണ്ടതെന്ന്
നേരത്തേ നിശ്ചയിച്ചിരുന്നെങ്കിൽ
ഒഴിവാക്കാമായിരുന്നു

ഉപേക്ഷിക്കപ്പെടുന്നതിന്റെ
ക്രൗഞ്ചവിലാപങ്ങളെ
ഉണർത്തിവെച്ച കണ്ണിലെ
സൂചിക്കുത്തുകളെ
തുറിപ്പിച്ചുവെച്ച ജനലിലേയ്ക്കാഞ്ഞടിച്ച
കരിയിലക്കാറ്റുകളെ.

**ഓർമ്മത്തെറ്റ്**

ഒരു മരം കാവല്ല
മരങ്ങളെയെല്ലാം കൊണ്ടുപോയാലും
ഇവിടെയൊരു കാവുണ്ടായിരുന്നുവെന്ന്
കുറേക്കാലം പലരും പറയും
കാവിലെ പാട്ടുകാരൻ മാത്രം
അവിടെനിന്നു പോകുന്നില്ല
അയാളൊരു മരം
മണ്ണിന്റെ സങ്കല്പത്തിൽ നിൽക്കുന്നവൻ.
അയാൾക്കു മീതെ
പഴയ ഈറ്റില്ലം തിരിച്ചറിയാത്ത
പക്ഷികൾ പറന്നുപോകുന്നു
അവരുടെ പിതാക്കൾ അഭയം കിട്ടാതെ
മറഞ്ഞുപോയി
അവരോ,
മായ്ക്കാനാവാത്തൊരു
ഓർമ്മത്തെറ്റിലൂടെ പറന്നുപോകുന്നു.

**മുള്ള്**

ഒറ്റ ശ്വാസത്തിന് ഒരേ പാഠം ഉരുവിടുന്ന
കുട്ടിയെപ്പോലെ
വാതിൽക്കൽ നീയെന്നും
ഒരേ മട്ടിൽ കലമ്പി:
'മഴത്തുള്ളികളേ
ഇത് വല്ലാത്ത പിടിത്താളുതന്നെ.
ചിതറിപ്പോവുകയേ ഗതി.'

പിന്നെ നീ വരാതായപ്പോൾ
വാതിലില്ലാതായി
ഞാനെന്തോ പറയാൻ തുടങ്ങിയിരുന്നു
കേൾക്കുവാനാരുമുണ്ടായിരുന്നില്ല
പൊടുന്നനെയാണ് ഏതോ നിഴൽ
അടുത്തേയ്ക്കു വന്നതും
മൂടുപടം വലിച്ചു മാറ്റിയതും
ഒറ്റ ശ്വാസത്തിലിങ്ങനെ പറഞ്ഞതും
കൺമുമ്പിൽനിന്നു മറഞ്ഞതും:
ഇന്നലെവരെ വന്നവൾ നിനക്കായേല്പിച്ച
ഓർമ്മക്കുറിപ്പാണ് ഞാൻ
ഞാൻ വരുന്നത് അവളുടെ ആകാശത്തിലൂടെ
അവൾ തന്നേല്പിച്ചൂ ഈ നക്ഷത്രങ്ങൾ നിനക്കായി,
പടരാൻ കൊതിച്ച് വെലിയത്തുതന്നെ
കിടന്നു വാടിയ ഒരു മുല്ലവള്ളി
ഇത്ര പൊടുന്നനെ പൂവിട്ടതെങ്ങനെയെന്ന്
നീ അത്ഭുതപ്പെട്ടേയ്ക്കാം
ആ വഴിക്കാണ് ഞാൻ വരുന്നത്
അവൾ തന്നേല്പിച്ചൂ ഈ സുഗന്ധങ്ങൾ നിനക്കായി.
അവളുടെ അമ്മയേയും അച്ഛനേയും
കൊത്തിക്കൊണ്ടുപോയ ചുരത്തിലൂടെയാണ്
ഞാൻ വരുന്നത്
വാക്കും വിചാരവും ഉറച്ചിട്ടില്ലാത്ത ഒരു കാലത്തിന്റെ
കട്ടച്ചോരയിൽ ഉറുമ്പരിക്കുന്നതുകൊണ്ടാണ്
ഞാൻ വരുന്നത്.....
നീ പോറലേല്പിക്കാൻ കരുതിവെച്ച മുള്ള്
ഇനിയും ഞാൻ കണ്ടില്ലെന്നാണോ നിന്റെ ഭാവം?

## ഒരു പിടി മരണം

ഉപകാരങ്ങളെപ്പറ്റി പറയാതിരിക്കൂ
ഉപകാരസ്മരണ ഉപകരണമാവുമ്പോൾ
ഉഴക്കു വെള്ളത്തിൽ മുങ്ങിമരിക്കേണ്ടിവരും
ഉണക്കലരി കറുക എള്ള്-

ഒന്നും മരിച്ചുപോയവർക്ക് ഉപകാരമല്ലല്ലോ
ഉണക്കിക്കളഞ്ഞ ജന്മത്തിന്റെ പൊരുൾ
ഇണക്കിയെടുത്ത വ്യസനങ്ങളാണ്.
പൂച്ച
ചാക്കുകളെ പുഴകളെ പിന്നിട്ട്
ഉപേക്ഷിച്ചവന്റെ അടുത്തേയ്ക്കുതന്നെ
തിരിച്ചുവരുന്നു
അതിന് അവകാശപ്പെട്ടത് പത്തായമല്ല
ഒരുപിടി മരണം മാത്രം.
നിലവിളക്ക് തിരിയോട്
തിരി നാളത്തിനോട്
കണ്ണ് കണ്ണാടിയോട്
കാത് ചുണ്ടിനോട്
ചുണ്ട് ചുംബനങ്ങളോട്
ശിവലിംഗം ഉപസ്ഥത്തിനോട്
ഉപകാരത്തെപ്പറ്റി പറഞ്ഞിട്ടു കാര്യമില്ല
അത് ഉപകരണങ്ങളുടെ ധർമ്മം മാത്രം
വസ്തുക്കളിൽനിന്ന് വാസ്തവത്തിലേക്ക്
എത്രയോ അകലം.
വന്ന വഴി ഇരുട്ടിലായി.
മുന്നേറുംതോറും അതു പരക്കുകയാണ്
ഇവിടെ ആരും
ഉപകാരം ഘോഷിച്ചതുകൊണ്ടു കാര്യമില്ല.

## ധൂളി

ഇത് നിനക്കായി കുറിക്കുന്നു
ഏറെ നാൾ ഇത് താലോലിക്കാൻ നിനക്കാവില്ല
ഇത് നിന്നെയും കൈവിട്ട് സഞ്ചരിക്കും
കാറ്റിലും കയത്തിലും ഈ മഷി കലരും
ഒടുവിൽ ഒരുണക്കിലയായി ഈ നാദം
ദിക്കറ്റലയും ധൂളിയാവും
ജന്മം ധൂളിയുടെ ചരിത്രം
രക്തമാണതിന്റെ മഷി

നിറച്ചുകൊണ്ടിരിക്കണം
വേരുകൾക്കാകുവോളം
കാത്തുകൊണ്ടിരിക്കണം
ഇനിയൊരു നക്ഷത്രവും
ഉദിക്കാനില്ലെന്നറിയുവോളം.

**രക്ഷ**

ആശിസ്സരുളിയെൻ ഭീതിയെച്ചൂടിച്ചൊ-
രേലസ്സറുത്തു പ്രളയം തകർക്കവേ
എത്ര നാളോട്ടപ്പെടുന്നൊരിപ്പെട്ടിയിൽ
ഇത്ര മോഹങ്ങളെ പ്രാവായ് പരുന്തായി
ഒട്ടകപ്പക്ഷിയായാനയായ് കുതിരയായ്
പൊട്ടിയൊലിക്കും വ്രണങ്ങളായ് കാത്തിടും

പെട്ടകം കൂട്ടിപ്പുറപ്പെടുന്നേരത്തു
പെട്ടവരാരൊക്കെ, നോക്കിയതില്ല ഞാൻ
നീയുമതിന്നൊരു കോണിലിരിപ്പതായ്
തോന്നിയിരുന്നു, തിരഞ്ഞില്ല നിന്നെ ഞാൻ.

എങ്ങുകരയെന്നു തേടുവാനായൊരു
വെള്ളപ്പിറാവിൻ തുണയെനിക്കില്ല
എങ്ങുനീയെന്നൊന്നറിയുവാനായൊരു
വെള്ളപ്പിറാവിൻ തുണയെനിക്കില്ല.

രക്ഷകനെന്നോടു ചൊന്നതാണിന്നലെ
രക്ഷയ്ക്കു പെട്ടകം വേറെ പണിയുവാൻ
ഇന്നീ നടുക്കടലെത്തിയുലയുമ്പൊ-
ഴെന്തിനാണിത്രയ്ക്കമാന്തിച്ചു ദൈവമേ.

## ഗുഹ

എല്ലാമുടയ്ക്കണം, നേർക്കു
നില്പതു വെട്ടിവീഴ്ത്തണം
മോഹം തീർക്കുന്ന പയ്യിന്റെ
മുല ചെത്തിക്കുടിക്കണം

എന്തൊരു രുചിയാണയൽ-
ച്ചോരമോന്താ,നവരുടെ
എല്ലുകൊണ്ടെന്റെ മേൽക്കൂര
പല്ലുകൊണ്ടെന്റെയുമ്മറം

ചങ്ങാതിയെക്കൊലചെയ്തി-
ട്ടോണമുറ്റത്തു വാഴ്ത്തണം
അവന്റെ കണ്ണുചൂഴ്ന്നെടു-
ത്തവന്നായ് കാഴ്ചവെയ്ക്കണം

കറുക്കട്ടെ കടലുകൾ
പോരടിക്കട്ടെ പുല്ലുകൾ
കലികൊള്ളട്ടെ പൂമകൾ,
പുഴവക്കിൽ പേയിളകി-
ക്കുരയ്ക്കട്ടെ പൂമരങ്ങൾ

ഉറക്കമില്ലാതെ പാതി-
രാവുകൾ താണ്ടിനിൽക്കവേ
ഉമ്മത്തിൻ പൂവുകൾ ചൂടി
തോളത്തു ഭാണ്ഡമായൊരാൾ
കാണുവാൻ നല്ല ചേ, ലയ്യ!
ഏറെ നാളെന്റെയിക്കൊക്കൊൽ
കൊത്തിക്കീറിയ നെഞ്ചിനെ
കണ്ടില്ലെന്നു നടിക്കണം
ഓരോ കുന്നും കടക്കുമ്പോൾ
ആരോ വന്നു വിഴുങ്ങുന്നൂ
ഏതോ വാതിൽക്കൽവെച്ചെന്നെ
ആരോ ഛർദ്ദിച്ചുകൂട്ടുന്നൂ

എന്റെ ദാഹമാണിവിടെ
മുൾപ്പരപ്പായ് തെഴുക്കുന്നൂ
എന്റെ വാതിൽക്കൽവെച്ചെന്നെ
ആരോ ഛർദ്ദിച്ചുകൂട്ടുന്നൂ

എന്റെ ദാഹമാണിവിടെ
മുൾപ്പരപ്പായ് തെഴുക്കുന്നൂ
എന്റെ നഖരങ്ങൾ നീണ്ടു നീ-
ണ്ടെന്നുള്ളിലേക്കിറങ്ങുന്നൂ
കടുപ്പം ഹൃദയം കുത്തി-
ക്കുഴിച്ചേറെച്ചെന്നപ്പൊഴോ
നിലച്ചുപോയിരിക്കുന്നെൻ
മുയൽക്കുഞ്ഞിന്റെ കണ്ണുകൾ.

മാരിവില്ലിൻമീതെയാരോ
നിവർന്നുന്നൂ കരിമ്പടം
പല നിറക്കുപ്പായക്കാർ
കാട്ടുപോത്തിന്റെ കൊമ്പുള്ളോർ
എന്റെ ചുറ്റും നിരക്കുന്നൂ
ഗുഹാമുഖമടയ്ക്കുന്നു

ദിക്കിൻവക്കിലൂടാരെത്തി
നോക്കുന്നൂ മിഴി പൊത്തുന്നൂ
അമ്മേയെന്നു വിളിച്ചോ, ഞാൻ
ഉണ്ണിയായി മരിച്ചുവോ.

## വേനൽക്കൊറ്റികൾ

വേനൽക്കൊറ്റികൾ
അഭയാർത്ഥികൾ
മതിൽക്കെട്ടിൽ നിരയായ്
നിശ്ശബ്ദരായ്

ദുരിതം നുരയ്ക്കുന്ന
മരണം മണക്കുന്നൊ-
രോടയിൽ നിഴലിനാൽ
നീലിട്ടു തഞ്ചം കാണാ-
തവറ്റയിരിക്കുമ്പോൾ,
വാടകവീടിൻ ജനൽ-
ച്ചില്ലിലെൻ മുഖം ചേർത്തു
വേനലിൻ വിഷാദങ്ങൾ
നോക്കിക്കൊണ്ടിരിപ്പൂ ഞാൻ.

ഒരു കല്ലുപ്പില്ലാതെ
കാരുണ്യം മുറിപ്പെട്ടു
വെയിൽകൊണ്ടുഴലുന്നൂ.

തിളങ്ങും പരൽമീനോ
കൂത്താടിപ്പുഴുകളോ
നഗരക്കുശുമ്പിന്റെ
ദുർമന്ത്രപുഷ്പങ്ങളോ
ഒഴുകി വരുന്നിപ്പോൾ?

അലരിപ്പൂക്കൾ മാന-
ത്തലറി വിളിക്കയോ
വെന്നതാർ ദാരികനോ
കാളിയോ, ശിവഭൂത-
സഞ്ചയം തമ്മിൽത്തല്ലി
കുരുതി കുടിക്കയോ?

നിരയായ്

നിശ്ശബ്ദരായ്
ഇരിക്കുമവരുടെ
മിഴികൾ നിറയുന്നോ
-മൂകങ്ങളവ ചാട്ടും ശാപത്തിൽ
പൊള്ളുന്നൂ ഞാൻ.
പാടത്തു കമ്പിക്കാലും
സിമന്റും നിറയവേ
ഞാറ്റുപാട്ടുകൾ, വർണ്ണ-
ഭംഗികൾ മറയവേ
ഞാറായി പാലൂറുന്ന
പച്ചനെല്ലായി സ്വർണ്ണ-
മണികൾ കിലുങ്ങുന്ന
കുലയായ്, തേനായ് മീനായ്
നിന്നൊരു കിടപ്പാട-
മെവിടെ? കുടിയിറ-
ങ്ങീടുക, ഗതി! സാക്ഷാൽ
ഇരുളേ വിഴുങ്ങുക.

ചേറു നാറുന്നെൻ കാലി-
ലിപ്പൊഴും, പച്ചത്തുള്ളൻ
ചാടുന്നെൻ മനസ്സിന്റെ
പുൽമേട്ടിലിടയ്ക്കിടെ.
അക്കരെ സ്കൂളിൽ പോണ-
മന്നറ്റക്കഴായയിൽ
തെന്നിവീണു ഞാൻ, ഞാറിൻ
കൂട്ടത്തിൽനിന്നും പെട്ട-
ന്നിരമ്പം കേൾക്കായ്, വെള്ള-
ച്ചാലുപോൽ തലയ്ക്കു മീ-
തൊഴുകീ ചങ്ങാതികൾ.

പൊയ്പോയ കൊന്നക്കാടിൻ
കറുത്ത നിഴലിങ്കിൽ
എന്റെ കുഞ്ഞോമൽമഷി-
ത്തണ്ടുകളുണങ്ങവേ

ചണ്ടികൾ ചവയ്ക്കുന്ന
ജീവനിൽ വിധിയുടെ
ചെണ്ട കൊട്ടുന്നു: കോൺക്രീറ്റ്
യൂപങ്ങളുയരട്ടെ.

എങ്കിലും വെളുത്തൊരി-
പ്രാണങ്ങളൊറ്റക്കാലിൽ
നിന്നു കണ്ണടച്ചെന്തോ
സൂക്ഷ്മമായ് ധ്യാനിക്കുന്നു.

## നിശാനിയമം

എന്റെ വഴിവീടിരുട്ടുപിടിക്കവേ
മുമ്പു കേൾക്കാത്ത മുരൾച്ച കേൾക്കുന്നു ഞാൻ
നല്ലയൽക്കാരന്റെ തമ്പിൽനിന്നീവഴി
വല്ല പുലിയും ഇറങ്ങിവരുന്നുവോ
കൂടു തകർത്തു കുതിച്ച കളിക്കോപ്പു
തേടി വിരണ്ടു കോമാളി വരുന്നുവോ
കാവലാളാണു ഞാനീ വഴിക്കെങ്കിലും
കാലങ്ങളെന്നെച്ചവിട്ടിക്കടന്നുപോയ്
ഏതു കടൽക്കരയ്ക്കേതു പുരിയിലേ-
യ്ക്കേതു ഗ്രഹത്തിലേയ്ക്കേതു താരത്തിലേ-
യ്ക്കേതു താഴ്വാരത്തിലേയ്ക്കുമെത്തീടുവാൻ
ആദ്യം ചവിട്ടിക്കടക്കേണ്ടതീവഴി.

**2**

മുഷ്ടി ചുരുട്ടിയിടിച്ചും
മരിച്ചും മരണപ്പെടുത്തിയും
കൊന്തകൾ
പൂണുനൂൽ
കൂപ്പുകൈ
ഗോപിക്കുറികളും
അപ്പുറത്തേയ്ക്ക് കടക്കേണ്ടതീവഴി.

വഴിപാട്
നേർച്ചകൾ
ആനകൾ
കൊറ്റൻ
ബലികുടീരം വിറ്റ പൊൻപണപ്പെട്ടികൾ
ഒക്കെ കടന്നു പോകേണ്ടതാണീ വഴി.
ഉമ്മറം കുമ്പിട്ട്
ഇടനാഴിയിൽ കൂന്ന്
തലചെരിച്ചീ മുറിയിലൂടെ
അപ്പുറമെത്തി നിവർന്നു നോക്കീടുവിൻ

അതുവരെ കത്തി നിവർത്താതിരിക്കുവിൻ.

പോരൂ
പുരാതനകാലമായ്
ആര്യനും
വേടനും മോശയും
സൂഫിയും വേശ്യയും
ഉന്തിത്തിരക്കുന്ന പാതയിതു കാണുവിൻ.
കൂർത്ത കുന്തങ്ങളിൽ തല കോർത്തിടാതെ
തീർത്ഥയാത്രയ്ക്കുള്ള പാതയിലെത്തുവിൻ.

**3**

തെരുവിലെന്നുമ്മറവാതിൽക്കലിന്നലെ
തിരികൊടുത്താൻ നിന്ന സോദരി
ഇവിടെ മരിച്ചു വീണു
തെരുവിലെന്നുമ്മറവാതിൽക്കലിന്നലെ
ഒരുവരിക്കവിതയ്ക്കു കൈ നീട്ടി നിന്നൊരു
പനിനീർമലരുകൾ ഇവിടെ മരിച്ചുവീണു.
രോഗം പെരുപ്പിക്കുമൗഷധം വിൽക്കുന്നതീ വഴി
ആയുധം നീട്ടിത്തളരുന്നതീ വഴി... അന്ന-
ദാനമായടിമത്തധാന്യം വിളമ്പുന്നതീ വഴി.

കുമ്പിട്ടു നിവരുന്ന പ്രാർത്ഥികൾ
കാണുന്നതമ്പേ മണൽക്കാടുമാത്രം
കെട്ടിപ്പിടിച്ചു മുകർന്നു നോക്കുമ്പൊഴ-
ച്ചങ്ങാതി നെട്ടൻകുരിശു മാത്രം.

കോമാളി തിരയുന്ന വ്യാഘ്രമിന്നീവഴി
പോയതു കണ്ടിരിക്കില്ല ഞാൻ സോദരാ
എന്നെ മണത്തു മുഷിഞ്ഞവൻ
ചെന്നു തിരക്കിൽ കയറിയാൾക്കൂട്ടത്തി-
ലൊന്നാമനായിക്കഴിഞ്ഞിരിക്കാം.

പൂമരക്കൊന്്ിപലണിയിച്ചു തൂക്കിനാം

ആരുടെ നെഞ്ചിലെ താരകങ്ങൾ... നിശാ-
നിയമം കുരുക്കിട്ട പുത്തൻ പിറപ്പുമായ്
പട്ടുപുതപ്പിച്ച തോക്കുമായ്, മന്ത്രങ്ങൾ
തിക്കിത്തിരക്കിയൊഴുകുന്നതീ വഴി.

നെഞ്ചത്തു കൂർത്ത നഖങ്ങളാഴുമ്പൊഴും
മിണ്ടാതിരിക്കാൻ നിയുക്തനാണെങ്കിലും
നാക്കിൽ തറച്ച ത്രിശൂലം വലിച്ചൂരി
നാട്ടുന്നു ഞാനീ വഴിയ്ക്കടയാളമായ്.

## ഇന്നലെ വന്നവർ

ഇന്നലത്തെ വാക്കുകളും രുചികളും
മറന്നുപോയി
ഇന്നലെത്തെ മുഖങ്ങളും കുപ്പായങ്ങളും
മറന്നുപോയി
എങ്കിലും
ഇന്നലെ ആരെക്കെയോ വന്നതും
എന്നോടു സംസാരിച്ചതും
മുറ്റം നിറയെ കോലായ നിറയെ
അകായ നിറയെ കിണർ നിറയെ
അവർ തുളുമ്പിനിന്നതും
കുട്ടികൾ ഓലപ്പന്തു തട്ടിക്കളിച്ചതും
ഓലപ്പീപ്പി വിളിച്ചതും
പാവക്കുട്ടികളെക്കൊണ്ട് ചിണുങ്ങിപ്പിച്ചതും
ഞാനോർക്കുന്നു.

എപ്പോൾ വന്നു ഇനി എപ്പോൾ–
വേലിക്കെട്ടിൽ ചെമ്പോത്തുകൾ ചോദിച്ചുകൊണ്ടിരുന്നു

വയറുനിറഞ്ഞ പെൺകിടാങ്ങൾ
വയറൊഴിഞ്ഞ കുട്ടികൾ
ആണ്ടറുതിയുടെ മീശവെച്ച്
മിനുങ്ങിനിൽക്കുന്ന പുരുഷന്മാർ
കിടക്കകളില്ലാതെയുറങ്ങിയവർ
മടക്കയാത്രയ്ക്കു സഞ്ചിയൊരുക്കി വെയ്ക്കുന്ന മുത്തശ്ശിമാർ
മുറ്റത്തു പൊട്ടിപ്പൊളിഞ്ഞ പന്തുകൾ
കീറിപ്പറിഞ്ഞ പാവകൾ
മാഞ്ഞുപോയ ചന്ദനക്കുറികൾ
അവകാശം ചോദിച്ചു തളർന്നനാവുകൾ
പഴത്തോലിൽ ചവിട്ടിവീണു കരയുന്ന കുട്ടികൾ...
ഇനിയാരും വരാനില്ല
കൈ നീട്ടുവാനില്ല
ചിരിച്ചു വന്നവർ കരഞ്ഞു മടങ്ങുന്നത്

എപ്പോഴുമാവാം
തോരാതെ സംസാരിച്ചവർ
തുറക്കാതെ കോണുകളിലിരിപ്പായി.

ഇന്നലെ അന്തിയിൽ
പാൽച്ചറപ്പാത്രവും കുഴലുമായി വന്ന
ഒരു കുസൃതിയുടെ
ചുണ്ടുതോരാതെയുള്ള ഊത്തിൽ
നിലവിളക്കിനു ചുറ്റും തുരുതുരാ
നിഴലാടുന്ന പൊള്ളങ്ങൾ പാറി
ചിലത് മഴവില്ലായ് പൊലിഞ്ഞു
ചിലത് വായുവിൽ തൂങ്ങിനിന്ന്
ഒരുൽക്കണ്ഠ നുണയിപ്പിച്ചു

ഇന്നേയ്ക്ക്
ഒരു കുമിളപോലും ബാക്കിയില്ല.

# എന്റെ മണ്ണ്

മണ്ണിൽ കുഴികൾ കുത്തി
ഓരോ കുഴിയിലും സ്വകാര്യം പറഞ്ഞു
വായ അടച്ചുവെച്ചു.
വഴിയാത്രക്കാരുടെ കണ്ണും കാതും
വയ്യാവേലികളിൽ
വെള്ളരിവള്ളികളായി പടർന്നു
രഹസ്യം വിളിച്ചു പറയാൻ
മണ്ണിന്റെ വായ തരിക്കുന്നു
മാറിൽ കാത് ചേർത്താൽ
വാക്കുകളുടെ തുടിപ്പു കേൾക്കാം.

മണ്ണിൽനിന്നേ മുളയ്ക്കൂ എന്നില്ല
ആകാശത്തു മുളയ്ക്കാനും മണ്ണ് വേദനിക്കണം
എന്റെ സങ്കടമാണ് മണ്ണ്.

മണ്ണേ നിൻ നുണക്കുഴിയി-
ലെൻ കരളൊരു
കാക്കപ്പുള്ളിയായ് നിന്നു തിരിയുന്നു
ഈ പോക്കുവെയിലിൽ ഞാൻ നിന്നോടു ചൊല്ലിയ
കാരിയം കുന്നിൻപുറത്തു തുടുത്തു പഴുത്തൂ
രാവെത്തിയാലോ
എനിക്കതിൻ ചാറിൽനി-
ത്തിരി ചുണ്ടിൽ പകർന്നുതായോ.

തന്റെ പാപങ്ങൾ നുരയ്ക്കുന്ന വിസ്മൃതിയിൽ
എന്റെ മോഹങ്ങൾ മുളയ്ക്കുന്നതിവിടെ.

പച്ചവെള്ളം തേടിയെത്തിയൊരിക്കൽ നിൻ
അന്തപ്പുരത്തിന്നദൃശ്യതടങ്ങളിൽ
എങ്ങുമിരുട്ടാണിരമ്പമാ, ണ്ണൂറ്റുകൾ
പൊള്ളുന്നു വാതിലടഞ്ഞു കിടക്കവേ
കോറിമുറിഞ്ഞ വിരലുകളീമ്പി ഞാൻ
ഓരോ തുടരിലും വേച്ചു വിതുമ്പവേ

അച്ഛൻ വിളിച്ചു, 'മകനേയിപ്പെണ്ണിന്റെ
ഇച്ഛകൾതോറും കയറിയിറങ്ങുക
ഇച്ഛകൾ പൂത്തൊരു നീലത്തടാകമാ-
ണക്കരെ, യാഴത്തിലൊത്ത നടുക്കു ഞാൻ
ഓർമ്മകൾ പൂങ്കുലകൾ ചെത്തിക്കുഴിച്ചിട്ട
സോമകലശം നീ പൊക്കിയെടുക്കുക.'

ഞാൻ പിറക്കുന്നതിൻമുമ്പേ
എൻ താതൻ കുഴിച്ചിട്ട
വീഞ്ഞാണു നിന്റെ മടിത്തടത്തിൽ
എന്തു തുടുപ്പായിരിക്കാം
എന്തു ലഹരിയാണക്കലത്തിൽ!

## ആരോഹണം

ആരുടെ മുഖത്തിലും ചാപ്പകുത്താതെ, നാളെ-
യാരുടെ നട്ടെല്ലാലുമങ്ങാടി പണിയാതെ
പോരിക ഭവാൻ വന്നു കേറികിസ്സിംഹാസനം.

തുരുത്തിൽ ജനനത്തിൻ ഗസലുണ്ടിരമ്പുന്നു
ഉയരങ്ങളിൽ മണിക്കൂട്ടങ്ങൾ മുഴങ്ങുന്നു
മാംസവുമെല്ലും കൂടിയുരുകും മണൽക്കാട്ടിൽ
നീ പൊഴിച്ചൊരു* 'മന്ന' ഓർമ്മയായൊലിക്കവേ
വരുമോ വീണ്ടും സിംഹമേഘങ്ങൾ വാനങ്ങളിൽ,
പ്രളയമൊരുവട്ടംകൂടി...! നീയപ്പോൾത്തന്നെ-
യുണരില്ലയോ, ജലപിശാചിൻ വായിൽ പൈക്ക-
ളണയും മുമ്പേ പച്ചക്കുന്നുകളെടുത്തു നീ
കുടയായ് പിടിക്കില്ലേ?

ധാന്യങ്ങളൊളിപ്പിച്ച മച്ചിനു താഴെ കാള-
ച്ചാലിയായ് നുരയ്ക്കുന്നൂ നിന്നുടെ പ്രിയംകരർ
അന്നം വാക്കന്നംരാജാവെന്നു താൻ സ്തുതിക്കുന്നു,
അന്നന്നു കാണും സ്വപ്നം തുണയായിരിക്കട്ടെ.
ധാന്യത്തിൻ മുളയിലെ മാർദ്ദവംപോലെ നിന്നെ
സ്നേഹിക്കുമവരെന്നും നിന്നുടെ കൊടിക്കീഴിൽ.
വളഞ്ഞുവെയ്ക്കും നിന്നെ നീയെങ്ങു നടക്കിലും
വിശന്ന മനുഷ്യന്റെ ക്രോധവും വിഷാദവും.

അറവുപുരയുടെ വാതിൽക്കൽ കൂട്ടംകൂടി
അമറുമുൽക്കണ്ഠകൾ നിന്നോടിന്നിരക്കുന്നു
ഇതു നിൻര രക്തം ഞങ്ങൾ-
ക്കാകുമോ ത്യജിക്കുവാൻ
ഇതു നിൻ മാംസം ഞങ്ങൾ-
ക്കാകുമോ കൈമാറുവാൻ

നാളെയെക്കുറിച്ചുള്ള നാമരൂപമായൊരു
ചേലെഴും **വെള്ളാരങ്കല്ലെവിടെക്കിടക്കുന്നു
പണ്ടുതിർന്നൊരു ധ്രുവതാരകമേതോ മര-

ക്കൊമ്പിലിപ്പോഴും മിഴികൂമ്പാതെയിരിപ്പുണ്ടോ
മടക്കിപ്പിടിച്ച നിൻ കൈയൊന്നു നിവർത്തിയാൽ
പിടിച്ചു പിടച്ചൂർന്നു വീഴുമെൻ സ്വപ്നങ്ങളോ?

---

*  മന്ന മഴ - ബൈബിൾ

** "…. and I will give him a white stone
with a new name written on the stone..." (Revelation: Bible)

## കാണാത്ത വഴികൾ

### (എ. അയ്യപ്പന്)

യാത്രയാവുന്നേൻ, നിന്റെയുന്മാദം തെളിക്കുന്ന
രാത്രിസഞ്ചാരത്തിന്റെ പാതവിട്ടകലുന്നൂ
വന്യമാം കാരുണ്യത്തിൻ പൊന്തകൾ വകഞ്ഞൊഴി-
വാക്കി ഞാനകലുന്നൂ.
കറുത്ത നിലാവിന്റെ ലഹരി പൂക്കും പാട-
ത്തുതിരും നക്ഷത്രങ്ങൾ പെറുക്കിയെടുത്തെന്റെ
കൈയുകൾ കുഴഞ്ഞുപോയ്.

കാണാതെ പോകാനെത്ര പാടുപെട്ടു ഞാ,നെന്റെ
കാൽച്ചോട്ടിൽ കിടപ്പതു നീയാണെന്നറിഞ്ഞിട്ടും
ചവിട്ടിനടക്കുന്നേൻ.

മുതുകിൽ വീടും പേറി
ഇരടി നീങ്ങുന്നൂ ഞാൻ
ഇനിയേതടുപ്പെന്നെ-
യെങ്ങു കാത്തിരിക്കുന്നൂ.

ആശിസ്സിന്നുയർത്തിയ
നിൻ കൈയിലാകാശത്തി-
ന്നാർദ്രതയൊരു വെള്ള-
പ്രാവായിക്കുറുകവേ
'അരുതേ യാത്രാമൊഴി'-
യെന്നു നിൻ ചുണ്ടിൽനിന്നും
ഉതിർന്നൂ ഉതിർന്നീല
പ്രാണനിലിടിവെട്ടി.

'നാം നീറ്റുകുമിളകളെങ്കിലും കുനിയാതെ
സ്നേഹധീരമീ സ്വപ്നം കാക്കു'കെന്നാശംസിക്കെ
സൂര്യബിംബത്തിൽനിന്നെൻ വാക്കുകൾ തപിക്കുന്നൂ
കാണാത്ത വഴികളെൻ കണ്ണിനെ വളയുന്നൂ
-നിന്റെ നെഞ്ചിലെദ്ദേവദാരുവെ മറുച്ചെടു-
ത്തെന്തിനെൻ കിളിയ്ക്കാടാൻ പൂമണിയറ തീർത്തേൻ

കഠിനകാലത്തിന്റെ
ഛന്ദസ്സു മുറിച്ച നീ
കുറിക്കും തുടുലിപി-
പ്പേച്ചുകളെൻ പിന്നാലെ

ജന്മത്തിൻ കരിംപാറ
കെട്ടിയിട്ടൊരു കുഞ്ഞി-
നാക്കിന്റെ തിരമാല-
ച്ചിന്തുകളെൻ പിന്നാലെ.

യാത്രയാവുന്നേൻ, ബോധവിത്തുകൾ മുളയ്ക്കാത്ത
ക്ഷേത്രത്തെപ്പിന്നിട്ടു ഞാൻ - ഇനിയുമെങ്ങോട്ടാവോ.

## തഴമ്പ്

തഴക്കം വന്നാൽ തഴമ്പാവും
പഴക്കം ചെന്നാൽ പുരാണം

പണിയെടുക്കാത്തവന്റെ അടയാളമല്ല തഴമ്പ്
കഥയില്ലാത്തവന്റെ എഴുത്തല്ല പുരാണം
എന്റെ കൈയിൽ കൈക്കോട്ടില്ല
എങ്കിലും കായ്ച്ചു വരുന്ന തഴമ്പ്
എന്നെ കർമ്മയോഗിയാക്കുന്നു
ഞാനൊരു ചരിത്രം സൃഷ്ടിച്ചിട്ടില്ല
എങ്കിലും എനിക്കൊരു പുരാണത്തിന്റെ മണമാണുള്ളത്.

ചോക്കുപൊടി തട്ടിക്കളയുന്നതിനിടയ്ക്കാണ്
എന്റെ കൈ ശരിക്കും ഞാൻ കണ്ടത്
ചൂണ്ടുവിരലിനും
ഉള്ളം കൈയിനും ഇടയിലെ കുന്നിൽ
തീ തിന്നുന്ന ഒരു പക്ഷി കൂടുകൂട്ടിയിരുന്നു
അതിന്റെ ഒന്നാം കണ്ണിൽ വിശപ്പ്
രണ്ടാം കണ്ണിൽ കാമം
എത്ര കുടഞ്ഞാലും
തെറിച്ചുപോകാത്ത ആ പക്ഷി
എന്നെ കൊത്തിക്കൊണ്ടിരുന്നു.
ഉള്ളു തുരന്നു പോകുന്ന
ഒരു വ്രണത്തിന്റെ ജീവൻ-
വേനലിൽ അത് മുഖംമൂടിനിന്നു
വർഷത്തിൽ അത് ചായം കലക്കി
ശിശിരത്തിലാണ് അത് തളിർത്തത്
വീണ മീട്ടുമ്പോൾ അത് കരഞ്ഞുകൊണ്ടിരുന്നു.

തഴമ്പുകളുടെ നാട്ടിൽ
തഴമ്പില്ലാത്തവരെ തേടിപ്പിടിക്കാൻ
ആർക്കു കഴിയും
കള്ളത്തഴമ്പുകാരെയും
യഥാർത്ഥത്തഴമ്പുകാരെയും

എങ്ങനെ വേർതിരിക്കാം
ഒരു പ്ലാവില പെറുക്കാൻപോലും
കുനിയാത്തവർക്ക്
എങ്ങനെ കൂനു വന്നു
സ്വന്തം സങ്കടങ്ങളെ ഉന്തിനീക്കുവാൻ
മെനക്കെടാത്തവർക്ക്
എങ്ങനെ തഴമ്പുവന്നു.

ചെംകൊടി പിടിച്ചാൽ തഴമ്പ്
ചമ്മട്ടി പിടിച്ചാൽ തഴമ്പ്
ചെങ്കോൽ പിടിച്ചാൽ തഴമ്പ്
പേന പിടിച്ചാൽ തഴമ്പുണ്ടാകുമോ
വെറുതെ ഇരിക്കുന്നവന്റെ
വെറുപ്പാണോ ഈ തഴമ്പ്.

എങ്കിലും എന്റെ തഴമ്പിന്റെ പുരാണം
ഇങ്ങനെയൊന്നുമില്ല.

എവിടെയെന്നറിയാത്ത
ഒരു നിധിപേടകത്തിന്റെ താക്കോൽ
എന്റെ കൈയിലുണ്ടായിരുനനു
ആരും കാണാതിരിക്കാൻ
കട്ടെടുക്കാതിരിക്കാൻ
ഞാനതെപ്പോഴും മുറുകെപ്പിടിച്ചിരുന്നു
ഞാനൊരു മുഷ്ടിയായിരുന്നു
ആളുകളെന്നെ വിപ്ലവകാരിയെന്നു വിളിച്ചു
പിറന്ന പാടേ
തുറക്കാതൊട്ടിപ്പോയ കൈകണ്ട്
ചിലർ എന്നോട് സഹതപിച്ചു.

ഈ മുഷ്ടിയിൽ എന്റെ ദുരയായിരുന്നു
ഈ മുഷ്ടിയിൽ എന്റെ മക്കൾ കണ്ണടച്ചു.

ഒരു പലർച്ചെ
ഞാനുണർന്നപ്പോൾ

എന്റെ മുഷ്ടിയും തുറന്നിരുന്നു
എവിടെയെന്നറിയാത്ത നിധിയുടെ താക്കോൽ
നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു.

നിഷ്ഫലമായ കാലങ്ങളിൽനിന്നു വരുന്ന
ഈ കൈയിൽ പകരമായി
ആരാണ്
ഒരുപിടി നെല്ലിക്ക വാരിയിട്ടത്?

## കവിയുണര് പൂവുണര്

പാവം കുട്ടികളുടെ കൈയിൽ
ആരാണീ ആയുധങ്ങൾ കൊടുത്തത്
സ്വന്തം നെഞ്ചിലെ കിളികളെത്തന്നെ
അവരാദ്യം അറുത്തുവീഴ്ത്തുകയാണല്ലോ

ഈ കുട്ടികളെപ്പോലെ കവിതയും പാവമല്ലേ?
കവിതയുടെ കൈയിൽ
ത്രിശൂലങ്ങൾ കൃപാണങ്ങൾ
യുദ്ധക്കുരിശുകൾ... കൊടുത്തതാരാണ്.
പാവം കുട്ടികൾ ഒന്നും അറിയുന്നില്ല.
പാവക്കുട്ടിയും പറവയും
കൃഷ്ണശിലയും വർണ്ണമണിക്കല്ലുകളും
ചോലയുടെ കണ്ണാടിയും
ആടിന്റെ അകിടും
ആനവാലിലെരോമംകൊണ്ടുള്ള മോതിരവും
അയൽക്കാരന്റെ കെട്ടുപോയ വിളക്കും
തിരി നീട്ടാൻ വിറയ്ക്കുന്ന വിരലും അല്ലാതെ
കുട്ടി ഒന്നും അറിയുന്നില്ല.

‘കുഞ്ഞുവിരൽ ചൂണ്ടുന്നേടം
കുഴിവട്ടം വീശിയടുത്ത്
വലുതായിത്താഴുമ്പോൾ
ഓരോരോ പാമ്പേരിച്ചുറ്റുകളിന്മേൽ
ഒന്നു കിതച്ചൊന്നു ചവിട്ടി
ആഴങ്ങളിലവതാരങ്ങൾ
പാറകളിൽ മുലകൾ ചുരത്തി...
കോലുകളായ് താഴോട്ടങ്ങനെ
തെളിനീരിന്നുറവുകളായ്
ആരീരോമാരീരോം....
അമ്മയുടെ താരാട്ടിൽ
ആകാശം പൂചൊരിയേ
ഉണ്ണികളിന്നെവിടെപ്പോയ്?

-മൂക്കാത്തൊരു കോടിക്കായ്കൾ
ഓർക്കാതെ പഴുത്തു കൊഴിഞ്ഞോ?

ആരേയിക്കുഞ്ഞിക്കൈയിൽ
ഉറയൂരിയ വാളു കൊടുത്തു
ഉറയൂരിയ നാഗങ്ങളുടെ
നിറകയിലെ രത്നമെടുക്കാൻ
പോകുന്നോ കൂട്ടക്കാരേ,
-മാണിക്യം കിട്ടീലെങ്കിൽ
പകരത്തിന്നെന്തുണ്ട്?

ചരിത്രത്തിന്റെ ചിത കത്തുന്ന
ഈ പോക്കുവെയ്‌ലിൽ
പുസ്തകഭാണ്ഡങ്ങളുമായി
കുട്ടികൾ തളർന്ന് വീട്ടിലേയ്ക്ക് മടങ്ങുന്നു.
അവരുടെ ശലഭങ്ങളെ ചിറകു പറിച്ചിട്ടിരിക്കുന്നു

പരിചിതരുടെയും അപരിചിതരുടെയും
വൈകുന്നേരങ്ങളിൽ
കുട്ടികളോട് പറഞ്ഞിരുന്നു:
കൂട്ടിത്തൊടരുത് കുട്ടികളേ
മൂലയിൽ വെച്ച ആ പാത്രങ്ങൾ
വിരുന്നുകാർക്കുള്ളതാണ്
അപ്പുറത്തിരിക്കുന്ന ഗ്ലാസ്സുകൾ
ബന്ധുക്കൾക്കുള്ളതാണ്.

ഓരോ ജാതിക്കാർക്ക് ഓരോതരം പാത്രം
ഓരോ പാത്രത്തിൽ ഓരോതരം കവിത
സ്ഥാനമാനങ്ങളുടെ നിറങ്ങൾ
പലഹാരങ്ങളായി
വിവിധ ഛന്ദസ്സുകളിൽ നിരക്കുന്ന
ഈ സായാഹ്നം
എപ്പോഴാണ് അവസാനിക്കുക.
മനസ്സാലെ തിളപ്പിച്ചെടുത്ത
ആവി പാറുന്ന ഒരു കട്ടൻകവിതയ്ക്കുവേണ്ടി

ആരും ദാഹിക്കുന്നില്ലേ?

‘ഏഴു വീടേ തുയിലുണര്
ഏഴു വീടും കവിതയുണര്
ഏഴു നാടേ തുയിലുണര്
ഏഴുലകും കവിയുണര്
ആരുയിരാം പൈതങ്ങൾ
നേരറിവാൻ തുയിലുണര്
ഏഴുനിറം തുയിലുണര്
‘പുലരൊലിയായ് പുഴയുണര്
പുഴക്കിൽ പൂവുണര്.’

# ഉള്ളി

ഓരോ പാളിയായ് ചീളുചീളായ്
എന്നെ നീ ചീന്തിയിടുന്നു
പൊളിച്ചു പാളിച്ച് എത്തുന്നതെവിടെയാണ്?
ഞാനോരോ പോളയായിരുന്നു
പോളയുടെ സമഗ്രതയിൽ
വെളിച്ചത്തിന്റെ കുംഭഗോപുരവും
കണ്ണീരിന്റെ ചൂടും ഉണ്ടായിരുന്നു.
നഷ്ടവും ശാപവും
അനുഗ്രഹവും സാങ്കല്പികശയ്യകളും
ഫണതാണ്ഡവവും
അനന്തതയുടെ തൃക്കണ്ണിലഗ്നിയും ഉണ്ടായിരുന്നു.
കറുത്ത മുലക്കണ്ണുകലിലെ
വെളുത്തു മധുരിക്കുന്ന പുഞ്ചിരിയുമുണ്ടായിരുന്നു.

പിന്നെപ്പിന്നെ പുളിച്ചുതേട്ടുന്ന ഈ ചിരിയിൽ
ഈ ഉള്ളിക്കരച്ചിലിൽ
ഒരുള്ളിച്ചീയലിൽ
കാര്യമെല്ലാം തീരുന്നു.

മഹാഭാരതകഥയിലാടുന്നുള്ളി ഭീമന്മാർ
ഉള്ളിയർജ്ജുനനുള്ളിഗൗരവനായകന്മാർ
ഉള്ളിക്ക്യഷ്ണൻ കലിമലത്തിൽ
തേർ തെളിക്കുമ്പോൾ
മുറത്തിലുള്ളിമനസ്സെടുത്ത്
മുറയ്ക്കു നുള്ളിപ്പൊളിച്ചിരിക്കുക
പിന്നെയിടയ്ക്കിങ്ങനെയീണത്തിൽ
നീട്ടിമൂളുക പെൺകിടാവേ
തൊലിതൊലിയായ് ജീവിതമേ
പൊലി പൊലിയോ പൊലി പോലി.

## അവന്റെ വിചാരങ്ങൾ

സോണിയാ ചുംബിച്ചൂ നീ എന്നെയോ എനിക്കായോ
ദീനന്റെയുയിർത്തെഴുന്നേല്പു നീ വായിക്കുന്നൂ
നടുക്കു മെഴുതിരി ഭിത്തിയിലിരുനിഴൽ
അടുക്കുന്നകലുന്നൂ ചിതറും വെളിച്ചത്തിൽ
ഇരുണ്ട കയറ്റങ്ങൾ ചവിട്ടിക്കയറി ഞാൻ
വരുന്നതിവിടേയ്ക്കാണെന്നതേ നിനച്ചില്ല
അത്രയ്ക്കു പരിചിതമല്ല നിൻ മുഖമെന്നാൽ
എപ്പൊഴോ തമ്മിൽ കണ്ടു പിരിഞ്ഞിട്ടില്ലേ നമ്മൾ.

സോണിയാ പുതപ്പിക്കുന്നെന്നെയോ, എനിക്കായോ
നാളേയ്ക്കു കരുതിയ വിറകും തുലയ്ക്കുന്നൂ
ക്ഷമിച്ചൂ നീ മാത്രമെൻ തെറ്റുകുറ്റങ്ങൾ, മതി,
വിലങ്ങുവെച്ചെന്നെ നീ കൊണ്ടുപോകണം നാളെ

കൊല്ലുവാൻ കരുതിയി,ല്ലെൻ കരം മുറുകിയ-
തെന്തിന്, എന്തേ നേടി ഭ്രാന്തമീയലച്ചിലോ.
വിശപ്പെൻ വഴിവെട്ടിമുറിച്ചു, വാളിൽകൂടി-
യലഞ്ഞേൻ കൈകുറ്റങ്ങളെൻ മനസ്സറിഞ്ഞതോ.
വായിച്ചതെല്ലാമൊരു മാത്രയിൽ ചാമ്പൽക്കൂന
കാണിച്ചതെന്തെൻ കൈകൾ, സോണിയാ, നശിച്ചൂ ഞാൻ.
ഇന്നോളം മുറിച്ചിട്ടു പോന്നൂ ഞാൻ സ്വപ്നങ്ങളെ
ഇന്നു നിൻ വാക്കോരോന്നിലെൻ രക്തം പൊടിയുന്നൂ
ഏറ്റുചൊല്ലുവാൻ വന്നതല്ലിതു യദൃച്ഛയാ
കാറ്റത്തു കരിയിലപോലെ കൊണ്ടെത്തിച്ചതാ,-
ണൊരു നീ കൊടുംരാവിൽ കുന്നത്തു വാതിൽ തുറ-
ന്നാരെക്കാത്തിരിക്കുന്നൂ, ഇന്നത്തെയതിഥി ഞാൻ.
നോക്കുകിക്കൈയിൽ ചാരമാകാത്ത കനൽക്കട്ട
നായ നക്കിടും വ്രണമാണെന്റെ ഹൃദയത്തിൽ
പായലു പിടിച്ചതാണെൻ തല, കാൽച്ചോട്ടിലി-
ന്നാരുടെ വല വന്നു വീഴുന്നൂ, ചെറുക്കാതെ
വീഴണം - എന്നെക്കൊണ്ടു പോകട്ടെ ബലിക്കല്ലിൽ
ഉരുകിയൊലിക്കുന്നൂ

മെഴുകുതിരി, യെന്റെ
മുഖത്തു വീശുന്നേതോ
വനത്തിൻ വിഷാദങ്ങൾ
ചങ്ങലയിഴച്ചെന്റെ
രക്ഷകൻ വരുന്നുണ്ടോ
എങ്ങനെയവനോടു
യാചിക്കും വിമോചനം.

## കുറിപ്പുകൾ

### അത്യാചാരം

നാലും കൂട്ടി മുറുക്കി നിൽക്കുമ്പോൾ
കൊലപാതകിക്കുള്ള മുകറാണെനിക്ക്
നാലും മുറുക്കിക്കൊഴുത്തു തുപ്പുമ്പോൾ
ഹൃദയം ചവച്ചാഞ്ഞു തുപ്പുന്നപോലൊരു
രസമാണെനിക്ക്.

### ഒഴിമുറി

'ഒഴിമുറി' തന്നു ഞാൻ പോരുമ്പോൾ
ഒടുവിലെൻ മുറ്റത്തെ നോക്കിനോക്കി
പടിചാരിപ്പോരുമ്പൊ,ളൊന്നുമാത്രം
പറയുവാൻ തോന്നുന്നു പെങ്ങന്മാരേ
അരുതരുതുവെട്ടരു,തുമ്മറത്തെ
പടരുന്ന മാ,വതിൻനെഞ്ചിലുണ്ണി-
ക്കനവുകൾ തേൻകൂടു കൂട്ടിടുന്നു.
ഒരു തുള്ളിത്തോട്ടിലിൽ മൂളിമൂളി
ഇവിടെയെൻ ബാല്യമുറങ്ങിടുന്നു.

### നഷ്ടം

ഇതു വെറും വകരളും കുറികളും-
അലസനിമിഷങ്ങളിൽ
അറിയാതെയോർക്കാതെ
ഒരു കരിക്കട്ടയാൽ
വിരലുകൾ കുറിച്ചിട്ട
ദൈവക്കിറുക്കുകൾ.
ചെമ്പട്ടു ചുറ്റിയും
കുടമണി കിലുക്കിയും
എൻ മുന്നിലാരേ
തുള്ളി മറയുന്നു.

ഇതു നാട്യമോ,

എന്നിലെ കർക്കടകരാത്രികൾ
വെട്ടിപ്പിളർന്നു മരങ്ങളിൽ
ഉണ്ണിപ്പറവകൾ തേടുന്ന
ചന്തമോ ശൈലിയോ?

ഇത്തിരിച്ചെക്കനെന്നുള്ളിൽ ചിരിക്കയാ-
ണെത്ര വളർന്നൂ!

## എത്ര കാലം

ഏറിയാലെത്ര കാലമീയൂഴിയിൽ
താരും തളിരും
കിനാക്കളും കൂടിയി-
ങ്ങേറിയാ,ലെത്ര കാലം.

വേലിയായ് ചുറ്റും പടർന്നേറിടും, മുള-
ങ്കാടുക,ളേറിയാലെത്ര കാലം.
പഴകിയോരോർമ്മകൾ സ്വർണ്ണ-
ക്കുലകൾ ചൊരിഞ്ഞു
മുടിയുവാനിനിയെത്രകാലം.

## അളുക്ക്

ശരിക്കൊന്നുറങ്ങിയോ താങ്കൾ
മുഴുക്കെയുണർന്നുവോ എങ്കിലിപ്പോൾ
ശരിക്കുമീ മണ്ണിൽ നടക്കുന്നുവോ
ശരിക്കെത്ര ദൂരം കടന്നു പിന്നെ.

പ്രഭാതം പുകക്കുഴലൂതിയെത്തുന്നൂ
മുഖത്താഞ്ഞു തുപ്പിത്തിളച്ചു തുള്ളുന്നൂ.
അഹങ്കാരഭണ്ഡാരമേറ്റിക്കിതച്ചേ
പതയ്ക്കും നിരത്തിൽ നീയൊറ്റയായങ്ങനെ
ഇടവഴികൾ പാലകൾ ചോലകൾ നതോന്നത
ഹൃദയങ്ങൾ പകരുന്ന ചിരി നർമ്മദുഃഖം...
ഇതുകൾ വെടിഞ്ഞവൻ പുണ്യം തിരസ്കരി-
ച്ചിതുവഴിയിന്നു നീ പാടുന്നതെന്തേ.

തിരക്കിട്ടു പായും വിചാരങ്ങളെപ്പിടി-
ച്ചടച്ചിട്ടുള്ളുക്കിൽ ചെവിയോർത്തു നിൽക്കെ
ശരിക്കും ചിരിച്ചുവോ താങ്കൾ.

ഒരു വെള്ളപ്പറവപോൽ വാനം ചിലപ്പോൾ
കടുനീലക്കരിയായ് മുരളുന്നതില്ലേ
മുരളലൊരു മുഴക്കമായ്
മുഴക്കങ്ങളശ്വത്ഥ-
ശിഖരങ്ങളായിക്കുലുങ്ങുന്നതില്ലേ.

മന്ത്രങ്ങൾ ചക്രങ്ങൾ മുദ്രകൾ നിലച്ചുപോയ്.
മണ്ണു പിളർന്നാ ദയാവതി താഴ്ന്നുപോയ്
സത്രമടച്ചു, പലേ വഴി വീശി നീ-
യെത്തിച്ച ചൂട്ടും പൊലിഞ്ഞുപോയ്, നിദ്രയുടെ
ചന്ദ്രനിലേയ്ക്കൊന്നുപോയ് ചെന്നു പോരുവാൻ
ഇനിയെത്ര കാലം.

## മറുപുറം

മകൾക്കു തലവേദന
അവൾക്കാകെയൊരരസ്കൃത
അവളിതു നടാടെ-
യാസ്പത്രിയിൽ വന്നതല്ലേ

ഉടൽ വീർത്തു വലുതായി
കണ്ണുകൾ ചുരുങ്ങി
ഒച്ചകൾ താണു താ-
ണടിയറ്റത്തോളം പോയ്,
ഇനിയൊളിച്ചു കളിക്കുവാൻ
വയ്യാത്ത മുഖങ്ങളെ
അവളാദ്യമായ് കാണുകയല്ലേ.

നിറപ്പുഴ വെള്ളത്തിൽ
പങ്കായക്കൈയിൽ പിടുത്തവും തെറ്റി
ഇടറിച്ചുറ്റുന്ന
പകലിന്റെ തോണികൾ,
മുറിവേറ്റ സൂര്യചന്ദ്രന്മാർ
ജമന്തികൾ താരകൾ,
ഒരു വാഴ്വിനിനിയും
തുടിപ്പുകൾ നൽകുവാൻ കഴിയാതെ
ഇരുളുന്ന
തുളവീണൊരാകാശഹൃദയം....

ഇവിടെ നിലച്ച
ചുവടുകൾ ചവിട്ടുകൾ,
വട്ടം പിടിച്ചാലും
ഒരു തരിവാക്കും വന്നു
കിക്കിറുണിപ്പെടുത്താത്ത കാതുകൾ...
പല വയസ്സുകളി-
ലെടുത്തു ചൂടിയ പൂവുകൾ
പഴകിക്കുതിർന്നു
ഗന്ധങ്ങൾ പുഴുകുന്ന കോശങ്ങൾ...

അവളിതാദ്യമായ്
കാണുന്നൂ മറുപുറം.

കറുകറുത്തു
ചുഴികുത്തു-
മവയുടെയർത്ഥങ്ങൾ
വായിക്കുവാനറിയാതെ
അവളിത്തലവേദനയുമായ്
എത്ര നാളലയണം.

പതിച്ചുകിട്ടിയ നിലം
വിണ്ടുവെടിച്ചു കീറി-
പ്പിളർന്ന വായയിൽ
മിണ്ടാപ്രാണന്റെ ഗഹ്വരത്തിൽ,
നിലച്ചുപോയോരനന്തയാത്ര തൻ
പർവതഗർത്തങ്ങളിൽ
ഒരു നിമിഷമെത്തിനോക്കുക
മകളേ മടങ്ങാം.

കയറുമ്പോഴെന്തു
കൊടുക്കണമെന്നും
ഇറങ്ങുമ്പോഴെന്തു
പറയണമെന്നും
അറിയാതെ കുഴയുവോർ നമ്മൾ.

പ്രിയംകൊണ്ടിറുക്കി-
പ്പിടിക്കുമക്കൈകളഴിച്ചു മാറ്റീടിലും
പിന്നാലെ
ഏതു കൊടുമുടിത്തുഞ്ചത്തുമെത്തി
കാലിൽ പിടിച്ചു വലിക്കും കടലിനോ-
ടെന്തു പറഞ്ഞൊഴിയുന്നു നമ്മൾ?

## പരാധീനം

കത്തുന്ന ചക്രം
കനൽക്കട്ട ചീറ്റിക്കറങ്ങുന്ന ചക്രം
നിർത്തുക ഹേ രുദ്രസൂര്യാ

വാഴക്കുടപ്പൻ വിരിഞ്ഞില്ല, നെല്ലിന്റെ
പോള തുറന്നില്ല, പുത്രന്റെ
ശയ്യയ്ക്കരികിൽ കലങ്ങി മറിയുന്നു താതൻ

മോഹിച്ചുതീരുന്നു മാൻപേടകൾ, മണൽ-
പഞ്ചാര തിന്നു മദിക്കുന്നു ലോറികൾ.
അസ്ഥികൂടങ്ങൾ നദികൾ വിയർത്തതിൽ
ഇത്തിരിപ്പച്ചകൾ പൊട്ടിക്കിളിർക്കുമോ
നട്ടുച്ചപൂട്ടിത്തിളയ്ക്കും കുഴൽവഴി
എത്തുവതെന്താണു പാലോ കുരുതിയോ.

രാവിന്നു പന്ത്രണ്ടു നാഴികയല്ലയോ
നാഡികളൂറ്റുന്ന രാപ്പനിയായി നീ
വാതായനങ്ങളിൽ വന്നിരുന്നിങ്ങനെ-
യോരോ ചുടുകാറ്റുവീപ്പ തുറക്കവേ
ഞെട്ടിത്തെറിക്കുന്നൊരുണ്ണിയെ തൊട്ടിലിൽ
തന്നെ കിടത്തി മൂളുന്നു ഞാനിങ്ങനെ:
'എത്രയ്ക്കുയിരു പിടക്കിലും പിന്നെയും
അത്രയ്ക്കടുത്തു വിളിപ്പൂ കിനാവുകൾ
രാവിതു ചീർത്തു മലയ്ക്കുമ്പൊഴേയ്ക്കുമൊ-
രായിരം ചില്ലകൾ പൂക്കാതിരിക്കുമോ.'

തെങ്ങിൻകുരലിൽ കനലിട്ടു മേലോട്ടു
പൊങ്ങുന്നു വാനം - പുലർച്ചയോ സന്ധ്യയോ!
മൃത്യുവിൻ മഞ്ചലിൽ വിത്തുമായ് പിന്നെയും
എത്തുകയായിതാ നീലപിശാചിക.
പകലിനും പന്ത്രണ്ടുമണി നേരമല്ലയോ
പിരിയുവാൻ കാലമായില്ലെങ്കിലും, തന്റെ
കരവാളുവീശിയെൻ പ്രിയഭാജനങ്ങളെ

നീ കൊണ്ടുപോയൊളിപ്പിച്ചു....
ഒരു കുമ്പിൾ നിറയെ നീ തന്നിരുന്നെങ്കിൽ
സ്മരണയെ വലംവെച്ചു ധാന്യങ്ങൾ തൂകിയോ
ഉദകം പകർന്നു പോന്നേനേ.

കുടവുമായ് കാതങ്ങൾ കേറിമറിവോരേ
ഒടുവിലാ വഴികളിൽ പ്രാണൻ വിഴുങ്ങിടു-
ന്നൊരു ഭൂതമല്ലേ കുടത്തിനുള്ളിൽ.

നെറ്റിയിൽ കത്തും കുരിശുമായിപ്പൊഴും
ഇറ്റു നനവുള്ളൊരു മണ്ണു തേടുന്നു ഞാൻ
പെരുവിരലുപോലെ ചില മുകിലുകൾ കൂടുന്ന
ഗഗനങ്ങൾ തേടി നടക്കുകയാണു ഞാൻ.

എവിടെ ദയതൂകുന്നു തോരുന്നു പിന്നെയും
മനമായി മരമായി തുമ്പിക്കരങ്ങളായ്
ചൊരിയുന്നതെവിടെയാ-
ണവിടെ ചെറുതുമ്പികളായിപ്പറക്കുവാൻ
എന്നെ ബലിയാക്കുന്നു ഞാനേ.
വണ്ടുകൾ മുരളുമെൻ ചങ്കിൽ തുരന്നുയിർ-
ക്കൊള്ളുന്നൊരുറവുകൾ മുക്കിക്കുടിച്ചെന്റെ
ജന്മങ്ങൾ ദാഹികളാടിത്തിമർക്കുവാൻ
ഇവിടെ ബലിയാവുന്നു ഞാനേ.

---

1991-ൽ ദൽഹിയിൽ സംഘടിപ്പിച്ച ആകാശവാണി ദേശീയ കവിസമ്മേളനത്തിൽ അവതരിപ്പിച്ച കവിത.

## അഞ്ച്ഹരി

(ഒരു സുഹൃത്തിന്)

പകുതി ആയുസ്സു
വിരിപ്പിലാകുന്നു
മടക്കിവെയ്ക്കുവാൻ പുലരണേ ഹരേ
ചിലർക്കൊരായുസ്സു
ചെരിപ്പിലാകുന്നു
അഴിച്ചുവെയ്ക്കുവാനിടയില്ല ഹരേ

വിരിപ്പില്ലാത്തവർ നടന്നു നീങ്ങുന്നു
നിലത്തിലേയ്ക്കൊരു നിലപ്പനപോലെ
കമിഴ്ന്നു വീഴുന്നു
ചിലർ തുടിക്കുന്നു ചലിക്കുന്നുണ്ടന്യ-
ചരണങ്ങൾ തട്ടിച്ചതഞ്ഞരയുവാൻ
ഒരുവനും സാക്ഷി
പറയുവാനില്ല

ചിലർക്കൊരായുസ്സു
കുനിഞ്ഞു തീരുവാൻ
ചിലർക്കൊരായുസ്സു
നിവർന്നു നിൽക്കുവാൻ
ചിലർക്കൊരായുസ്സു
കുനട്ടിരുട്ടിലെ
നവദ്വാരം മുട്ടിപ്പിടഞ്ഞു ചാകുവാൻ

പകുതിയോജസ്സു
കുടിച്ച കിണ്ണത്തിൽ
കഴുകി വെയ്ക്കുവാൻ കഴിയണേ ഹരേ
ചിലർക്കൊരായുസ്സു
കരിക്കലത്തിലാ-
ണതു കിരീടമായ് രസിക്കലേ, ഹരേ.

ചുരത്തിലൂടൊരു

കരിഞ്ഞ ചൂട്ടുപോൽ
മിഴിപൊട്ടി വഴിയടഞ്ഞു നിൽക്കുവോർ
ചിലർ തപ്പിത്തപ്പി-
യിടറുന്നൂ, നേരേ
പല വിരലുകൾ മുഖത്തു തട്ടുന്നൂ

ഒരുവനുമില്ല പുഴയറിയുവോൻ
പുഴനടുവിലെ നിലയറിയുവോൻ
പകുതി ആയുസ്സു
പുഴയിലാകുന്നു
പുഴകൾ വായിച്ചു പുലർച്ചയാക്കുമ്പോൾ
പകുതി ആയുസ്സു
വഴിയിലാകുന്നു
വഴിയിലെ പോത്തിൻ
മുതുകിലാകുന്നു
മുതുകിൽ സ്വപ്നവും
നുണഞ്ഞിരിക്കുന്ന
കിളിയുടെ കൃഷ്ണമണിയിലാകുന്നു

ഒരു പാട്ടും പാടാതിരിക്കുന്ന കിളി
ഒരുവട്ടം കൊത്തി-
ത്തുറിച്ചു നോക്കുമ്പോൾ
അഭയം നീ ഹരേ.

## കാഴ്ച

കയത്തിൽ കരിങ്കാളിയെൻകണ്ണിൽ ചുംബിക്കുന്നൂ
മഷിനോട്ടത്തിൽ പച്ചവെറ്റിലഞരമ്പുകൾ
നൂറായി മുറിയുന്നു

ഇടതൂർന്നൊരു പൊന്ത-
യ്ക്കകത്തു കുരുവികൾ,
ഒരു സർപ്പത്തിൻ ചീറ്റൽ,
കൊത്തുമ്പോൾ കീറിക്കീറി
വരുന്നതാരോ, ചുണ്ടു
പിളുത്തിക്കരയുന്നു
പച്ചമഞ്ഞകൾ-
ചോര വാർന്നൊരു വെളുപ്പുകൾ.

തൊട്ടുതൊട്ടറികയാൽ
കണ്ണുകൾ വേണ്ടെന്നായി
കണ്ടുകണ്ടറികയാൽ
കൈകളും വേണ്ടെന്നായി.

ഗുഹകൾ ഗ്രീഷ്മത്തിന്റെ
പുഴയിലൊലിക്കുന്നു.

നല്ലയൽപക്കക്കാഴ്ച-
യ്ക്കറുതി; ഇന്നാരുടെ
കാറ്റുതട്ടുവാൻ ചൂരു
പിടിക്കാൻ പരതുന്നേൻ.

കണ്ണടയെനിക്കിന്നു കൺമറയ്ക്കുവാൻ മാത്രം
കണ്ണാടിയെനിക്കിന്നു കൈമുറിയുവാൻ മാത്രം.

മുന്നിലിന്നാരോ നില-
വിളക്കു കൊളുത്തുന്നൂ
വർണ്ണങ്ങൾ നാനാതരം
നെയ്തുനെയ്തെത്തും തിര-
ത്തുമ്പാരേ പിടിക്കുന്നൂ.

കലത്തിൽ തലയിട്ട-
തൂരുവാൻ വയ്യാമിണ്ടാ-
പ്പൂച്ചകൾ,
വരമ്പത്തു
പാഴ്ത്തുണിക്കോലത്തിലെ
ഊർധ്വദൃഷ്ടികൾ
കണ്ടതെന്തൊരു വേലക്കാഴ്ച്ച.

പകല് കറുത്തതോ
ഇരവ് വെളുത്തതോ

നാരായം പഴുപ്പിച്ചെൻ
കൈയിലേകിയതാരേ,
അറിയി,ല്ലതെൻ നെറ്റി-
ത്തടത്തിൽ കുത്തിക്കേറ്റി
ഞാൻ നടക്കുന്നൂ
പതുക്കെപ്പതുക്കെയെൻ
വഴിയും തെളിയുന്നൂ.

## ദൈവം ചോദിച്ചു

ഇരുട്ടുപെട്ടിയിൽ
സൂചികൾ കുഴഞ്ഞുവീഴുന്നു
സമയങ്ങളൊന്നായി അടർന്നുവീഴുന്നു
ഇപ്പോൾ ഒഴിഞ്ഞൊരു പാത്രമാണു ഞാൻ
ഇന്നലെയും ഇന്നും മറ്റന്നാളും
എന്തെന്നെനിക്കറിയാനാവില്ല
എല്ലാം കൊഴിഞ്ഞുരുകിപ്പോകുമ്പോഴും
എന്റെ ഹൃദയം മാത്രം ഞാനൊളിപ്പിച്ചുവെച്ചിരുന്നു
അതിത്രയും പൊള്ളയാണെന്ന്
അറിയാൻപോലും ഞാൻ സമ്മിച്ചിരുന്നില്ല.

അലങ്കാരങ്ങൾ ഓരോന്നായി ഊർന്നുപോവുമ്പോഴും
തലയോരോന്നായി അഴിഞ്ഞുപോകുമ്പോഴും
ഞാനാശ്വസിച്ചു
എന്റെ ഹൃദയം കൈമോശം വന്നില്ലല്ലോ
മണങ്ങളോരോന്നായി അകന്നു പോകുമ്പോഴും
ഞാനാശ്വസിച്ചു
എന്റെ മൂക്ക് കൈമോശം വന്നില്ലല്ലോ
കാഴ്ചകളോരോന്നായി വിട്ടകലുമ്പോഴും
ഞാനാശ്വസിച്ചു
എന്റെ കണ്ണ് കൈമോശം വന്നില്ലല്ലോ
രുചികൾ ഇല്ലാതാകുമ്പോഴും
ഞാനാശ്വസിച്ചു
എന്റെ നാക്ക് കൈമോശം വന്നില്ലല്ലോ
കൊടികൾ മുലകൾ പൂവുകൾ അകന്നു പോകുമ്പോഴും
ഞാനാശ്വസിച്ചു
കൈ കൈമോശം വന്നില്ലല്ലോ
ചുംബനങ്ങൾ പാനപാത്രങ്ങൾ അകന്നു പോകുമ്പോഴും
ഞാനാശ്വസിച്ചു
എന്റെ ചുണ്ടുകൾ എനിക്ക് നഷ്ടമായില്ലല്ലോ
ദൈവം ചോദിച്ചു
പിന്നെ -നീ എന്താവും?

## നാരകക്കായ്കൾ

കിളിവാതിൽക്കൽ
നിശ്ശബ്ദമായ സന്ദേശമായി
ഒരു കൈ നീണ്ടുവരുന്നു.
ഏകാകിതയുടെ നരകത്തിൽ
സാന്ത്വനമായി നീ നാരകം.

നാവിലേയ്ക്ക് നിന്റെ ഇലയിലെ
പഴയ സംഭാരത്തിന്റെ രുചി
ഞരമ്പുകളിലേയ്ക്ക്
നിന്റെ പച്ചഗന്ധം.

നിത്യവിരഹിയായ ഋതുവിന്റെ ഓർമ്മയിൽ
നിന്റെ മുഖത്തുരുമ്മിക്കൊണ്ട്
തൊലിയിലൂടെ പുളിയുറുമ്പുകളുടെ
തേനൊലിപ്പാട്ടിനു കാതോർത്ത്
ഞാനിരിക്കുന്നു
അമ്മയുടെ കാൽചുവട്ടിൽ
അച്ഛന്റെ ഒരട്ടിമണ്ണിനു മീതേ
പൊയ്പോയ ദുർമരണങ്ങളുടെ
പ്രണയത്തിനുമീതേ
വിളിച്ചാൽ കേൾക്കാത്ത
പേരുകളടക്കിപ്പിടിച്ച്
നിന്നേടത്തുനിന്നു നീയലഞ്ഞു.
നിഴലുകളായി
പിന്നെയും
പിന്നെയും
കിളിവാതിലിലൂടെ നീ നീട്ടിനിൽക്കുന്നു
കിനാവുകൾ, പച്ചക്കനികൾ
ഉരുണ്ട് പുളിച്ച് അമർഷം നിറഞ്ഞുതൂങ്ങുന്നു.
നിന്റെ വിരക്തി സിരകളിൽനിന്ന്
ചെറിയ ഹരിതഗോളങ്ങളിൽ കളഭം പുരട്ടുന്നു.
ദൈവത്തിനും ജിന്നിനും നീ പൂജാദ്രവ്യം

ജിന്നു മൊത്തുന്ന ചുണ്ടുകൾക്കു നീ സോമം.
പന്തലിലെ ഞെക്കിപ്പിടുത്തങ്ങളിൽനിന്നു വഴുതി
ഉരുണ്ടുപോകുന്ന സമയത്തിന്റെ
പിടികിട്ടാത്ത മാർദ്ദവം.
കടകളിലെ കമ്പിക്കൂട്ടിൽ
മഞ്ഞ മുടുങ്ങകളായി
വരണ്ട തൊണ്ടകളെ ആശയാട്ടിക്കൊണ്ട്
വില കൂടിക്കൂടി നിങ്ങൾ തിരക്കു കൂട്ടുന്നു.

നിങ്ങളുടെ
തൊലിയുടെ ചിരാതിൽ
വിഗ്രഹങ്ങൾക്കു തിരി കത്തിച്ച്
കടുത്ത വെയിലിനായി പ്രാർത്ഥിച്ച്
വേനൽക്കൊള്ളക്കാർ കടന്നുപോകുന്നു.

# ഞാറ്റടി

ഓണം വന്നെന്റെ കൈ പിടിക്കുമ്പോൾ
ഓർമ്മകൾ മുഖം വീർത്തിരിക്കുന്നു
പൂമരങ്ങൾ കുലുക്കി നോക്കുമ്പോൾ
ചോണനും കിളിത്തൂവലും മാത്രം.

ഞാനുണർന്നതിന്നെന്തിനാണാവോ?
രാവു നക്കിത്തുവർത്തിയ നെഞ്ചിൽ
കൂടു തട്ടിയുണർത്തിയതാരോ.
കാതിലിപ്പൊഴും നാഗത്താൻപാട്ടോ
കാവിലോട്ടു ചിലമ്പിന്നൊലിയോ
മീനുണർന്നു വിളിച്ചോ, വളപ്പിൽ
കാണം വിറ്റ കിനാക്കൾ മറഞ്ഞോ.

ഓണം വന്നെന്നരക്കെട്ടിൽ തൂങ്ങി
ഓമനിക്കുവാൻ കൈകൾ നീട്ടുമ്പോൾ
കണ്ണുനീരും കറുകയും മാത്രം
മൺകുടത്തിന്റെ ചീളുകൾ മാത്രം.

ഞാനുണർന്നതിന്നെന്തിനാണാവോ?
കാവിയാളുന്ന വെയ്‌ലുകൾ മൂടി
ആരുവന്നു വിളിച്ചു മറഞ്ഞൂ.
ആറ്റുവക്കിലെ മൺകുടീരങ്ങൾ
ആറ്റുനോറ്റ കഥകൾ മൂളുമ്പോൾ
മണ്ണു തിന്നു നിഴലിനെ പോറ്റി
പെണ്ണു നട്ട മരുപ്പച്ച മോന്തി
ഓണവില്ലായ് വളഞ്ഞ കിനാവിൻ
ഞാൺമുറുക്കി, യേതമ്പിനുവേണ്ടി

ഞാറ്റുവേലകൾ തുള്ളിവരുന്ന
കാഴ്ച കാണുവാൻ കാത്തിരുന്നോളേ
യന്ത്രമാട്ടുമുഴിഞ്ഞാലിൻപെട്ടികൾ
ഒന്നുമീതൊന്നായ് ചുറ്റുന്നപോലെ
എത്രവേഗം മറഞ്ഞുപോയ് കാലം.

പോയ്മറഞ്ഞ മുഖങ്ങളേ, ശ്രാദ്ധ-
നാളുപോലും മറന്നു തിരക്കിൽ
എത്രവേഗം മറക്കുന്നു നമ്മൾ!
ഇപ്പോഴുള്ള നിമിഷവും കൂടി-
യെപ്പൊഴേ ദൂരെപ്പോയി മറഞ്ഞു
കണ്ടുവോ ഞാനതിന്റെ മിന്നാട്ടം
തള്ളിത്തിക്കിയൊലിക്കും തിരക്കിൽ

ഞാനുണർന്നതിന്നെന്തിനാണാവോ
ഞാറ്റടികൾ കരിഞ്ഞ നിലത്ത്!

## പാതകൾ

ഉദിച്ചുപൊന്തിയ സൂര്യൻമാരേ
പിറകോട്ടു നടക്കുമ്പോൾ
കടൽക്കരയിൽ, കുന്നിൻ
പള്ളകളിൽ
മണ്ണെണ്ണവിളക്കുകൾ
മുനിഞ്ഞു കത്തി-
ത്തുപ്പും പുകരാത്രികളല്ലോ.
താരുണ്യക്കാവടി തുള്ളിച്ചേ
മലവാരത്തിൽ
കടവുകളിൽ
മുറിഞ്ഞുവീണ നിലാവുകളല്ലോ.

ഉദിച്ചുയർന്നൊരു സൂര്യന്മാരേ
മറുവാക്കിന്നാളാവാതെ
ചേറ്റിൽതള്ളിശ്വാസംമുട്ടി-
ച്ചത്ത മനസ്സുകളെവിടെ?
-അവർക്കു കരങ്ങൾ നീട്ടിച്ചെന്നില്ലല്ലോ നീ.
കരയിൽ പൂണൂൽ മീട്ടി
കൈകൊട്ടിയലച്ചു ചിരിച്ചോരെവിടെ?
-അവരുടെ ചങ്കിൽ തീക്കനലിട്ടുകൊടുത്തില്ലല്ലോ നീ.
നിത്യം നീ കോലമിടും
ലോകത്തിരുനടയിൽ
എത്തുന്ന ദരിദ്രേശ്വരരെത്തടയുന്നോരെവിടെ?
-അവരുടെ മിഴിയിൽ ശൂലം കുത്തിയിറക്കീലല്ലോ നീ.

ഉത്തുംഗശിലാ-
ശില്പങ്ങൾക്കുടയോരെങ്ങൾ
വരാഹമൂർത്തിയുമെങ്ങൾ,
ഒറ്റക്കൈയിൽ
പർവതമേന്തി
ഇരുകാൽനീട്ടിത്തുഴഞ്ഞുപോകും
വായുപുത്രരുമെങ്ങൾ,

ഉളി ചീകിച്ചീകിയെടുത്തൊരു കരുവിൽ
ഉണർന്നുവന്നെങ്ങടെ കനവി-
ന്നുറിയിൽ തൂങ്ങിയ
ഗുരുവായുപുരേശ്വരനെ
തട്ടിയെടുത്തെങ്ങളെ തല്ലിയകറ്റിയതാരോ.

ഉദിച്ചുപൊലിയും സൂര്യന്മാരേ
ഇരുട്ടിൽ മിന്നൽപ്രാണൻപോൽ
ഇത്തിരുനടയിൽ
ചർക്കത്തിരിനൂലുകൾ നൂറ്റൊരു കാലത്തിൻ
കഥയോർക്കുന്നേൻ.
മണ്ണെണ്ണവിളക്കിനു
ചുറ്റുമിരുന്നേ ചിലർ പറയും വൃത്താന്തത്തി-
ലൊരക്ഷയതേജസ്സിൻ ചിത്രകവാടം
തണ്ടു തകർത്തു തുറപ്പതു കേൾക്കാം,
അയ്ത്തപ്പാടകലങ്ങളിൽ നിർത്തപ്പെട്ടവ-
രാർത്തു വിളിച്ചാ
ചാവക്കാടൻ കടലല തള്ളിയിരമ്പുംപോലെ
വരുന്നതു കാണാം.

എങ്കിലുമപ്പൂജകൾ വഴിപാടുക-
ളെന്തൊരു മോക്ഷം തന്നൂ
തൊഴുകൈയിന്നുള്ളിലിരുന്നേ
വിങ്ങുന്നൂ വിഹ്വലജന്മം.
കീറിയ വായയ്ക്കൊരുപ്ലാവില കഞ്ഞി
അധർമ്മത്തിനു നേരെ-
യുയർത്താൻ പറ്റിയ കൈകൾ
നരനെന്നതി-
നർത്ഥം വായിച്ചെത്തുന്നൂ നാമിവിടെ.

**(രണ്ട്)**

മണ്ണറകളിൽനിന്നും
നരകാഗ്നിജ്വാലകളാളിവരുന്നൂ,
കണ്ണുകളിൽ

ഒരു കരിമേഘം പെയ്തൊഴിയാതെ കിടപ്പൂ.
പൊയ്പോയി കിരീടങ്ങൾ
മാടമ്പികൾപോയ് കിരീടികൾ പോയ്
ഓലക്കരണങ്ങൾ കെട്ടിയെടുത്തോ-
രപ്പൂപ്പൻതാടികൾ പോയിമറഞ്ഞൂ

നമ്മളെ രണ്ടാക്കിക്കൊണ്ടേ
കപ്പലുകൾ പോയിമറഞ്ഞൂ
നിത്യവിയോഗത്തിൽ കത്തി-
ക്കാളുന്ന കുടുംബക്കാർ.
സർപ്പവിഷാദത്തിൽ
വർഗ്ഗപ്പകയെണ്ണയൊലിക്കുന്നുണ്ട്
തീപ്പെട്ടിക്കൊള്ളിക-
ളുണ്ണികളുരസുന്നുണ്ടതുകാണാൻ ചന്തം!
രക്തപ്പുഴ നീന്തി
അമ്മ മരിച്ചൊരു പുത്രന്മാർ കേറിവരുന്നൂ.
ദുർമൂർത്തിവെടിഞ്ഞവ-
രെങ്കിലുമവനുടെ
ബാധയിൽ ചുറ്റിത്തിരിവോരും
സ്വന്തം കാൽച്ചോടറിവോ-
രെന്നാൽ കവാത്തുചങ്ങല ചുറ്റിത്തിരിവോരും
കുടിയിറക്കപ്പെട്ടവരും
കുടിമാറ്റപ്പെട്ടവരും
വട്ടംചുറ്റുന്നുണ്ടൊരു തിരമാലക്കെട്ടായ്.
അവർക്കുമീതേ
ഒരു തീപ്പക്ഷി
ഊതിവിടുന്നു കൊടുങ്കാറ്റുകളെ.

**(മൂന്ന്)**

ഇപ്പൊഴുമക്കഥയുടെ തേനട
ഇത്തിരിയുള്ളതുകൊണ്ടേ
കയ്പ്പെഴുമീ മൺപാത്രം ഞാൻ
ചുണ്ടൊടു ചേർത്തേ നിൽപേൻ.

കഴുത്തുമുറുകിപ്പൊട്ടും നിലവിളി
ഒഴിഞ്ഞ കൂടുകൾ പൊളിഞ്ഞ വീടുകൾ
ചുറ്റും കാണുന്നൂ,
മഞ്ഞുനിറഞ്ഞോ വിഷ-
മുള്ളുനിരന്നോ പാതകളിൽ
ഉണ്ണികളിന്നേതൊരു ദിക്കിനെ നോക്കിനടക്കുന്നൂ?

## ഓം

### ഒന്ന്: കൂർമ്മം

വലംകൈ എഴുതുമ്പൊഴേയ്ക്കും
ഇടംകൈ തടുക്കുന്നു
കൂർത്തൊരു ചുണ്ട് ഇറങ്ങിവന്ന്
മണലിലെന്തോ എഴുതുന്നു
പിന്നെ കുണുങ്ങിക്കുണുങ്ങി
ആ മഷി തിരികേ വലിച്ചുകുടിക്കുന്നു.
ഇറങ്ങിവന്ന വാക്കുകൾ ചുണ്ടിലേയ്ക്കുതന്നെ
കയറിപ്പോകുന്നു
തോടിനുള്ളിൽ ഇന്നലെത്തെ വാക്കുകൾ
കലഹിക്കുന്നു
ഇന്നത്തെ വാക്കുകൾ
അഭയാർത്ഥികളാവുന്നു.

### രണ്ട് : ഒച്ച്

കഴുത്തില്ലാത്ത ശിരസ്സ്
കടലാസ്സിലയിൽ
എത്രനേരമായി അനങ്ങാൻ തുടങ്ങുന്നു
ഒരുവട്ടംപോലും
ഒരിമനേരംപോലും കഴിഞ്ഞില്ല
പ്രപഞ്ചം ഇത്തിരിനേരം
തന്റെ മുതുകിലായിരുന്നു
ദൈവത്തിന്റെ നിഴലുകൾ
ഇത്തിരിനേരം ഈ വാതിൽക്കലായിരുന്നു.
ഒരു തുള്ളി പശയായിരുന്നു ജന്മം
ഒരു തുള്ളി പശകൊണ്ടുതന്നെ
അതിന്റെ ചുണ്ടുകൾ ഒട്ടിപ്പോയി
'കടലേ നമ്മൾക്കു പശപ്പാത്രം.'

### മൂന്ന് : ആൾ

കാണുമ്പോൾ കണ്ണുകെട്ടുന്നുണ്ട്
കാണാതിരിക്കുമ്പോൾ
നാക്കിന്റെ കെട്ടഴിയുന്നുണ്ട്
പാറക്കെട്ടുകൾക്കിടയിൽ
വിധി തിളയ്ക്കുന്നുണ്ട്
കാൽച്ചോട്ടിലൊരു വിത്തുനിലമുണ്ട്.
തീവെള്ളത്തിൽ തിന വളർത്തുവാൻ
അനാഥന്റെ രാത്രികളുണ്ട്
കാവൽമാടത്തിൽ
ആരെയോ കാത്ത് ഞാനിരിക്കുന്നുണ്ട്
വെട്ടുകിളികൾ
കാട്ടുപോത്തുകൾ
ജിപ്സിയുടെ പാട്ടുകൾ –?
ഈവഴിക്കും 'ഹരിബോൽ' മഞ്ചങ്ങൾ
കടന്നുവരുന്നുണ്ടോ
എങ്കിലും
വെട്ടുകിളികൾ വരാതിരിക്കുന്നതുകൊണ്ട്
എന്റെ സ്വപ്നങ്ങളൊന്നും പട്ടുപോകാതിരിക്കുന്നില്ല
കാട്ടുപോത്തുകൾ വരാതിരിക്കുന്നതുകൊണ്ട്
എന്റെ മാനുകളൊന്നും പേടിക്കാതിരിക്കുന്നില്ല
എല്ലാം കൊയ്തുകൊണ്ടുപോകാനുള്ളത്
ഒരാളല്ലെങ്കിൽ മറ്റൊരാൾ.

## മഴയുടെ കുട്ടികൾ

മഴയ്ക്ക് കുട്ടികളോടാണിഷ്ടം.
അച്ഛൻ മറന്ന വയലുകളെപ്പറ്റി
ഇവരോടു പരിതപിച്ചിട്ടു കാര്യമില്ല
പഴയ വിത്തുകളെക്കുറിച്ച്
പൊൻമുളകളെക്കുറിച്ച്
ഇവരോടു പരിഭവിച്ചിട്ടു കാര്യമില്ല.

ഇടവഴികളിലൂടെ വരമ്പുകളിലൂടെ
ഹൈവേകളിലൂടെ
തിരമാലകളായി മേൽക്കുമേൽ മറിഞ്ഞ്
അരിമണിയുറുമ്പുകളായി
മുൻപിൽ തോളിൽ കൈവെച്ചു
തീവണ്ടികളായി
തുള്ളിത്തുള്ളിയണക്കെട്ടിൽനിന്നും
വരുമ്പോഴാണ് പോകുമ്പോഴാണ്
വീണു കരയുമ്പോഴാണ്-
മുഖത്തു റോഡിന്റെ തെമ്മാടിപ്പൊടിയും
ചന്തിയിൽ തിളയ്ക്കുന്ന ടാറും
ഒട്ടിപ്പിടിച്ച്,
ചിലർക്കച്ഛനുണ്ടായിട്ട്
ചിലരച്ഛനമ്മമാർക്കായി കൊതിച്ചിട്ട്
ചിലർ ബേബിഫുഡിന്റെ ഏത്തായ് ഒഴുക്കിക്കൊണ്ട്
ചിലർ മുലപ്പാൽ മോഹിച്ച്
തൊട്ടിലില്ലാതെ
കടംകഥയില്ലാതെ
ഗണപതിത്തുമ്പികൾ
കുഴിയാനമടിയന്മാർ
ഓലപ്പന്തന്മാർ ഓലപ്പക്കികൾ
പാപ്പാത്തികൾ ചൊട്ടമണിയന്മാർ
വാത്സല്യങ്ങളുടെ ശവക്കുഴിയിൽനിന്ന്
ഈ കുട്ടികൾ-
ചിലർ ഉള്ളതുകൊണ്ടോണമായി

ചിലർ അലങ്കരിച്ച് ബൊമ്മകളായി
ഇളകിയാടുമ്പോഴാണ്-
'മാരിമഴകൾ ചൊരിഞ്ഞേ... ഉണ്ണി-
യുള്ളങ്ങളെല്ലാം നിറഞ്ഞേ'.

ഇപ്പോൾ അടിത്തട്ടുകൾ കാണാം
ഒരായിരം കണ്ണാടികൾപോലെ.
ചിറകുവെച്ച് വേറെ കൂട്ടുകാർ
കറുത്ത ഖനിയിലെ അടിമക്കുട്ടികൾ
തിറയാടി പടവുകൾ കയറിവരികയായി
ഭൂമിയുടെ അടപ്പ് താനേ തുറക്കുകയായി
ഭൂമിയുടെ അടപ്പ് താനേ തുറക്കുകയായി
ചന്നം പിന്നം വാരിയെറിയുകയായി
വർണ്ണങ്ങൾ
അവയിൽ ചിലത് നക്ഷത്രങ്ങളായി
മയിൽപീലികളായി കാക്കപ്പുള്ളികളായി.

ജന്മാന്തരങ്ങൾ കണ്ണു തുറക്കുന്നത്
ഈ കുട്ടികളെ കാണുമ്പോഴാണ്
ഇലയ്ക്കടിയിലെ മുട്ടകൾ വിരിയുന്നത്
ഇവർ കടലാസ്സുതോണികളിൽ
പൂവിളിച്ചു വരുമ്പോഴാണ്

ഇവരുടെ നിഴലെങ്കിലും
വണങ്ങുക
വാക്കിലെ മുള്ള്
മാറ്റുക
നോക്കിലെ തീ
കെടുത്തുക

-ഇന്നോ നാളെയോ
എന്തോ ആരോ അറിഞ്ഞുകൂടാ
ആരുടെ ഒക്കത്തുനിന്നാണ്
ഒരു പൂ കൊഴിയുന്നത്
ഒരു പൂവൽ വീണു ചിതറുന്നത്

-ചേറിന് പൊടിയിലേയ്ക്ക്
പൊടിയ്ക്ക് ചേറിലേയ്ക്ക്
ഏറെ നേരം വേണ്ട.

മഴയ്ക്ക് കുട്ടികളോടാണിഷ്ടം:
'ഗോലികൾ പീലികൾ
പീപ്പികൾ പമ്പരം
കവിടികൾ കാവടികൾ
ചിതറുന്നു ചുറ്റും
തെറിക്കുന്നു വഴികളിൽ
കുന്നിൻപുറങ്ങളിൽ
താഴ്ചയിൽ
താഴ്‌വരച്ചാലുകളിലങ്ങനെ
മഴയൊത്തു കുട്ടികൾ
പുഴമഴ
മഴപുഴ
-പുഴയിലെ കടവത്തു മഴനിന്നു പാടുന്നു
പുഴയിലൂടവരെയും കൊണ്ടുപോകുന്നു
പുഴയിലൂടൊഴുകുന്ന മഴയൊത്തു കുട്ടികൾ
മഴയായി പാട്ടായി കഥയായി കാലമായ്.
ഏറെയായ് കാലം പിരിഞ്ഞുപോയിട്ടവർ
എവിടെയാണെന്നെത്തുമറിയില്ലൊരാൾക്കും
-എല്ലാർക്കുമുള്ളം തിളയ്ക്കുന്നു തുള്ളുന്നു
കണ്ടെങ്കിലൊന്നുത,ന്നുണ്ണിക്കിടാങ്ങളെ.

## ആരുടെ തീ

അത്രയ്ക്കകലാൻ നിനച്ചില്ലൊരിക്കലും
ശത്രുവായേക്കാം നിനക്കു ഞാനെങ്കിലും
സത്രനടകളിൽ നിന്നെ പ്രതിഷ്ഠിച്ചു
നിത്യം ചവിട്ടി ലാളിച്ചവരെങ്ങുപോയ്.

യാത്രയാകുന്നൂ പറയാത്ത വാക്കുകൾ
യാത്രയാക്കുന്നൂ തുറക്കാത്ത ജാലകം
കുന്നത്തുനിന്നു കാറ്റാടികൾ നമ്മുടെ
പൊന്നോർമ്മകളായിരമ്പിയെത്തുന്നൂ.

ദിക്കറിയാതിവിടമെത്തിയൊരു നോക്കു-
കുത്തിയായ് നിന്നതോർക്കുന്നേൻ
ഇപ്പഴംകുപ്പായമെന്നെപ്പുതപ്പിച്ച-
തെപ്പോഴാണാരാണറിയില്ല, നിദ്രയിൽ
സർപ്പം കടിച്ചു പഴക്കിപ്പണിഞ്ഞൊരാ
സങ്കല്പമെല്ലാമിടിഞ്ഞു
തള്ളിത്തെറിക്കുന്ന പാതകൾവിട്ടൊഴി-
ഞ്ഞെന്റെ ദൈവങ്ങൾ നടന്നൂ.
ഒക്കെയിത്തോപ്പിലെ പൂവിനും പ്രാവിനും
ഒക്കത്തു കുടമേറ്റി നട്ടുനനച്ചൊരാ
വള്ളിക്കുമറിയാം... നിനവുക-
ളെത്തിപ്പിടിക്കും സ്ഥലജലരാശികൾ-
ക്കെല്ലാമറിയാം...

നറുക്കിട്ടുനോക്കിയ വേനൽക്കുടങ്ങളിൽ
ഒരു കടലേന്തിത്തുളുമ്പിനിന്നോ
ഒരുവേള എന്റെ നേർക്കുയരുന്ന തുമ്പിയിൽ
ഒരു കുളിർ കോരിയിരുന്നോ
-അറിയുമ്പൊഴേയ്ക്കതിൻ സമയം പൊലിഞ്ഞു
തിരയുമ്പൊഴേയ്ക്കെന്റെ കൈകൾ നിലച്ചൂ.

വാക്കിലും നോക്കിലും ചുരികകൾ കേറ്റി
പൂക്കളെ കായ്കളെ കല്ലാക്കിമാറ്റി

കുത്തിയ കിണറുകളൊക്കെ കമഴ്ത്തി
വെട്ടിയ തോടുകൾ മണലിട്ടുനീക്കീ
വന്നവഴിയെ ഇരുട്ടിൽ തളച്ചു
തിന്നും പഴത്തിൽ ഫണങ്ങൾ വിടുർത്തി
നിന്നോരസുരനിന്നെങ്ങുപോയ് മിത്രമേ.
ഉത്തരമില്ലാത്ത ചോദ്യങ്ങളാലിന്നു
കത്തിക്കരിയുന്നു നമ്മൾ
എങ്ങു മഹാനദി,യെങ്ങതിൻ കുളിരല-
പ്പല്ലക്കിൽനിന്നെത്തിനോക്കുന്ന നീർക്കിളി?
ചുറ്റും മണൽച്ചുഴിക-
ളാർക്കുന്നു പോർവിളികൾ
പൊട്ടിക്കലങ്ങുന്നു കഥകളിക്കണ്ണുകൾ.

ആരുടെ തീയായിരുന്നു ഞാൻ, നീറ്റിയ-
താരുടെയാത്മാക്ക-
ളാർക്കുള്ള കഞ്ചുകം.

കഥ തീർന്നുപോകുന്നു
കഥയറിയാതെ
തീക്കനൽപ്പെട്ടിപ്പുറത്തിരു-
ന്നൊരു നടൻ
കാണുന്നു നമ്മുടെയാട്ടച്ചുവടുകൾ.
കോപ്പുകൾ കത്തിക്കരിഞ്ഞുനാമാടുന്നൂ
സ്തോത്രങ്ങൾ ചുണ്ടിൽ വിറയ്ക്കുന്നു
കാത്തുനിൽക്കുന്നവർനമ്മ,ളുടലിന്റെ
കീർത്തനക്കാർ
ഏതു മൂകാംബികയുടെ
തേർത്തട്ടിൽ വീണുപിടയ്ക്കുവാൻ-
യാത്രയ്ക്കു നേരമായ്

ഒന്നായ് നടിച്ചവർ-
ക്കൊന്നല്ല കാഴ്ചകൾ
ഒന്നാകുവാനേ കൊതിച്ചവർക്കിങ്ങനെ
കത്തുന്നു കണ്ണുകൾ.

## അഭയമല്ല

കുളിക്കാതിരിക്കുമ്പോൾ
ഇത്തിരിയഴകുള്ളതെന്നോടു ചിണുങ്ങുന്നു
വരണ്ട നാക്കിൽ
കരിവെള്ളവും തനിമുന്തിരിച്ചാറാവുന്നു.

പതിവായുറങ്ങുന്നു
കതിനപ്പെട്ടിയിലുണരുന്നു
കൈക്കുടന്നയിൽ വൈറസ്
കിന്നാരം വായിക്കുന്നു.
ഇവിടെ മൂന്നും മുന്നൂ-
റായിരം ദൈവങ്ങളുമാസ്പത്രിക്കിടക്കകൾ
അവർക്കെൻ ഞരമ്പൂറ്റി-
ക്കുടിക്കാൻ കൊടുക്കുന്നു.
എൻ ചുണ്ടിൽക്കൂടി
ഒഴുകി നിലച്ചു കർപ്പൂരമാമ്പഴക്കാലം
അതിൻ ചോട്ടിൽ ഞാൻ
നിന്നു വീർക്കുന്നു,
തെറ്റിപ്പിരിഞ്ഞ സൽക്കാരത്തിൻ മുഖങ്ങൾ
ചാമ്പിച്ചാമ്പി മയങ്ങുന്നു.
മൊരിഞ്ഞ മണ്ണിൽ
മാങ്ങയണ്ടിയിൽ
കരിവണ്ടിൻ പരിഭ്രാന്തികൾ,
ചപ്രത്തല്ക്കു മീതേ
വെറും കൈയാകാശങ്ങൾ.

പറന്നു പോകാനില്ല
ചിറകു ചിലർക്കിപ്പോൾ
ഇരിക്കും മരംതന്നെ
ചിതയായ് ഭവിക്കുന്നു.
ഒരു പച്ചിലമാത്രം
ഉണക്കച്ചില്ലയിൽ
വഴിപിരിയുന്നതിൻ തുടക്കത്തിൽ.

ആരുടെ ഖേദം - അതിൽ ഞരമ്പായ് പടരുന്നു
ആരുടെ മഷി - അതിൻ വേർപാടു കുറിക്കുന്നു.

അഭയമല്ല
വനസീമയും
-തീയാളുന്ന
കൈകളാണെൻ പിന്നാലെ.

## അകത്തേക്കകത്തേക്കു നീളുന്ന വീട്

വിട്ടുപോയ വാക്കിൽ തന്റെ ഉൺമയും അടർന്നു വീഴുന്ന ശിഖരത്തിൽ തന്റെ ഇരിപ്പും കണ്ടെടുക്കുന്ന ഒരു കവി അനന്തമായ അലച്ചിലുകൾക്കു ശിക്ഷിക്ക/അനുഗ്രഹിക്കപ്പെടുന്നു. ഈ അന്വേഷണം കർമ്മധർമ്മങ്ങളുടെ വഴിയും പൊരുളും അടയാളപ്പെടുത്തിയ മർമ്മജ്ഞാനത്തോടു കലഹിച്ച് പുതിയ വെളിപാടുകൾ തീർക്കുന്നു. സമഷ്ടിയുടെ പ്രേരണകൾ തേടി വീടുവിട്ട സിദ്ധാർത്ഥനെപ്പോലെ, അന്വേഷണത്തിന്റെ നിർബന്ധങ്ങളിൽ തന്നിലേക്കു തന്നെ ആഴ്ന്നിറങ്ങാൻ ധീരത കാണിച്ച ചുവടുകളാണ് ദേശമംഗലം രാമകൃഷ്ണന്റേത്. അതിനാൽ അദ്ദേഹത്തിന്റെ കവിത അകത്തേക്കു തിരിച്ചുവച്ച വീടാകുന്നു. വിട്ടുപോകുന്തോറും തുറക്കുന്ന വീടിന്റെ അറകൾ വ്യഷ്ടിസൂക്ഷ്മത്തിന്റെ ഊർജ്ജസ്രോതസ്സുകൾകൂടിയാണ് യാത്ര/പിൻയാത്ര. ശിക്ഷ/അനുഗ്രഹം ദ്വന്ദ്വങ്ങൾ തുറക്കുന്ന പാരായണത്തിന്റെ പൂരകസാദ്ധ്യതകൾ കാവ്യാനുഭവത്തെ ഒരു സാംസ്കാരിക ഇടപെടലായി വികസിപ്പിക്കുന്നു. ജീവിതത്തിന്റെ പ്രശ്നപാഠമായി കവിതയെ പരിണമിപ്പിക്കുന്ന ഈ രസതന്ത്രമാണ് ദേശമംഗലം കവിതകളുടെ അടിസ്ഥാനഘടന നിർണ്ണയിച്ചിട്ടുള്ളത്.

ആശ്രയവും ആനന്ദവുമായ വീട് കവിതയുടെ പാഠാന്തരങ്ങളിലേക്കു പിൻവാങ്ങിയിരിക്കുന്നു.

'പോകുമ്പോളമ്മ പറയുവാനോങ്ങിയ വാക്കു' (രണ്ടാം ജന്മം) പോലെ അഭയത്തിന്റെ ജീവസ്പന്ദമാണത്. വീടുതേടി വീട്ടിലും വാക്കുതേടി വാക്കിലും അമ്മയെത്തേടി അമ്മയിലും അലയേണ്ടിവരുന്ന വിപര്യയത്തിന്റെ വ്യക്തവും സൂക്ഷ്മവുമായ അടയാളങ്ങളാ യാത്ര/പിൻയാത്ര, ശിക്ഷ/അനുഗ്രഹം, ദ്വന്ദ്വങ്ങളും അവയുടെ വൈരുദ്ധ്യസൂക്ഷ്മങ്ങളുമായി പാരായണത്തിൽ ഇഴപിരിയുന്നത്. 'കാടിനകത്തു നൂറായിരം കാടുകൾ' നിറയുന്ന പ്രകൃതിപ്രരൂപം. 'കാടുകൾക്കപ്പുറത്തൊറ്റയ്ക്കൊരു മരം' (സൂര്യതീർത്ഥാടനം) നൽകുന്ന രൂപകദീപ്തിയിലാണ് തെളിഞ്ഞുവരുന്നത്.

'പൂമുഖവാതിൽപ്പടിയും കയറീട്ടിടനാഴിയിലൂടെ തെള്ളിത്തെള്ളിയിറങ്ങി നടന്നു മറഞ്ഞേപോയ കിങ്ങിണി കെട്ടിയ ബാല്യം' തേടിയിറങ്ങിയ തീർത്ഥാടകൻ (എൻ.എൻ. കക്കാടിന്റെ 'ശുഭദർശനം') മിക്കപ്പോഴും ഈ കവിക്ക് അപ്രാപ്യമാകുന്നു. പൂമുഖവാതിൽ കടന്ന് അകത്തേക്ക് (പുറത്തേക്കല്ല) ഇറങ്ങിപ്പോയ തന്റെതന്നെ ബാല്യം ഔപനിഷികാനന്ദവും സമഷ്ടിചോദനകളും സ്പർശിച്ചു നിൽക്കെ 'തീർത്ഥാടന'ത്തിനു സാഫല്യമായി 'തോഷമിയന്നൂ ഞങ്ങൾക്കാകുലമെന്യേ പോയാലും' എന്നു പിതൃദേവതകൾ അനുഗ്രഹിക്കുന്നു. 'താതരാമായണ'കാരനു ലഭിക്കുന്ന അനുഗ്രഹമാകട്ടെ, തൊട്ടിലിൻ പരലോകസുഗന്ധവും തവിടിന്റെ മണവുമാണ്. 'വിയർപ്പെഴും അമ്മിഞ്ഞപ്പാലി'ന്റെയും 'പല മുറം ചേറുകയും എണ്ണകാച്ചുക'യും ചെയ്യുന്ന ജോലിത്തിരക്കിന്റെയും ഓർമ്മകളാണ്, വ്യക്തിയുടെ സൂക്ഷ്മസമൃദ്ധികൾ വിളയിക്കുന്ന ആത്മായനം. അകത്തേക്കകത്തേക്കു നീളുന്ന വീടായി ഒരു ഖേദപ്രദക്ഷിണം പൂർത്തിയാക്കുന്നു. 'ഇമ മുറിഞ്ഞ കൃഷ്ണമണി'യിലേക്കുതന്നെ കാഴ്ചകൾ മടങ്ങുന്നു.

വീട് അകത്തേക്കകത്തേക്കു സൂക്ഷ്മമാകുമ്പോൾ അതു വിട്ടുപോയ വാക്കിനു രൂപകമാകുന്നു. വാക്കും വീടും അഭയപ്പുരകളല്ലാതാകുന്നു. അലംകൃതമായ വീട്ടിൽ ആഡംബരപൂർണ്ണവും പ്രതിഷ്ഠകൾപോലെ ശിലാമയവുമായ ജീവിതം പുലർത്തുന്നവർക്ക് അപരിചിതമായ അനുഭവമാണിത്. സാമാന്യബോധത്തിന്റെ നിയമങ്ങൾ ഭേദിച്ചുകൊണ്ടാണ് ഇവിടെ പാഠസ്വരൂപം തെളിയുന്നത്. ദൈവശാസ്ത്രബദ്ധമായ പിൻയാത്രയോ പീഡാനുഭവങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമോ മാത്രമായി ഈ യാത്ര അടയാളപ്പെടാത്ത് ഏതെഹ്കിലും ഒരാശ്രമം അലച്ചിലുകൾക്കു വിരാമമിടാത്തതുകൊണ്ടാണ്. രാമായണം നിഴലുകളാക്കി അരങ്ങുകൾതോറും അലഞ്ഞവൻ പൗരാണികസങ്കടങ്ങളുടെ രൂപകങ്ങളെ തന്റെ നിഴൽരൂപം വിഴുങ്ങുന്നതിനു സാക്ഷിയാകുന്നു (താതരാമായണം). 'താത'ന്റെ ശരീരം വിരാട്‌രൂപം കൈക്കൊള്ളുന്നു. അവയവങ്ങളിൽനിന്നു ശക്തികൾ ഉയിർക്കുന്നു. നിതാന്തവും സാഹസികവുമായ അന്വേഷണം ഒരു ജഡക്കാഴ്ചയിൽപ്പോലും വിസ്ഫോടനാത്മകമായ അറിവു വായിക്കുന്നു.

വീട്ടിലേക്കുതന്നെ മടങ്ങാം. 'മുതു വളഞ്ഞ് അച്ഛനുണ്ടാക്കിയ കമാനത്തിലൂടെ നൂണ്ടു പോവുകയും അമ്മ പകർന്ന വംശഗാഥയുടെ കാന്താവീര്യം ഒരു മരമായി കൈയേല്ക്കുകയും ചെയ്ത ബാല്യത്തിൽ വീട് ഒരു കുട്ടിയുടുപ്പാ(രണ്ടാം ജന്മം)യിരുന്നു. അഹിതകരമായ അനുഭവങ്ങളും അലസതയും കാഴ്ചനഷ്ടപ്പെടുത്തിയപ്പോഴാകട്ടെ, വീട് ഒരു വലയായി മാറി 'പിരിഞ്ഞുപോയവരുടെ കാലൊച്ചകളോർത്ത് രാത്രി പനിച്ചുതുള്ളി' (ഈ വീട്)യപ്പോൾ മധ്യവർഗാലസത കൈവിട്ട് വിട്ടുപോയ വാക്കു തേടാൻ കവി നിർബന്ധിതനാകുന്നു. 'പൊട്ടിയ ഊടും പാവും പിഴ തീർത്ത് ജന്മപരമ്പര നൂലും നിഴലും കോർത്ത കിനാവു പൂക്കുന്ന കസവുമുണ്ടുകൾ (കടുകു പൂത്തപ്പോൾ)ക്കു രൂപം നല്കലാണ് ഇവിടെ കവിദൗത്യം.'

'ഇതെൻ പുരാതന ഗൃഹ, മിതിനൊന്നാം
അറയിൽ മുമ്പെന്നെ വിലങ്ങിലിട്ടതും
നിറപറക്കാലത്തടതന്നിട്ടച്ഛൻ
അരിച്ചാന്തൊപ്പിയെൻ കരതലം രണ്ടാം
അറവാതിൽക്കലായ് പതിച്ചുവച്ചതും
അടച്ചൊരീ മൂന്നാം അറയിലെന്നോപ്പോൾ
കയർത്തുമ്പിൽ തന്റെ പരിഭവം കോർത്തു
തുടരുകളായിത്തെറിച്ചു വീണതും
കറുത്ത ദുഃഖത്തിൻ കുടമുടച്ചതും
കരൾ കടഞ്ഞിപ്പോൾ സ്മരിക്കയാണു ഞാൻ'
(പിതൃയാനം)

ഈ സ്മൃതി നടുക്കുന്ന അകക്കാഴ്ചകളാണ്. അറകളിൽ മുറിവാർന്ന ഒരു മനസ്സു മാത്രമല്ല, ഒരു സമൂഹംതന്നെയുണ്ട്. കാലപ്പകർച്ചയിൽ പിണങ്ങി നില്ക്കുന്ന അധികാരവ്യവസ്ഥയിലെ ആന്തരവൈരുദ്ധ്യങ്ങളുടെ തീക്ഷ്ണദൃശ്യമാണിത്. ബലിയും പൊലിയും മുഖാമുഖം പ്രത്യക്ഷപ്പെടുന്ന അനുഷ്ഠാനനിലകളുടെ വിപര്യയം പൂർണ്ണമാക്കുന്നത് സമകാലാനുഭവങ്ങളുമായുള്ള പൂരകബന്ധമാണ്. നിറപറയ്ക്കു നേർനിന്ന് ദുഃഖത്തിന്റെ കുടമുടയുന്നതും സ്മൃതിസമൃദ്ധിക്കു മുന്നിൽ വേരു പൊട്ടിയ ജീവിതം നിവരുന്നതും പൂരകഘടകങ്ങളായി വായനയിൽ പിണയുന്നു.

'ഇനിയുമെത്ര കള്ളറക,ളെങ്ങവ-
യ്ക്കെഴും താക്കോലുകൾ മരിച്ചിരിക്കുന്നു?'
(പിതൃയാനം)

എന്ന അന്വേഷണത്തിന്റെ ഫലപ്രാപ്തിയാണ് ദേശമംഗലത്തിന് ഓരോ രചനയും.

'ഇമ മുറിഞ്ഞ കൃഷ്ണമണി
തൊലിയില്ലാത്ത വിയർപ്പ്
പല്ലിളിക്കുന്ന രാത്രികൾ
ധൂമകേതുവിന്റെ ഓരിയിടലുകൾ
വേറെന്താണിന്ന് നമ്മുടെ ജീവിതം?'
(നമുക്കിടയിൽ)

എന്ന് സമകാലാനുഭവത്തെ നേരിടുമ്പോൾ ഒരറ തുറക്കുന്നതു കാണുക.

'അറിയാത്ത പഥങ്ങളിൽനിന്ന്
തിരസ്കരിക്കാനാവാതെ ഒരു വെളിച്ചം
ശാസിക്കാനാവാതെ ഒരു പാവം അച്ഛൻ
നമ്മെ തൊട്ടു തലോടുവാനാവാതെ
നിത്യവതിയായ ഒരു അമ്മ
നമ്മെ ചിരിപ്പിക്കാനാവാതെ, ഒരു പെങ്ങൾ'
(നമുക്കിടിയിൽ)

ഇങ്ങനെയൊരു അനുഭവശൃംഖല, ചുടുകാറ്റു നിറഞ്ഞ മുൻവഴിക്കും കനൽക്കാടു നിറഞ്ഞ പിൻവഴിക്കുമിടയിൽ കവി തുറന്നിടുന്നു.

അഭയദയായ വീടിന്റെയും വാക്കിന്റെയും സൂക്ഷ്മംതന്നെയാണ് ദേശമംഗലം കവിതകളിലെ അമ്മ. അസ്വാസ്ഥ്യജനകമായ വർത്തമാനങ്ങളും നവീന നാഗരികതയും ആ മൂലസങ്കല്പത്തിന്റെ തുടരുകൾ അറുത്തുകളയുന്നു. 'മടമ്പിൽ പിടഞ്ഞുകൊണ്ടിരിക്കുന്ന വേരു പൊട്ടിയ ഭൂമി' (കടവ്)യെക്കുറിച്ചും 'ചുണ്ടിൽ ഞാന്നുകിടക്കുന്ന ഭൂമിയുടെ ഞരമ്പുകളെ (അവന്റെ മയക്കം)ക്കുറിച്ചുള്ള ഉത്കണ്ഠകൾ കവിയുടെ പ്രയാണവേദനകളാണ്. 'ഏതോ കാനനതടത്തിൽനിന്നു

തലയിലിറ്റിയ ഒരു തുള്ളിച്ചോര കവിയെ അമ്മയിലേക്കുണർത്തുന്നു. 'സമുദ്രത്തിൽനിന്നെന്റെ വഴി തുടങ്ങുന്നു. സമുദ്രത്തിലേക്കെന്റെ വഴി മടങ്ങുന്നു' എന്ന അറിവിൽ ലവണമായി അമ്മ നിറയുന്നു.

> 'തുണയാരമ്മേ, എനിക്കുരുകിത്തിളയ്ക്കുന്ന
> കടലിൻമീതേ കനലാളുന്ന കരിമ്പന-
> ക്കാടിനും മീതേ, താരാവലികൾ കറുക്കുന്ന
> ഹൃദയാകാശത്തിനും മീതേ നീയകലുന്നു.'
>
> (സങ്കീർത്തനങ്ങൾ)

ഉരുകിത്തിളയ്ക്കുന്ന കടൽ, കനലാളുന്ന കരിമ്പനക്കാട്, താരാവലികൾ കറുക്കുന്ന ഹൃദയാകാശം എന്നിങ്ങനെ ഭിന്നസൂചകങ്ങളിലൂടെ തെളിയുന്ന ചിത്രം അമ്മയുടേതുതന്നെയാണ്. വിശേഷണങ്ങളെല്ലാം പീഡാനുഭവത്തിന്റെ സൂചകങ്ങളാകുന്നു. ഇവയ്ക്കകത്ത് (മീതെ) ഒരു 'അകന്നുപോകുന്ന' അമ്മയുണ്ട്. പരിമിതാർത്ഥങ്ങളിലേക്കു കുറുകുന്ന അമ്മയും അനന്തപാഠങ്ങളിലേക്കു പറന്നുയരുന്ന അമ്മയും മുഖാമുഖം തെളിയുന്നു. പല മുറം ചേറിനിൽക്കുന്ന അമ്മ, അകത്തമ്മയ്ക്ക് എണ്ണകാച്ചുന്ന അമ്മ, അലക്കുകാരിയായ അമ്മ, തവിടും വിയർപ്പും മണക്കുന്ന അമ്മ, താളും തകരയും തേടിപ്പോയ അമ്മ എന്നിങ്ങനെ അമ്മയുടെ പ്രവൃത്ത്യുന്മുഖമായ ദൃശ്യങ്ങളുടെയെല്ലാം വൈകാരികാനുഭവങ്ങളിലേക്കുള്ള പരിഭാഷയാണ് ഉരുകിത്തിളയ്ക്കുന്ന കടലും കനലാളുന്ന കരിമ്പനക്കാടുമെല്ലാം. ഒരു സാധാരണ കേരളീയസ്ത്രീയുടെ സ്ഥൂലാനുഭവങ്ങളിൽനിന്ന് 'ആദർശാത്മക മാതൃത്വ'ത്തിലേക്കു തെന്നിവീഴുന്ന ഛായാഗ്രഹണകൗശലത്തിന്റെ മുഖ്യ ഉപാധിയാകുന്നത് ഈ അമൂർത്തവത്കരണമാണ്. ഇവിടെ അമ്മ പ്രകൃതിയുടെ ആദിമഹേതുവാകാം. അതുകൊണ്ട് അമൂർത്തവത്കരണത്തോടൊപ്പം പ്രകൃതിവത്കരണവും വിശേഷണത്തെ സമ്പുഷ്ടമാക്കുന്നു. കടൽ/ഉരുകുന്ന കടൽ, കാട്/കത്തുന്ന കാട് എന്നിങ്ങനെ വിപരീതങ്ങൾ കൊണ്ടു തീ പടരുന്ന സമഷ്ടിചേതനയുടെ വിഹ്വലതകൾ പകർത്തുന്നു. കൂടുതൽ കൂടുതൽ തെളിഞ്ഞുവരുന്നത് കൂടുതൽ കൂടുതൽ അകലുന്ന അമ്മയാണ്. ആ അമ്മയുടെ ഛായയിലാണ് കടലും കരിമ്പനക്കാടും ഹൃദയാകാശവും അർത്ഥപൂർണ്ണമാകുന്നത്.

## രണ്ട്

‘ജന്മനക്ഷത്രം പൊഴിഞ്ഞു കിടക്കുന്ന
കുന്നിൻ ചരിവിലൂടാരോ നടക്കുന്നു
മെല്ലെയിക്കണ്ണിൻ ചെതുമ്പലഴിക്കുക
കല്ലായിരുന്നതിൻ കാരുണ്യമറിയുക

കണ്ണേ, നടക്കൂ ക്ഷണിക്കുന്നു നമ്മുടെ
ഖിന്നപഥങ്ങളിൽ കാന്താരദേവകൾ
കാണുന്നതിനർത്ഥമോരാതിരിക്കുക
കാട്ടുമുളകൾക്കു കാതോർത്തു പോവുക
പൂവുകൾ ദൂരെയാണേറെ നടക്കണം
പൂക്കുട നെയ്യുന്നു പ്രാണഞരമ്പുകൾ’
(ഇനി എത്ര നാളുകൾ)

കാണാതായ കുട്ടികളെയും വിട്ടുപോയ വാക്കുകളെയും തേടിയിറങ്ങി യവനെ കാടുകൾ വിളിക്കുന്നു. അവന്റെ ഖിന്നപഥങ്ങളിൽ പൂ ചൊരിയാൻ. ‘സ്വപ്നവാസവദത്ത’ത്തിലെന്നപോലെ പൂ ഒരു പരിഹാരമാവുകയാണ്. ‘പൂവുകൾ കൈവിട്ടുപോയ നാളുകൾ ജീവജാലത്തിൻ കുടങ്ങൾ പൊട്ടിയ’ അനുഭവമാണ് (നാട്ടുവഴികൾ) കവിക്കു നല്കുന്നത്.’ പണ്ടുപണ്ട്, ഓന്തുകൾക്കും മുമ്പ്, ദിനോസറുകൾക്കും മുമ്പ് ഒരു സായാഹ്നത്തിൽ നടക്കാനിറങ്ങിയ രണ്ടു ജീവബിന്ദുക്കൾ” (ഖസാക്കിന്റെ ഇതിഹാസം - ഒ.വി.വിജയൻ) കവിയിൽ അന്യോന്യപൂരകമായ ജീവിസങ്കല്പമാകുന്നു. ‘അനുജത്തീ നീയെന്നെ മറന്നല്ലോ!’ എന്ന ചെമ്പകത്തിന്റെ വിലാപം ഈ കവിയെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. തന്റെ വംശത്തിന്റെ വിനാശകരമായ ഇടപെടൽ ദൂരെയാക്കിയ പൂക്കളെപ്പോലും അജ്ഞാതമായ ഒരു തൃഷ്ണയിൽ തേടിയെത്തുകയാണ് കവി. ‘ഇറുത്തെടുക്കാനുള്ളത് അറുതിയില്ലാത്ത ഉദയങ്ങ’ളാണെന്ന് കവിതകൾ സാക്ഷ്യം നല്കുന്നു. അതിനാൽ ‘പ്രാണഞരമ്പുകൾകൊണ്ടാണ് പൂക്കൂടകൾ നെയ്തി’രിക്കുന്നത്. ‘നിറയെ വസുന്ധര പൂത്തുനിന്നീടിലും നിറയാത്ത രീതിയിൽ പെരുകിയിരിക്കുന്നു നമ്മുടെ പൂക്കളം - നമ്മുടെ തൃഷ്ണകൾ. ഈ

ദൗർഭാഗ്യത്തെ മറികടക്കാൻ കവി പോംവഴി നിർദ്ദേശിക്കുന്നു.

'പൂവുകൾ തേടി നടക്കേണ്ട-നമ്മളിൽ
പൂവമ്പു പൂക്കുന്ന താഴ്വരകൾ കാണുക
(ഇനി എത്ര നാളുകൾ)

'നമ്മുടെ മരണം' എന്ന കവിതയിലും സവിശേഷമായ ഒരു പൂവനുഭവമുണ്ട്.

'പഴയൊരാപ്പൂവുകൾ വാടാതെ നിൽക്കയാൽ
ഇനിയുമീ രാത്രികളെത്ര പ്രിയങ്കരം!'

'പിതൃക്കളുടെ കിടപ്പറയിലേക്കു നീണ്ട വേരുകളും മൃതിയുടെ മുലപ്പാലു കുടിച്ചു തിടംവച്ച ചില്ലുകളുമുള്ള ചെമ്പക'ത്തിന്റെ പൂക്കൾതന്നെയാവണം 'പഴയൊരാപ്പൂവുകൾ'. ഈ അറിവിലാണ് (ഒ.വി. വിജയനു സമർപ്പിച്ച) സങ്കീർത്തനങ്ങൾ എന്ന കവിത ശ്രദ്ധേയമാകുന്നത്.

'സ്വപ്നത്തിന്റെ പച്ചിലമരത്തിൽ
ഒരു പൂവള്ളി പടരുന്നു
........................................................
പിന്നെയും പൂവള്ളി യാത്രയായി
മുകളിലേക്കു മുകളിലേക്ക്
പച്ചിലമരം ഇന്ന് ഒറ്റയ്ക്കാണ്
പുലർകാലത്ത് ഒരു പൈതൽ
എന്നും വന്നു കൈ നീട്ടുന്നു
'താതാ, എന്റെ അമ്മ എവിടെ?'

തന്റെ ചില്ലയൊടിച്ചു പൂവിറുത്തപ്പോൾ അനുജത്തിയുടെ മറവിയെപ്പറ്റി ഖേദിച്ച ചെമ്പകം വിനാശകരമായ നിഷേധങ്ങൾക്കെതിരെ, ആദിപ്രകൃതിയായി പ്രതിഷേധിക്കുന്നു. ദേശമംഗലത്തിന്റെ കവിതയിൽ അനുജത്തി കുറേക്കൂടി വളർന്നിട്ടുണ്ട്. വികസിച്ച മനുഷ്യബോധത്തിന്റെ പിൻബലത്തിൽ തന്റെ നിരാലംബതയും അസ്വസ്ഥതയും അവൾ പങ്കുവയ്ക്കുന്നു. വേരുകളിലൂടെ, ചില്ലകളിലൂടെ, ഇലകളിലൂടെ, പൂക്കളിലൂടെ

തെളിഞ്ഞുവരുന്ന പിതൃച്ഛായയിൽ മുഴുകി അവളന്വേഷിക്കുന്നു. 'താതാ എന്റെ അമ്മ എവിടെ? അന്ധമായ ആശ്രിതത്വമല്ല, വിപ്ലവാത്മകമായ നിഷേധമാണ് ഈ പിൻനോട്ടത്തിന്റെ കാതൽ.'

ഒരിക്കൽ കൂട്ടിൽനിന്നുമിറങ്ങിപ്പോന്നൂ
പല താവഴികളായ് പുളച്ചുപാഞ്ഞൂ, കുന്നു
കേറുമ്പോളിടയ്ക്കിടെ കിതച്ചുനിന്നൂ, പിന്നിൽ
നിന്നേതോ വിരലുകൾ പിടിച്ചുവലിക്കുന്നു.
(സങ്കീർത്തനങ്ങൾ)

'ഏതു കൊടുമുടിത്തുഞ്ചത്തുമെത്തി
കാലിൽ പിടിച്ചു വലിക്കും കടൽ'
(മറുപുറം)

എന്നിങ്ങനെ വീടുവിട്ട് ഏതെല്ലാമോ നാട്ടിലൂടെ അലയുമ്പോഴും യാത്രയുടെ ജൈവാസ്പദങ്ങളിലേക്കു തിരിയുകയാണ് കവിശ്രദ്ധ. ഒരു സായാഹ്നത്തിൽ നടക്കാനിറങ്ങിയ രണ്ടു ജീവബിന്ദുക്കളുടെ വഴിയും താവഴിയും വരയ്ക്കുകയാണ് ദേശമംഗലം.

ജീവിതത്തിന്റെ വൃക്ഷരൂപകത്തിൽ - നെഞ്ചിലെ നീലക്കുറിഞ്ഞിയിൽ (നാട്ടുവഴികൾ) - മുഖം പൂഴ്ത്തുമ്പോഴാണ് കഥയുടെ കസ്തൂരിക്കാട്ടിലെ വാസനപ്പുതുമകൾ കവിയുടെ മുഖത്തുരുമ്മുന്നത്. കൊടുംരാത്രികൾപോലും നമുക്കു പ്രിയങ്കരമാക്കുന്ന 'പഴയൊരപ്പൂവുകൾ' പഴമയുടെ പൂവുകളല്ല. 'പൊട്ടിയ വേരിൽ പിടഞ്ഞറ്റുപോകുന്ന കാല' (അവതാരദുഃഖ)മാണ് പലപ്പോഴും പഴമയെ പുനരുത്ഥാനവാദത്തിന്റെ അരുമയാക്കി മാത്രം നിർത്തുന്നത്. ഇവിടെ ജീവജലത്തിന്റെ - സംസ്കാരത്തിന്റെ - ഉറവയാണത്.

'എത്തുവതെന്നുമൊരേയാറ്റുവക്കിലാ-
ണെത്ര ജന്മങ്ങൾ നടക്കിലും സോദരാ.'

എന്നു കവി സമസ്താന്വേഷണങ്ങളുടെയും ആത്യന്തികതീരമായി ഈ പ്രവാഹത്തെ കാണുന്നു. വരണ്ടുകിടക്കുന്ന നിളയിലും കവിക്കു മുങ്ങിക്കയറാൻ കഴിയുന്നത്

ആദിപ്രേരണയുടെ ഈ ജീവധാര കണ്ടെടുക്കുന്നതുകൊണ്ടാണ്. 'കാലടിയുള്ളത്തിൽനിന്നും പൊട്ടിപ്പോകുന്ന നറുംപച്ച വേരുകൾ അതിന്റെ മൂലത്തിലേക്കു വലിക്കുകയാണ്. ഈ അകസ്പന്ദത്തിലാണ് രണ്ടടി മേലെ വയ്ക്കുമ്പോഴും രണ്ടായിരം കോൽ താഴ്ച (വരികൾ) പ്രത്യക്ഷമാകുന്നത്.' 'ആരുടെ ബലിനെല്ലു മുളച്ചു ഞാറായെന്റെ ഓർമ്മയ്ക്കു കതിരിടാൻ.' 'ആരുടെ വിരൽവച്ചരടിവിടെയനങ്ങുന്നു.' ' ആരുടെ വിചാരങ്ങളാണിതിൽ നടിക്കുന്നു', 'ദൂരെനിന്നാരോ വിളിക്കുന്നു.' 'ആരെന്റെ മുന്നിലിരുളും വെളിച്ചവുംകൂടിച്ചൊരിഞ്ഞു പതച്ചു നിൽക്കുന്നു' എന്നിങ്ങനെ പ്രത്യക്ഷപ്പെടുന്ന പരൻ, പിരിഞ്ഞുപോയവരുടെ ഉൺമയായ ഈ പ്രവാഹംതന്നെയാണ്.

'അമ്മയുടെ വഴി മുറിഞ്ഞുപോവുകയും തുമ്പികളെല്ലാം വിടപറയുകയും' (കടവ്) ചെയ്തപ്പോഴാണ് താനായി ജീവിക്കുന്ന ആത്മവീര്യത്തോട് 'താതാ എന്റെ അമ്മ എവിടെ' എന്ന അന്വേഷണമുയരുന്നത്. സമഷ്ടിയുടെ ഭൂതചോദനകളിലേക്കുള്ള പ്രയാണത്തിൽ പിതാവ് വേരും വഴിയുമാകുന്നു. 'ആഴത്തിൽനിന്നായിരം പുള്ളോർക്കുടം മീട്ടി' വരികയും 'മകനായ പൊരുൾ കണികണ്ടു പോകയും (പിതൃസൂക്തം) ചെയ്യുന്നു പിതാവ്. ഈ കവിതകളിൽ ആത്മയാനത്തിന്റെ പ്രാകൃതിക ചിഹ്നങ്ങൾ ഉറവയെടുക്കുന്നത് പിതൃസ്മൃതികളിലൂടെയാണ്. സ്മൃതിയുടെ ഒരു നിഴലരങ്ങിൽ പിതാവിന്റെ രൂപം നോക്കുക.

'പാദത്തിൽ പാദം കാലിൻവണ്ണയിൽ ഗദമുട്ടിൽ
ബാലിയും തുടകളിൽ അഹല്യ ചൂട്ടും കത്തി-
ച്ചുയരും ശിവലിംഗത്തുമ്പിലായ് ധനുസ്സുകൾ.
പൊക്കിളിൾ ഗുഹൻ തോണി നിർത്തുന്നു, കരിനെഞ്ചിൽ
ശൂർപ്പണഖയെ നോക്കി കളിവാക്കോതുന്നവൻ
കൈത്തണ്ടിൽ ഇരാവണൻ പുറത്ത് ലങ്കാലക്ഷ്മി
വലംകൈത്തലത്തിലായ് യാത്ര ചോദിക്കും പ്രിയ-
മകന്റെ മുമ്പിൽ തുമ്പിക്കൈയറ്റ ദശരഥൻ.
ഇടംകൈത്തലത്തിലായ് ശിംശിപാവൃക്ഷച്ചോട്ടിൽ
ഇടറും ദേവി! - എന്റെ താതനിൽ വ്യഥയുടെ
കഥകൾ വായിക്കുന്നേൻ'

(താതരാമായണം)

## മൂന്ന്

പ്രാദേശികമായ സംസ്കാരത്തനിമ കവിതയുടെ ജൈവഘടനയിൽ ഏറ്റുവാങ്ങിയിട്ടുള്ള കവിയാണ് ദേശമംഗലം രാമകൃഷ്ണൻ. വള്ളുവനാട് – തലപ്പിള്ളി താലൂക്കുകളുടെ കലയും ജീവിതവും പാരമ്പര്യവുമാണ് ഈ കവിതകളുടെ അന്തർധാര. സംസ്കാര ദേശീയതയുടെയും സംസ്കാര സാമ്രാജ്യത്വത്തിന്റെയും അധിനിവേശ തന്ത്രങ്ങളോടു പൊരുതിനില്ക്കുന്ന കേരളീയ കവിതയുടെ കരുത്താർന്ന മുഖം എന്ന നിലയിൽ ദേശമംഗലം കവിത പ്രഥമ ഗണനീയമാണ്. പരസ്യവാക്യം, മുദ്രാവാക്യം, വൃത്താന്തശകലം എന്നിവയുടെ മൂലധനാധിഷ്ഠിത വ്യവസ്ഥയിലെ പാഠങ്ങളായാണ് കവിതയുടെ ആധുനികോത്തരത ഇപ്പോൾ പ്രത്യക്ഷപ്പെടുന്നത്. അനുഭവങ്ങളെ ഏകീകരിക്കുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്ന അക്കാദമികളായി അവയിൽ മിക്കതും മാറിയിട്ടുണ്ട്. മലയാളത്തിൽ അത്യധികം കൊണ്ടാടപ്പെടുന്ന ഈ അംഗീകൃത കവിതകളുടെ അനുഭവക്രമത്തിൽനിന്നും വഴിപിരിഞ്ഞു നിൽക്കുകയാണ് ദേശമംഗലം രാമകൃഷ്ണന്റെ വാങ്മയം.

പീഡാനുഭവങ്ങളെ നക്ഷത്രക്കാഴ്ചകളാക്കുന്ന മായാജാലം ഈ കവിക്കു വശമില്ല. 'പൂമരക്കൊമ്പിലണിയിച്ചു തൂക്കി നാം ആരുടെ നെഞ്ചിലെ താരകങ്ങൾ' (നിശാനിയമം) എന്ന് ഇത്തരം കാവ്യകൗശങ്ങളെയാണ് ദേശമംഗലം വിചാരണ ചെയ്യുന്നത്.

'പാടത്തു കമ്പിക്കാലും സിമന്റും നിറയവേ
ഞാറ്റുപാട്ടിലെ വർണ്ണഭംഗികൾ മറയവേ'
(വേനൽക്കൊറ്റികൾ)

നഷ്ടമാകുന്ന ജീവിതവും സംസ്കാരവും കവിയെ വേദനിപ്പിക്കുന്നു. 'ചേറുനാറുന്നുണ്ടെൻ കാലിലിപ്പോഴു'മെന്ന് അയാൾ ഏറ്റുപറയുന്നു. ചേറിന്റെ നാറ്റം മണ്ണിന്റെ സങ്കടങ്ങളിലേക്ക് (മണ്ണ്) ആനയിക്കുന്നു. മണ്ണിന്റെ മാംസഗേഹങ്ങളിൽ സന്ദേശമെത്തിക്കുന്ന ചോരഞരമ്പുകളും (കൂടപ്പിറപ്പുകൾ) മണ്ണിനടിയിലെ ജന്മാന്തരങ്ങളിൽ കണ്ണുവിടർന്നു പറക്കുന്ന കിളികളും (കത്തുന്ന ചൂണ്ടുവിരൽ) കവിയെ വേട്ടയാടുന്നു. അമ്മയെപ്പോലെ, വിട്ടുപോയ വാക്കുപോലെ അകന്നുപോകുന്ന മണൽ കാലമർത്താൻ

തുനിയുമ്പോഴാണ് രാമകൃഷ്ണന്റെ കവിത സവിശേഷമുദ്ര സ്വായത്തമാക്കുന്നത്. 'എനിക്കുവേണ്ട കഴുകന്റെ ചിറകിൻകീഴിലിരുന്നുള്ള പാട്ടുകൾ' എന്നു പ്രഖ്യാപിക്കുകയും 'ചുരുങ്ങിയത് നാമെന്തു ചെയ്യണം? സംശയാലുക്കളെങ്കിലുമാകേണ്ടതില്ലയോ' (അവസാനത്തെ പുതപ്പ്) എന്നു സന്ദേഹിക്കുകയും മാത്രമല്ല കവി ചെയ്യുന്നത്. 'തട്ടീട്ടും പോണില്ല ചോണനുറുമ്പ്, മുട്ടീട്ടും പോണില്ല ചോണനുറുമ്പ്... ' 'തപ്പോ തപ്പോ തപ്പാണി തപ്പുക്കുടുക്കേലെന്തൊണ്ട്? (എന്റെ ഉറുമ്പുകൾ), 'ചെല്ലക്കിടാങ്ങളേ, ഉണ്ണിക്കിടാങ്ങളേ കട്ടോടഞ്ചാത്തനാണച്ഛൻ...' (നാട്ടുവഴികൾ) തുടങ്ങിയ നാടോടിശീലുകളുടെ ചൈതന്യം കവിതയുടെ ഭാഗമാക്കുകയും ചെയ്യുന്നു. ഓർമ്മകളും പഴങ്കഥകളും തന്റെ നാടിന്റെയെന്നപോലെ തന്റെ കവിതകളുടെയും അവിഭാജ്യഭാഗമാക്കാൻ കവിക്കു സാധിച്ചിട്ടുണ്ട്. 'പൊലിപൊലിയെന്നോർമ്മകളേ, പഴമണ്ണിൻ കൈമുദ്രകളേ' എന്നു (കുലപതി) കവി തന്റെ കവിതകളെ വിളിച്ചുണർത്തുന്നു.

'പുലവർ പറയാത്ത കഥയ്ക്കു വേഷം കെട്ടാൻ
നിഴലോരോന്നും വന്നിപ്പുഴയിൽ കുളിക്കുമ്പോൾ
കടവിൽ തനിച്ചായി നിൽക്കുന്നേൻ, ബലിവാവു
വിളിക്കും മരക്കൊമ്പിൽ കറുത്തു വിലാപങ്ങൾ.
അമ്പിളി നിഴലായി സൂര്യനു നിഴലായി
അസ്തമയങ്ങൾ കെന്തിക്കേറുന്നൂ ഹൃദയത്തിൽ.
കറുത്ത മഴയിതിൽ വെളുത്ത തിരശ്ശീല-
പ്പടർപ്പി,ലന്ത്യോദക-
ച്ചിന്തു നേരുന്നേൻ താത
ബ്രഹ്മാണ്ഡപ്രളയത്തിൽ
അന്ധനായലയുന്നേൻ

(താതരാമായണം)

ഈ വരികളിൽ നിഴലായിത്തെളിയുന്ന പാഠമറിയാൻ കവിയുടെ മനസ്സ് തിരിച്ചറിയേണ്ടിവരും. ആ മണ്ണിലെ 'വണ്ടിവേഷങ്ങൾ' മുതൽ നിഴൽക്കൂത്തുവരെ നമ്മുടെ കാഴ്ചയിൽ തെളിയേണ്ടിവരും.

‘നിഷേധത്തിന്റെ കൊഴുവാൽ സ്വന്തം നെഞ്ചുകീറി’ (കാണാതെ പോകുന്നവർ) മണ്ണും അമ്മയും വാക്കും വീടും വീണ്ടെടുക്കുന്ന ഈ കവിയെ തിരിച്ചറിയാൻ ഇനിയും ഏറെ പഠിക്കേണ്ടതുണ്ട്.

കലാകൗമുദി 1995 ജൂൺ 11

## കവിത തലതിരിഞ്ഞ സ്വപ്നം

(1995 ഡിസംബർ 10 ദേശാഭിമാനി വാരാന്തപ്പതിപ്പിൽ ഷാജൻ സ്കറിയ നടത്തിയ അഭിമുഖം)

വൃത്തനിരാസത്തെ ആധുനികതയുടെ മുഖമുദ്രയായി കരുതുന്നവർക്കിടയിൽ സ്വതന്ത്രമായ വൃത്തബോധംകൊണ്ട് ആധുനികനായിത്തീർന്ന കവിയാണ് ദേശമംഗലം രാമകൃഷ്ണൻ. നാടൻ പദങ്ങൾകൊണ്ട് ഒരു പ്രത്യേക കാവ്യഭാഷതന്നെ സൃഷ്ടിച്ച ഈ കവി വ്യക്തിബന്ധങ്ങളുടെ തകർച്ചയും നീറ്റലും ബിംബസംവിധാനത്തിന്റെ സവിശേഷതകൊണ്ട് സാമൂഹികവും ചരിത്രപരവുമായ ഒരു മാനം നല്കി അവതരിപ്പിക്കുന്നു.

ഡോ. അയ്യപ്പപ്പണിക്കർ പറയുന്നു: സങ്കീർണ്ണബിംബങ്ങളുടെ ധ്വനിസാന്ദ്രതയാണ് ദേശമംഗലം രാമകൃഷ്ണന്റെ കവിതകളുടെ പ്രത്യേകത. കേവലം ശ്ലഥബിംബങ്ങളെന്നതിലുപരി സങ്കീർണമായ ഋജുത്വം ഈ കവിതകളിൽ അധീശത്വം നിലനിർത്തുന്ന കാവ്യബിംബങ്ങൾക്കുണ്ട്. വിഷയപ്രധാനമോ പാത്രപ്രധാനമോ രൂപശില്പപ്രധാനമോ അല്ല ഈ കവിതകൾ. മുൻവിധികളൊന്നുമില്ലാതെ മുക്ക് ദേശമംഗലത്തോട് കവിതയെക്കുറിച്ചു സംസാരിക്കാം.

കുടുംബബന്ധങ്ങളുടെ വൈചിത്ര്യങ്ങളിലും നാടിന്റെയും നാട്ടുവഴികളുടെയും സ്മൃതിഗന്ധങ്ങളിലും എപ്പോഴും അഭിരമിക്കുന്ന ഒരു മനസ്സ് താങ്കളുടെ കവിതകളിൽ കാണുന്നു...

യുവത്വംവരെ നഗരം എന്തെന്നറിയാത്ത സാഹചര്യത്തിലാണ് ഞാൻ വളർന്നത്. മനസ്സിൽ കടന്നുകൂടിയിരുന്ന വിശ്വാസങ്ങൾ, മുഖങ്ങൾ, പ്രകൃതി എന്നിവയൊക്കെ ജീവിതത്തെ രൂപപ്പെടുത്തി കുട്ടിക്കാലം മുതൽ അനുഭവിച്ചുപോന്നിട്ടുള്ള കാര്യങ്ങളാണ് മനസ്സിൽ കിടക്കുന്നത്. അത് വളരെ ആഴത്തിലുള്ള ഒന്നാവുമ്പോൾ നമ്മുടെ സങ്കല്പങ്ങളും ചിന്തകളും വിശ്വാസപ്രമാണങ്ങളും ഒക്കെ ആ സ്വാധീനത്തിലാവും. ഒരു പുഴ കാണുമ്പോൾ നാട്ടിലെ പുഴ ഓർക്കുക, ഒരു കുന്നു കാണുമ്പോൾ നാട്ടിലെ കുന്ന് ഓർക്കുക, വാത്സല്യത്തിന്റെ ഒരനുഭവം കാണുമ്പോൾ താനനുഭവിച്ച വാത്സല്യം ഓർക്കുക-

ഇവയൊക്കെ സ്വാഭാവികമാണ്. മൊത്തം അനുഭവങ്ങളുടെ മുദ്രകളാണ് നമ്മുടെ ആവിഷ്കാരങ്ങളിൽ കരുക്കളായിവരുന്നത്. ഗ്രാമീണകവിയാകാനുള്ള ശ്രമമെന്നർത്ഥമില്ല. കുടുംബകവി, ഗ്രാമീണ കവി, നഗരകവി എന്നിങ്ങനെയുള്ള കള്ളിതിരിക്കലുകൾക്കൊന്നും കവിതയിൽ സ്ഥാനമില്ല.

എന്റെ ജന്മപരിതഃസ്ഥിതികളെ കബളിപ്പിക്കാതിരിക്കുകയാണ് നാട്ടുതനിമ എന്നു പറയുന്നത്. ആ നാട്ടുതനിമയാണെന്റെ തട്ടകവും.

*അപ്പോൾ ആത്മകഥാരചനയാണ് താങ്കൾക്ക് കാവ്യനിർമാണം എന്നു കരുതാമോ?*

എല്ലാ സാഹിത്യസൃഷ്ടിയും ആത്മാംശം നിറഞ്ഞവയാണ്. എന്റെ ഓരോ കവിതയും കണ്ണികോർത്തുനോക്കിയാൽ എന്റെ ജീവിതത്തിന്റെ തന്നെ ഒരു വ്യംഗ്യവ്യാഖ്യാനമാണ്. അച്ഛനെപ്പറ്റിയും അമ്മയെപ്പറ്റിയും ഓപ്പോളെപ്പറ്റിയുമൊക്കെയുള്ളതാണ് എന്റെ കവിതകൾ. അനുഭവിച്ച ദാരിദ്ര്യദുഃഖങ്ങളെപ്പറ്റിയും അനുരാഗവിഹ്വലതകളെപ്പറ്റിയും ഗ്രഹണിപിടിച്ച കുട്ടിക്കാലത്തെപ്പറ്റിയും പിൽക്കാലദാമ്പത്യത്തിലെ കേറ്റിറക്കങ്ങളെപ്പറ്റിയുമൊക്കെയാണ് ഞാൻ കവിത എഴുതുന്നത്.

അതേസമയത്തുതന്നെ നക്ഷത്രങ്ങൾക്കും കൂണിനും കുടയ്ക്കും വിഴുപ്പിനും വെള്ളത്തുണിക്കും ഒക്കെ ഉള്ള ബിംബാത്മകമായ സ്ഥാനം കവിതയിൽ കിട്ടുമ്പോലെതന്നെ പ്രധാനമാണ് എന്റെ കൊടിയും. അയിത്തത്തിന്റെയും ജാതിപ്രഭാവത്തിന്റെയുമൊക്കെ മുമ്പിൽ 'ആരെടാ' എന്നു ചോദിച്ചാൽ 'ഞാനെടാ' എന്നു മറുപടി പറയാൻ എന്റെ ഗ്രാമത്തിലും ഒരു ചെങ്കൊടി ഉയർന്നു. അതിനെക്കുറിച്ചുള്ള സ്വപ്നങ്ങളും സ്വപ്നഭംഗങ്ങളും കൗമാരംതൊട്ട് ഓമനിച്ചിട്ടുണ്ട്. കൊടിമരമായും കൊടിക്കിനാക്കളായും പലതരത്തിലുള്ള അനുഭവരൂപങ്ങളിലൂടെ അത് കവിതയിൽ കടന്നുവന്നിട്ടുണ്ട്.

*താളബോധത്തോടുള്ള അഭിനിവേശത്തിന്റെ കാരണമെന്താണ്?*

താളബോധത്തെപ്പറ്റി അടുത്ത കാലത്ത് നിരൂപകർ

എത്തിയപ്പോഴാണ് എനിക്കുതന്നെ അത് ബോധ്യപ്പെടുന്നത്. ആകെക്കൂടി ഉണ്ടായിരുന്നത് ഒരു വടക്കൻപാട്ടിന്റെയും താരാട്ടുപാട്ടിന്റെയും കുട്ടിക്ക് ചോറുകൊടുക്കുമ്പോൾ ഉള്ള പാട്ടുകളുടെയുമൊക്കെ ഈണം മാത്രമാണ്. അക്ഷരംപോലുമറിയാത്ത എന്റെ അമ്മയ്ക്ക് കൈകൊട്ടിക്കളിപ്പാട്ട്, കുമ്മിയടി, വടക്കൻപാട്ട്, കഥകളിപ്പാട്ട് തുടങ്ങിയവയൊക്കെ വശമായിരുന്നു. അതൊക്കെ അബോധമായി എന്നെ സ്വാധീനിച്ചിട്ടുണ്ടാവാം.

*'എന്റെ ഉറുമ്പുകൾ', 'നാട്ടുവഴികൾ' തുടങ്ങിയ ചില കവിതകളിൽ താളബോധത്തിന് നാടൻശീലുകളുടെ രൂപമുണ്ടാവുന്നല്ലോ?*

കഥയെക്കാളും നോവലിനെക്കാളും ആത്മാവിന്റെ അർത്ഥം കൂടുതലുള്ളത് കവിതയ്ക്കാണ് (ആത്മാവിന്റെ അർത്ഥത്തെ ഞാൻ ആത്മാർത്ഥത എന്നു വിളിക്കുന്നു)'നാട്ടുവഴികൾ' ജീവിതത്തിൽനിന്നും വലിച്ചുചീന്തിയ ഒരേടുതന്നെയാണ്. ഇതിലെ കഥാപാത്രത്തിന് നാട്ടുവെളിച്ചം മാത്രമാണാകെയുള്ളത്. നിലാവില്ലാത്തപ്പോൾപോലും ആകാശത്തുനിന്നും ഈ നാട്ടുവെളിച്ചം അരിച്ചെത്തുന്നു. ഇത് നഗരത്തിലില്ല. നാട്ടുതനിമ ജന്മപരിതഃസ്ഥിതിയുമായി ബന്ധപ്പെട്ടതാണ്. കുട്ടിക്കാലത്ത് അറിഞ്ഞതും കേട്ടതും കണ്ടതും എല്ലാം സഞ്ചയിച്ചുണ്ടാവുന്ന യാഥാർത്ഥ്യങ്ങളാണ് ഉള്ളിൽ ഭാഷ ഉണ്ടാക്കുന്നത്. അതാണ് കാവ്യഭാഷ ആവുന്നതും.

ഒരു തിര്യക്പ്രത്യയശാസ്ത്രമോ സന്ധ്യപ്രത്യയശാസ്ത്രമോ ഉണ്ടാക്കുവാനല്ല ഞാൻ 'എന്റെ ഉറുമ്പുകൾ' എഴുതിയത്. പറയാനുള്ളതായ ഏതോ സങ്കടത്തിന്റെ കരുക്കളാണ് ഉറുമ്പുകളായി ജനിക്കുന്നത്.

ഉള്ളിൽ ഭാഷ ഉണ്ടായിട്ടുള്ളത് എഴുത്തായിട്ടല്ല, പറച്ചിലായിട്ടാണ്. പിന്നെയാണ് വാക്കുകളെ അറിയുന്നത്. നാട്ടുഭാഷയ്ക്ക് വ്യാകരണത്തകരാറില്ലെങ്കിലും പഠിച്ചു ശീലിക്കുന്ന കൃതികളിലെ വാക്കുകൾ നാം സംസാരിക്കുന്നു. കവിതയോട് താത്പര്യമുണ്ടാവുന്ന കാലത്ത് ഏതാണ് അവനവന്റെ വാക്ക്

എന്നന്വേഷിക്കുന്നു. ലിഖിത പ്രൗഢിക്ക് വഴിമാറിക്കൊടുക്കുമ്പോൾ, നാടൻമൊഴിപ്പറ്റ് നിലനിർത്താൻ കവി ബാധ്യസ്ഥനാണ്. കടമ്മനിട്ടയെയും കാവാലത്തെയും അത്ഭുതത്തോടെ നോക്കിക്കാണുന്ന ഒരു ബാലനാണ് ഞാനീക്കാര്യത്തിൽ.

*എൻ ഞരമ്പുകളിൽ കനത്ത ചങ്ങല*
*എനിക്കു ദാഹം ഞാൻ*
*എൻ ഹൃദയമെപ്പഴും അടഞ്ഞ മൺകിണർ*
*(നമുക്കിടയിൽ)*

*എന്നു പാടുവാൻ കാരണമെന്ത്?*

അവനവൻതന്നെയാണ് സകല മുന്നേറ്റങ്ങളുടെയും തടസ്സം എന്നൊരാശയമാണ് ആ വരികളിൽ കിട്ടേണ്ടത്. എല്ലാവർക്കുംവേണ്ടി ശുദ്ധജലം തുളുമ്പുന്ന ഒരു കിണറായിരിക്കുവാൻ മനുഷ്യന് കഴിയേണ്ടതാണ്. അതേസമയം അവൻ തന്നെ ദാഹമായിരിക്കുന്നു. അവന്റെ ഞരമ്പുകൾതന്നെയാണവന്റെ ചങ്ങല. അങ്ങനെയുള്ള സമൂഹത്തിൽ കുട്ടികൾ വഴക്കടിക്കുന്നത് മയിൽപ്പീലിക്ക് വേണ്ടിയല്ല. കാക്കയുടെ കറുത്ത തൂവലുകൾക്കുവേണ്ടിയാണ്.

*ഒരു പിടി വറ്റിനും ഒരു നല്ല വാക്കിനും പൊരുളറ്റുപോകുന്ന ഈ ദുരിതകാലത്തിൽ കവിത ഒരു നിഴൽ മാത്രമാണെന്നു കരുതുന്നതുകൊണ്ടാണോ 'നിഴലല്ലയോ കവിത' പിറന്നത്?*

കവിത ഒരു തലതിരിഞ്ഞ സ്വപ്നമാണ്. പക്ഷേ, അത് നമുക്ക് അപ്രതീക്ഷിതങ്ങളെക്കുറിച്ചും തൊട്ടടുത്ത വഴിയിലും അകലങ്ങളിലെ ഗഹനതകളിലുമൊക്കെ കുടികൊള്ളുന്ന അയാഥാർത്ഥ്യങ്ങളെക്കുറിച്ചുമൊക്കെ ഒരു ഉദ്വിഗ്നത പകരുന്നുണ്ട്. ഇങ്ങനെ നമ്മെ സദാ മഥിച്ചുകൊണ്ടിരിക്കുന്ന ഒരു ഊർജ്ജമാണ് കവിത. കവിത വസ്തുവുമാണ്, നിഴലുമാണ്, യാഥാർഥ്യവുമാണ്, സങ്കല്പവുമാണ്.

കവിത യഥാർത്ഥത്തിൽ വെളിച്ചമാണ്. വറ്റു തരുന്ന പാടങ്ങളും തുണിയുണ്ടാക്കുന്ന ഫാക്ടറികളും വാക്കുകൾ ഉണ്ടാവുന്ന മനുഷ്യബന്ധങ്ങളും ഒക്കെ പങ്കുചേർന്നുണ്ടാവുന്ന വെളിച്ചം. ഒരു കാലത്ത് അവയെല്ലാം കാവ്യവിഷയങ്ങളായിരുന്നു. ഇന്നത്

കാവ്യവിഷയങ്ങളല്ല എന്നും പറയുന്നവരുണ്ട്. കവിതകളെല്ലാം ഏതോ ദുരന്തവ്യഞ്ജകമായ മഹാസത്യങ്ങളുടെ നിഴലാണ് എന്നാണ് ഞാനിദ്ദേശിക്കുന്നത്.

ലാക്ഷണികമായി പറഞ്ഞാൽ മനോഹരമായ ഒരു പാരമ്പര്യത്തിന്റെ നിഴലാണ് കവിത. പാവക്കൂത്തുപോലെ കവിത ഒരു സത്യവുമാണ്. സത്യത്തിന്റെ നിഴലുമാണ്. നമ്മൾ അനുഭവിച്ചിട്ടുള്ള സത്യസൗന്ദര്യത്തിന്റെ നിഴൽ. 'താതരാമായണ'ത്തിൽ പച്ചകുത്തിയ രാമായണചിത്രങ്ങളും അവയുടെ പശ്ചാത്തലത്തിൽ ഒരു പാവക്കൂത്തുമുണ്ട്.

*ഖസാക്കിലെ രവിയെ 'സങ്കീർത്തന'ത്തിലൂടെ പുനഃസൃഷ്ടിനടത്തിയത് ചരിത്രത്തോടുള്ള കടമ നിറവേറ്റൽ എന്ന നിലയിലാണോ?*

ഖസാക്ക് എനിക്ക് അന്യമായ ഒരു ഗ്രാമമായി തോന്നിയിട്ടില്ല. ഒ.വി.വിജയനുമായി ഒന്നു രണ്ടു തവണ കണ്ടിട്ടുള്ള പരിചയമേ എനിക്കുള്ളു. ഖസാക്ക് ആദ്യം വായിക്കുമ്പോൾ ഞാൻ വിദ്യാർത്ഥിയാണ്. ഞാൻ ഖസാക്കിൽ വ്യാമുഗ്ദ്ധനാവുന്നത് രണ്ടു വർഷം മുമ്പ് മാത്രമാണ്. ഇപ്പോൾ ഖസാക്കിലെ ഓരോ ഇടവഴിയും പീടികയും കുടിലും പുല്ലും കുന്നും മനുഷ്യരും എന്റെ മനസ്സിൽ തളിർത്തുനിൽക്കുന്നു. ഖസാക്കിലെ കുട്ടികളും സസ്യലതാദികളും മണ്ണും നമ്മെ പിടിച്ചുവച്ചിരിക്കുന്നതുപോലെ, ഒരു ജൈവമാസ്മരികതയായി അനുഭവപ്പെടുന്നു.

സ്വപ്നങ്ങളുടെ ഒരു പ്രവാഹമാണ് ഖസാക്ക്. വിജയൻ തന്ന കുറെ 'സ്പേസ്' ഞാൻ പൂരിപ്പിക്കാൻ ശ്രമിച്ചു. എനിക്കത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 'വിപ്ലവകാരിയും കവിയും ഋഷിയും ദൈവവും എല്ലാം ഒന്നിക്കുന്ന കൃതിയാണ് ഖസാക്ക്.' രവിയുടെ നിഴൽ ഓരോരുത്തരിലുമുണ്ട്. ആ നിഴലിന്റെ വഴിയേ ആണോ നാം പോവേണ്ടതെന്നത് പ്രശ്നമാണ്.

*ഖസാക്കിന്റെ കാലഘട്ടം അവസാനിച്ചതോടെ അതിന്റെ പ്രസക്തിയും നഷ്ടപ്പെട്ടുവെന്ന് ചിലർ അഭിപ്രായപ്പെടുന്നുവല്ലോ?*

ഈ ഭൂമിയിൽ സ്വപ്നമുള്ള കാലത്തോളം യുവത്വവും മനുഷ്യന്റെ പ്രാക്തനനന്മകളും പ്രസരിക്കുന്നിടത്തോളം ഖസാക്കിന് ഒരു തകരാറും സംഭവിക്കില്ല. രവി മാത്രമല്ല, ഖസാക്കിന്റെ അനുഭവപ്രപഞ്ചം.

*'ഇരിക്കപ്പിണ്ഡം' വൈകാരികമായ തലത്തിലാണോ വൈചാരികമായ തലത്തിലാമോ കൂടുതൽ സംവേദനക്ഷമമാകുന്നത്?*

എന്റെ ഗുരുസങ്കല്പമാണോ കവിത. നമുക്ക് ഭാരതീയമായ ഒരു സങ്കല്പമുണ്ട്. ആ സങ്കല്പത്തെ തോറ്റിഉണർത്താനായി എഴുതിയതല്ല. എഴുതിവന്നപ്പോൾ അമ്മാതിരി ശാന്തവും ഗൗരവവുമായ ഒരു സാത്വികത ഗുരുവിൽ ഉണ്ടായി.

ഒരാൾ ജീവിച്ചിരിക്കുമ്പോൾ തന്നെ ആ വ്യക്തിയുടെ പേരിൽ പിണ്ഡം വയ്ക്കുന്നതിനെയാണ് ഇരിക്കപ്പിണ്ഡം എന്നു പറയുന്നത്. ഈ കവിതയിലെ ഗുരുവിന് അങ്ങനെയൊരവസ്ഥയാണുള്ളത്.

അയിത്തക്കാരനായ ശിഷ്യന് ഗുരുവിനെക്കുറിച്ച് ഏറെ ചിത്രങ്ങളുണ്ട്. ഈ കവിതയിൽ ബുദ്ധിപരതയല്ല, വൈകാരികമായ സ്വത്വാത്മകതയാണുള്ളത്.

*സമകാലസംഭവങ്ങൾക്ക് മിത്തിന്റെ പരിവേഷം നൽകുന്ന ഉത്തരാധുനികതയുടെ സമ്പ്രദായം 'കുലപതി'യിൽ കാണുന്നല്ലോ?*

'കുലപതി'യിൽ പുരാവൃത്തമുണ്ടെങ്കിലും പുരാണകഥയില്ല. നമ്മുടെ നാടുവാഴിത്തസമ്പ്രദായത്തിലെ ഒരു തറവാട്ടിലെ കാരണവരുടെ രൂപമാണത്. കേരളീയ ജീവിതത്തിലെതന്നെ ഒരു പ്രത്യേക കാലഘട്ടത്തിലെ ഒരു സംഭവത്തെ ഒരു മിത്താക്കിക്കൊണ്ടുവരികയാണ്.

ഇന്നുസംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ദുരിതത്തിനു കാരണമായ സാഹചര്യമുൾപ്പെടുന്ന വ്യവസ്ഥയെ നമുക്ക് ഉചിതമായ ഒരു പുരാവൃത്തമായി അവതരിപ്പിക്കാം. അതിനു പാകത്തിലുള്ള പുരാവൃത്തം നാം കണ്ടെത്തുകയോ ഉണ്ടാക്കുകയോ വേണം.

*മിത്തിന്റെ സൃഷ്ടിയും പുനഃസൃഷ്ടിയും എങ്ങനെയാണ്*

*വ്യത്യസ്തപ്പെട്ടിരിക്കുന്നത്?*

ഒരു മിത്ത് സൃഷ്ടിക്കുക എന്നത് കവികല്പിതമാണ്. സമകാലികമായി വ്യക്തിഗതമോ സാമൂഹികമോ ആയ ഒരു മനുഷ്യാവസ്ഥയെ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടിയാണ് മിത്ത് സൃഷ്ടിക്കുന്നത്. സൃഷ്ടിക്കപ്പെട്ട മിത്തിലും യാഥാർത്ഥ്യവുമായുള്ള പൊരുത്തം തോന്നണം.

പുനഃസൃഷ്ടിക്കപ്പെട്ട മിത്ത് 'ഉള്ളതാ'ണ്. ഒരു പുരാവൃത്തത്തിലോ പുരാവൃത്തത്തിന്റെ അംശത്തിലോ ആണ് നാം വെച്ചുമാറ്റം നടത്തുന്നത്. മിത്ത് ചിലപ്പോൾ ഒരു കാലത്തിന്റെതന്നെ ബിംബമായിവരും.

*കവിതയുടെ ശരീരഘടനയിൽ പദചിത്രങ്ങൾ കൊത്തുന്ന സമീപനത്തിന്റെ ലക്ഷ്യമെന്താണ്?*

നേരെ പറയുമ്പോഴും വസ്തുവിനെയും വസ്തുക്കളെയും അവതരിപ്പിക്കുവാൻ കഴിയുന്നു. അതാണ് ഭാഷയുടെ ധർമവും. നേരെചൊവ്വെ പറയുമ്പോൾ തന്നെ ഒരു സ്ഫോടനത്തിനായിട്ട് സ്വന്ത ഊർജം സംഭരിച്ച് ചില പദപ്രയോഗങ്ങൾ ചില കവികൾ സാധിക്കാറുണ്ട്. കവിത മുഴുവൻ ഒരു മറുഭാഷ ആക്കാനും ചിലർ ശ്രമിക്കുന്നു. അവനവന്റെ സൗന്ദര്യബോധത്തിനും സത്യസാക്ഷാത്കാരത്തിനും സ്വന്തവും രഹസ്യവുമായ ഒരു രചനാമണ്ഡലമുണ്ട്. മാന്ത്രികതയുടെ നിശ്ശബ്ദതയോ മുദ്രാവാക്യത്തിന്റെ മുഴക്കമോ അവിടെനിന്നുണ്ടാവാം. കവിത ഇതു രണ്ടും കലർന്നതാണ്.

*മലയാളത്തിൽ അത്യധികം കൊണ്ടാടപ്പെടുന്ന അംഗീകൃത കവിതകളുടെ അനുഭവക്രമത്തിൽനിന്നും വഴിപിരിഞ്ഞു നിൽക്കുന്നതെന്തുകൊണ്ട്?*

എന്നെപ്പോലെതന്നെയാണ് എന്റെ കവിതയും. ഞാൻ കവിതയെപ്പോലെയല്ല. വ്യത്യസ്തത എന്റെ ഉള്ളിൽ താല്പര്യമായി ഉണ്ട്. അതിനു സാധിക്കുന്നുണ്ടോ എന്നെനിക്കറിയില്ല. ശീലിക്കലിന്റെ ഒരു പാലിക്കലാണ് വ്യത്യസ്തത. പൊതുധാരയിലുള്ള ജനപ്രിയരീതികളിൽ എഴുതിനിറയുവാൻ താല്പര്യമില്ല.

ചൊല്ലിനിറയുവാൻ ശീലവുമില്ല. ചൊല്ലി നിറയുന്ന കവിതകളോട് താല്പര്യക്കുറവുമില്ല. ചെറുകാട് പറഞ്ഞതുപോലെ എന്റെ മുറ്റത്തെ മുരിങ്ങച്ചോട്ടിലിരുന്നാണ് ഞാൻ നക്ഷത്രം നോക്കുന്നത്.

ഏത് സാഹിത്യരൂപത്തിനും സാമാന്യമായ ഒരനുഭവക്രമമുണ്ട്. പക്ഷേ, സാഹിത്യത്തിന്റെ ബീജം കവിതയാണ്. എന്റെ വിത്തും എന്റെ വിതയും എന്റെ നിലത്തിന്റെ സജ്ജീകരണങ്ങളും വ്യതിരിക്തമായിരിക്കാം. പക്ഷേ, ഈ വ്യതിരിക്തമായ കൃഷിയിൽനിന്നുളവാക്കുന്നതും അന്നമാണ്. ആത്മാവിന്റെ വാക്കാണ്.

*'കൃഷ്ണപക്ഷ'ത്തിൽനിന്നും 'താതരാമായണ'ത്തിലേക്കുള്ള നീണ്ട യാത്രയെക്കുറിച്ച്?*

പട്ടാമ്പി സംസ്കൃതകോളേജിൽ എം.എ.യ്ക്ക് പഠിക്കുമ്പോഴാണ് 'കൃഷ്ണപക്ഷം' എഴുതുന്നത്. അന്നെന്നെ പരിശീലിപ്പിച്ചത് ആറ്റൂർ രവിവർമ്മയാണ്. കൃഷ്ണപക്ഷം ഗൗരവത്തോടെ കണ്ടത് നരേന്ദ്രപ്രസാദാണ്. കൃഷ്ണപക്ഷത്തിന്റെ ധ്വനികൾ ഇപ്പോഴത്തെ എന്റെ കവിതകളിൽപോലും കടന്നുവരാറുണ്ട്.

ഏറെ നാദങ്ങൾ നമുക്കുണ്ട്. അതെല്ലാം ഇക്കാലത്തിന്റേതാവണമെന്നില്ല. യൗവനത്തിന്റെ താല്പര്യങ്ങൾ മൂഢത്വങ്ങൾ - ഒക്കെ നമുക്കെന്നും പ്രിയപ്പെട്ടതാവും. 'കൃഷ്ണപക്ഷം' എന്റെ യൗവനത്തിന്റെ സാക്ഷ്യപത്രമാണ്.

'വിട്ടുപോയ വാക്കുക'ളായപ്പോൾ എന്റെ ജീവിതവീക്ഷണത്തിൽ ഏറെ മാറ്റങ്ങൾ വന്നു. രാഷ്ട്രീയപരമായ നിലപാടുതറയും വ്യക്തിജീവിതത്തിന്റെ പ്രശ്നങ്ങളും അതിലുണ്ട്. എന്നെ സംതൃപ്തനാക്കിയ കവിത ഒരു 'പൊന്നാനിക്കാരൻ' ആണ്. ആകെക്കൂടി ഒരു തിരിച്ചറിവു വെളിപ്പെടുത്തുന്ന സമാഹാരമാണ് 'വിട്ടുപോയ വാക്കുകൾ.' ഈ തിരിച്ചറിവ് കലുഷമായതിന്റെ ലക്ഷണമാണ് 'താതരാമായണം' എന്നെനിക്കു തോന്നുന്നു.